
Vol. 1 Issue 9
November 2013
Price Rs.15.00

കേരളകത്തോലിക്കാ സഭാനവീകരണപ്രസ്ഥാനം ഒരുക്കുന്ന സ്വതന്ത്രചർച്ചാവേദി

സത്യജ്വാല

മാസിക



കവർസ്റ്റോറി

മതനവീകരണവും മതരാഷ്ട്രീയവും

അരുവിത്തുറയിൽ മതവും രാഷ്ട്രീയവും കൈകോർത്തപ്പോൾ

അൽമായശബ്ദം ബ്ലോഗ്: www.almayasabdam.blogspot.com

സത്യജ്വാല മാസിക

കേരളകത്തോലിക്കാ സഭാനവീകരണപ്രസ്ഥാനം (KCRM) ഒരുക്കുന്ന സ്വതന്ത്ര ചർച്ചാവേദി

നവംബർ 2013 | പുസ്തകം 1 | ലക്കം 9

എഡിറ്റർ
ജോർജ് മൂലേച്ചാലിൽ
വള്ളിച്ചിറ പി.ഒ. കോട്ടയം-686574
ഫോൺ: 9497088904
e- mail: geomoole@gmail.com

വരിസംഖ്യ അയയ്ക്കേണ്ട വിലാസം:
സി.വി.സെബാസ്റ്റ്യൻ മ്ലാട്ടുശ്ശേരിൽ
സർക്കുലേഷൻ മാനേജർ, 'സത്യജ്വാല'
ആർപ്പൂക്കര ഈസ്റ്റ് പി.ഒ., കോട്ടയം- 686008
ഫോൺ: 9496128188

ബാങ്ക് : S B T, Pala Branch
A/c No. 67117548175
A/c Name: Kerala Catholic Church Reformation Movement
IFSC Code: SBTR0000120

അൽമായശബ്ദം ബ്ലോഗ്: www.almayasabdam.blogspot.com

ഈ ലക്കത്തിൽ

മതനവീകരണം ഓരോ മനുഷ്യന്റെയും മുഴുവൻ ലോകത്തിന്റെയും ആവശ്യം
മുഖക്കുറി 3

അരുവിത്തുറയിൽ മതവും രാഷ്ട്രീയവും കൈകോർത്തപ്പോൾ....
(കവർസ്റ്റോറി) ഇപ്പൻ 7

നിരോധിക്കപ്പെട്ട ബോണ്ട് സമ്പ്രദായം എം.സി.ബി.എസ്. വൈദികൻ അടിച്ചേൽപ്പിക്കുന്നു 11

ഇന്ദുലേഖയുടെ പത്രപ്രസ്താവന
(കവർസ്റ്റോറി) 12

പി.സി.ജോർജും മകനും വേട്ടയാടുന്നുവെന്ന് ഇന്ദുലേഖയും കുടുംബവും
(കവർസ്റ്റോറി) 14

ഫാ. കാപ്പൻ അനുസ്മരണം 15

ചൊറിയിച്ചറിയിക്കണം – പ്രതികരണങ്ങൾ 16

വരുന്നു, സി.പി.ഐ.(എം)വക ക്രൈസ്തവന പള്ളികൾ! 19

ഞെട്ടിക്കുന്ന മാർപ്പാപ്പാ 20

KCRM-ന് വീണ്ടും അഭിമാനനിമിഷങ്ങൾ! 22

പുരോഹിതശാപത്തെ ഭയക്കേണ്ടതില്ല
ഫാ. ഡേവിസ് കാച്ചപ്പിള്ളി 23

ചരിത്രമേ, കോരിത്തരിക്കൂ
ഇപ്പൻ 24

'പ്രൊഫ. ടി.ജെ.ജോസഫ് കുറ്റമൊന്നും ചെയ്തില്ല' – കോടതി 25

'സഭാവഴക്കിൽ കോടതി ഇടപെടുന്നതല്ല' – ഹൈക്കോടതി – സാമുവൽ കൂടൽ 26

എന്റെ സ്വപ്നത്തിൽ വന്ന യേശു
ജോസാന്റണി 27

വി.ബെനഡിക്ട് ഓണംകുളം!
റവ.ഡോ.ജെ.ഔസേപ്പറമ്പിൽ 28

'മോൺസിഞ്ഞോർ' അപ്രത്യക്ഷമായി!
ഡോ. മൈക്കിൾ പുത്തൻതറ 30

ഫാ. ഡേവീസ് കാച്ചപ്പള്ളി ചോദിക്കുന്നു: "പാലാരൂപതയിൽ നീതിബോധവും ധൈര്യവുമുള്ള ഒരു വൈദികനുമില്ലേ?" 30

കാനോൻ നിയമത്തിന്റെ മറവിൽ പുതിയ അട്ടിമറി
ഫാ. ഡേവിസ് കാച്ചപ്പള്ളി 31

കേരള ബിഷപ്പുമാർക്ക് മാർപ്പാപ്പായുടെ താക്കീത്
സിജി സുനിൽകുമാർ 33

കണ്ണിൽച്ചോരയില്ലാത്ത പാപ്പാ
അലക്സ് കണിയാംപറമ്പിൽ 34

സത്യജ്വാല മാസിക

വരിസംഖ്യ	ഇൻഡ്യയിൽ	വിദേശത്ത്
ഒറ്റപ്രതി	15 രൂപാ	70 രൂപാ
ഒരു വർഷം	150 രൂപാ	750 രൂപാ
5 വർഷം	600 രൂപാ	3000 രൂപാ



7 അരുവിത്തുറയിൽ മതവും രാഷ്ട്രീയവും കൈകോർത്തപ്പോൾ....



19



20



33

[പേരുവയ്ക്കാത്ത രചനകൾ എഡിറ്ററുടേത്] [രചനകളിലെ അഭിപ്രായങ്ങൾ അതാത് രചയിതാക്കളുടേത്]

കവർചിത്രം: ഇപ്പന്റെ, മതരാഷ്ട്രീയാതിക്രമത്തിന് ഇരയായ 'ഗുരുകുലം' എന്ന കെട്ടിടം

"സാത്താന്റെ കുടിലതന്ത്രങ്ങളെ എതിർത്തുനിൽക്കാൻ ദൈവത്തിന്റെ എല്ലാ ആയുധങ്ങളും ധരിക്കുവിൻ. എന്തെന്നാൽ, നമ്മൾ മാംസത്തിനും രക്തത്തിനും എതിരായിട്ടല്ല, പ്രഭുത്വങ്ങൾക്കും ആധിപത്യങ്ങൾക്കും ഈ അന്ധകാരലോകത്തിന്റെ അധിപൻമാർക്കും സ്വർഗീയ ഇടങ്ങളിൽ വർത്തിക്കുന്ന തിന്മയുടെ ദുരാത്മാക്കൾക്കു മെതിരായിട്ടാണു പടവെട്ടുന്നത്. അതിനാൽ, ദൈവത്തിന്റെ എല്ലാ ആയുധങ്ങളും ധരിക്കുവിൻ" (എഫേ. 6: 11-12).

നവംബർ 2013 പുസ്തകം 1 : ലക്കം 9

സത്യജ്വാല

മുഖക്കുറി

മതനവീകരണം ഓരോ മനുഷ്യന്റെയും മുഴുവൻ ലോകത്തിന്റെയും ആവശ്യം

സഭാനവീകരണം ലക്ഷ്യം വച്ചു പ്രവർത്തിക്കുന്നവരെ പരിഹാസത്തോടെ വീക്ഷിക്കുന്നവരാണിന്ന് ഏറെയും. അവരിൽ സാധാരണക്കാരായ പള്ളിഭക്തർ മാത്രമല്ല, ഉന്നതവിദ്യാഭ്യാസം നേടിയവരും പൊതുപ്രവർത്തകരും അദ്ധ്യാപകരും എഴുത്തുകാരും, ബുദ്ധിജീവികൾ എന്നറിയപ്പെടുന്ന എല്ലാ വിഭാഗവും ഉൾപ്പെടുന്നു. എന്തിന്, ഏതാണ്ട് സഭാനവീകരണപ്രവർത്തകരെപ്പോലെതന്നെ പരിഹാസവും അവഗണനയും സഹിച്ച്, പരിസ്ഥിതി സംരക്ഷണത്തിനും മനുഷ്യാവകാശങ്ങൾക്കും നീതിക്കും വിമോചനത്തിനും ഒക്കെവേണ്ടി പ്രവർത്തിക്കുകയും, എല്ലാ വ്യവസ്ഥാപിതസങ്കൽപ്പങ്ങൾക്കുമെതിരെ ബദൽ കാഴ്ചപ്പാടുകൾ തിരയുകയും ചെയ്യുന്ന ജനകീയ പ്രതിരോധപ്രസ്ഥാനങ്ങളിലുള്ളവർക്കുപോലും, സഭാനവീകരണമെന്നു കേൾക്കുമ്പോൾ പുച്ഛഭാവമാണ്. 'അച്ചന്മാരെയും മെത്രാന്മാരെയും നന്നാക്കാൻ നടക്കുന്ന വട്ടന്മാർ' എന്നാണവരുടെയും പൊതുവിലയിരുത്തൽ. 'അവരെ നന്നാക്കിയിട്ടെന്തു കാര്യ'മെന്നും, 'അതസാദ്ധ്യമാണെന്നറിഞ്ഞുകൂടേ'യെന്നും, 'അവരോട് ഒരകലം പാലിച്ചുനിന്നാൽ പോരേ' എന്നുമൊക്കെ അവർ അടിച്ചിരുത്തി ചോദിക്കും. 'അതല്ല' എന്നു വിശദീകരിക്കാൻ നോക്കിയാൽ ആരുമൊന്നു നിന്നുതരികയുമില്ല. വേറൊരു കൂട്ടരുടെ വാദം, 'സഭാനേതൃത്വത്തെ വിമർശിക്കാനും തിരുത്താനും നിങ്ങളാരും യേശുവിനെപ്പോലെ പൂർണ്ണരല്ലല്ലോ' എന്നതാണ്. ചുരുക്കത്തിൽ, യാഥാസ്ഥിതികഭക്തർതൊട്ട്, ഏറ്റവും പുരോഗമനക്കാർവരെയുള്ളവർ പൊതുവേ, സഭാനവീകരണ-മതനവീകരണപ്രവർത്തനങ്ങളെ വിലകുറച്ചു കാണുന്നവരും അടിച്ചിരുത്താൻ നോക്കുന്നവരുമാണ്.

ഇതിനു പ്രധാന കാരണം, മനുഷ്യർ കാലുറപ്പിച്ചുനിൽക്കുന്ന ആദ്യപ്രതലം ഏതെന്നതിനെക്കുറിച്ച് സൂക്ഷ്മമായ അറിവ് പൊതുവെ ഇല്ലാത്തതാണെന്നു തോന്നുന്നു. ലോകത്തിലെല്ലാവരുംതന്നെ പിറന്നുവീഴുന്നത് ഏതെങ്കിലുമൊരു മതസമൂഹത്തിലാണ്. ഇന്നത്തെ അവസ്ഥയിൽ, മരണംവരെ ആ സമൂഹത്തിന്റെ ഭാഗമായേ മനുഷ്യനു ജീവിക്കാനുമാകൂ. എന്തായാലും, മുലപ്പാലിനൊപ്പം അവനെ രൂപപ്പെടുത്തുന്നതിൽ പ്രഥമസ്ഥാനം വഹിക്കുന്നത്, അവൻ അംഗമായിരിക്കുന്ന സമുദായത്തിന്റെ മതചിന്തകളും അനുശാസനങ്ങളുമാണ്.അതിനെയൊക്കെ തിരസ്കരിച്ചു മുന്നോട്ടുപോകാൻ ചിലർക്കൊക്കെ പിന്നീടു കഴിഞ്ഞെന്നുവരാം. എങ്കിൽപ്പോലും, ശൈശവ-കൗമാരകാല മതാനുശീലനങ്ങളുടെ തായ്‌വേരുകൾ അവരുടെയൊക്കെ വ്യക്തിത്വത്തെയും സംസ്കാരത്തെയും സൂക്ഷ്മമായി സ്വാധീനിച്ചുകൊണ്ട് ആയുഷ്കാലം മുഴുവൻ നിലനിൽക്കുമെന്നതാണു യാഥാർത്ഥ്യം. പുരോഹിതശാപത്തെയും ദൈവകോപത്തെയുംകുറിച്ചുള്ള ഭീതിയും, മതസംബന്ധിയായ സകലതിനും മുമ്പിൽ കൈകൂപ്പാൻ, അവയ്ക്കുണ്ടെന്നു തോന്നിക്കുന്ന ദൈവിക പരിവേഷവുമെല്ലാം ഇതിനുദാഹരണങ്ങളാണ്. ഇതുകൊണ്ടെല്ലാം സംഭവിക്കുന്നത്, സ്വന്തം മതസമുദായകാര്യങ്ങളെ യുക്തിബോധത്തോടെയോ വിമർശനാത്മകമായോ നോക്കിക്കാണാനോ, മത

വിരുദ്ധമെന്നു പ്രകടമായിത്തന്നെ അറിയാവുന്ന കാര്യങ്ങളിൽപ്പോലും തിരുത്തലുകൾ വരുത്താനോ മനുഷ്യർക്കു കഴിയാതെപോകുന്നു എന്നതാണ്. തന്മൂലം, ഓരോ തലമുറ കഴിയുന്തോറും, ഒരു ദൂഷിതവലയത്തിലകപ്പെട്ടിട്ടെന്നതുപോലെ, വ്യക്തിത്വത്തിലും സാമൂഹികതലത്തിലുമുള്ള മനുഷ്യന്റെ സാംസ്കാരികവളർച്ച മുരടിക്കുന്നു. ഇപ്രകാരമൊരു വളർച്ചാമുരടിപ്പുണ്ടായതാണ്, പുരോഹിതന്റെ വിരൽചലനത്തിനനുസരിച്ചു ചലിക്കുകയും ജീവിക്കുകയും ചെയ്യുന്ന ഒരു യാന്ത്രിക ആൾക്കൂട്ടസമൂഹമായി കേരളകത്തോലിക്കാസമുദായം മാറിയതിനു കാരണമെന്നു പറയാം.

അങ്ങനെ പുരോഹിതവായ്ക്ക് എതിർവാ ഉയരാത്ത ഒരു ജനതയായി ക്രൈസ്തവസമൂഹം മാറിയതുകൊണ്ടാണ്, എന്തായിരുന്നു ജോസഫ് മുണ്ടശ്ശേരിയുടെ വിദ്യാഭ്യാസബില്ലിന്റെ ഉള്ളടക്കം എന്നറിയാൻപോലും ശ്രമിക്കാതെ, അതിനെതിരെ അന്ധമായ ഒരു ആൾക്കൂട്ടപ്പടയായി മാറി, സഭയ്ക്കു രക്തസാക്ഷികളെ സൃഷ്ടിച്ചുകൊടുക്കേണ്ട ദുർവിധി ഈ സമുദായത്തിനുണ്ടായത്. (കമ്യൂണിസ്റ്റുകാർ കൊണ്ടുപോകുമെന്നു ഭയപ്പെടുത്തി, സമുദായംവക വിദ്യാഭ്യാസസ്ഥാപനങ്ങളെല്ലാം മെത്രാന്മാർ കൈവശപ്പെടുത്തുന്നത് നോക്കിനിൽക്കേണ്ട ഗതികേടും ഈ സമുദായത്തിനുണ്ടായി!) അതേ സ്ഥിതിഇന്നും തുടരുന്നതുകൊണ്ടാണ്, പശ്ചിമഘട്ടസംരക്ഷണവുമായി ബന്ധപ്പെട്ടുള്ള ഗാഡ്ഗിൽ കമ്മിറ്റി ശിപാർശകൾ എന്തെന്നും എന്തിനെന്നും മനസ്സിലാക്കാൻ അശ്ലേഷം ശ്രമിക്കാതെ, ജനങ്ങളിൽ ഭീതിയും തെറ്റിദ്ധാരണകളും സൃഷ്ടിച്ചും ഇടയലേഖനങ്ങളിറക്കിയുമുള്ള സഭാമേലദ്ധ്യക്ഷന്മാരുടെ ഗോഗ്വാവിളികൾ കേട്ട്, ആത്മഹത്യാപരമായ ഒരു പ്രക്ഷോഭത്തിലേക്ക് ക്രൈസ്തവസമുദായം ഇപ്പോൾ ചാടിയിറങ്ങാനൊരുങ്ങുന്നതും. സമുദായത്തിന്റെ ഈ മൃതാവസ്ഥ മാറ്റിയെടുക്കേണ്ടതുണ്ട്. സഭാനവീകരണം പ്രഥമമായി ലക്ഷ്യം വയ്ക്കുന്നത് അതാണ്.

അതുകൊണ്ട്, സഭാനവീകരണപ്രവർത്തനമെന്നാൽ, അച്ചനെയും മെത്രാനെയും നന്നാക്കാൻ ലക്ഷ്യമിട്ടുള്ള ഒന്നാണെന്ന വിലയിരുത്തൽതന്നെ തെറ്റാണ്. മറിച്ച്, ഏതു മതനവീകരണപ്രവർത്തനവും അതുൾക്കൊള്ളുന്ന മതസമൂഹത്തിന്റെ സംസ്കാരത്തെ സജീവമായും ആരോഗ്യത്തോടെയും നിലനിർത്താനും വളർത്താനും ലക്ഷ്യമിട്ടുള്ളതാണ്. ക്രൈസ്തവസഭകളുടെ നവീകരണമെന്നാൽ, യേശു മുന്നോട്ടുവച്ച സ്നേഹത്തിന്റേതായ മതദർശനത്തെ ജീവിതമാക്കിമാറ്റാനുള്ള ഉപകരണമാക്കി സഭാസംവിധാനത്തെ മാറ്റിത്തീർക്കുക എന്നതാണ്; ആത്യന്തികമായി, സ്നേഹത്തിന്റെ സ്വർണ്ണനൂലുകളാൽ പരസ്പരം ബന്ധിതരായുള്ള ഒരു ലോകമഹാകുടുംബം- ദൈവരാജ്യം- ഈ ഭൂമിയിൽ സാക്ഷാത്കരിക്കുക എന്നതാണ്; മാനുഷികമൂല്യങ്ങളിൽ അധിഷ്ഠിതമായ ഒരു പുതിയ ലോകം സൃഷ്ടിച്ചെടുക്കുക എന്നതാണ്.

അതാണു മാനദണ്ഡം. അതുകൊണ്ട്, ആദിമസഭ തുടക്കമിട്ട, മനുഷ്യർ 'സോദരത്വേന വാഴുന്ന' ആ മാതൃകാലോകത്തിന്റെ, കൂട്ടായ്മാസമൂഹവ്യവസ്ഥയുടെ, കെട്ടുപണിക്ക് ഇന്നത്തെ സഭ എത്രമാത്രം സഹായകമാണ്, അല്ലെങ്കിൽ തടസ്സമാണ് എന്നതിന്റെ അടിസ്ഥാനത്തിലാണ് നവീകരണപ്രവർത്തകർ സഭാനേതൃത്വത്തെ പിന്തുണയ്ക്കുകയോ വിമർശിക്കുകയോ ചെയ്യുന്നത്. ഇന്നിപ്പോൾ ഫ്രാൻസീസ് മാർപ്പാപ്പായെ അവർ പിന്തുണയ്ക്കുന്നത്. യേശു കടമപ്പെടുത്തിയ ഈ ദൗത്യനിർവ്വഹണത്തിന് അദ്ദേഹം ധീരമായി മുൻകൈ എടുക്കുന്നു എന്നു കാണുന്നതുകൊണ്ടാണ്; ഒന്നാമനെങ്കിലും അവസാനക്കാരനെപ്പോലെ, സ്നേഹത്തിന്റെയും സേവനത്തിന്റെയും അരൂപിയിലേക്ക് മനുഷ്യരെയും സഭാസംവിധാനത്തെയും പരിവർത്തിപ്പിക്കാൻ അദ്ദേഹം കഠിനശ്രമം നടത്തുന്നതുകൊണ്ടാണ്.

സഭയിൽ ഒരു മാറ്റവും നടക്കാൻ പോകുന്നില്ല എന്ന മുൻവിധിയിൽ അടയിരിക്കുന്ന വിശ്വാസികൾ വളരെയാണ്. നടക്കാത്ത കാര്യത്തിനുവേണ്ടി സമയം കളഞ്ഞ് മണ്ടനാകാനില്ല എന്നാണവരുടെ നിലപാട്- 'നിങ്ങളൊക്കെ മണ്ടന്മാർ' എന്നു വ്യംഗ്യം.

ഒരു കാര്യം ആവശ്യമെന്നു കാണുകയും, അതു നടക്കുമെന്നു റപ്പില്ലാത്തതിനാൽ അതിനുവേണ്ടി ഒന്നും ചെയ്യാതിരിക്കുകയും ചെയ്യുന്നതിനെപ്പറ്റി എന്താണു പറയേണ്ടത്! മാറ്റം ആവശ്യമെന്നു തോന്നുന്നവരെ സംബന്ധിച്ച്, ഫലമുണ്ടാകുമോ എന്നു നോക്കാതെതന്നെ കഴിയുന്നതുപോലെ പ്രവർത്തിക്കുകയെന്നതേ കരണീയമായുള്ളൂ.

അപമാനങ്ങൾ സഹിച്ചും പീഡനങ്ങൾ ഏറ്റുവാങ്ങിയും സത്യത്തിനു സാക്ഷ്യംവഹിക്കാൻ പോരുന്ന പൗരുഷമാണ് തന്റെ ശിഷ്യരിൽനിന്നും യേശു ആവശ്യപ്പെടുന്നത്. "മനുഷ്യപുത്രൻനിമിത്തം മനുഷ്യർ നിങ്ങളെ വെറുക്കുകയും ഒഴിവാക്കുകയും നിന്ദിക്കുകയും ചെയ്യുമ്പോൾ... സന്തോഷംകൊണ്ടു തുള്ളിച്ചാടുക" (ലൂക്കാ. 6:22-23) എന്ന യേശുവചസ്സിന്റെ അർത്ഥമതാണ്. അതിനു തയ്യാറാകുന്നവരെ പരിസഹിക്കുന്നവർ, അതിലൂടെ യേശുവിനെയാണ് പരിഹസിക്കുന്നതെന്നോർക്കുക. അവരുടെ മറിച്ചുള്ള വാദഗതികളൊക്കെ, സ്വന്തം അലസതയെയും നിഷ്ക്രിയത്വത്തെയും ഭീരുത്വത്തെയും ആദർശവൽക്കരിച്ചു മൂടിവയ്ക്കാനുദ്ദേശിച്ചുള്ളവയാണ് എന്നേ പറയാനാകൂ.

മറ്റൊന്ന്, നവീകരണപ്രവർത്തനങ്ങൾകൊണ്ട് സഭയിൽ മാറ്റമൊന്നും സംഭവിക്കുന്നില്ലെന്നു കരുതുന്നത് ശരിയല്ല എന്നതാണ്. ഏതൊരു നവീകരണമുന്നേറ്റത്തിനും ആത്യന്തികമായ ഒരു ലക്ഷ്യവും, അതോടൊപ്പം അതിലേക്കടുപ്പിക്കുന്ന താല്ക്കാലികലക്ഷ്യങ്ങളുമുണ്ടാകും.

സമീപകാലത്തെ സഭാനവീകരണപ്രവർത്തനങ്ങൾകൊണ്ടുതന്നെ, വിശ്വാസിസമൂഹത്തിന് ആശ്വാസകരമായ എന്തെല്ലാം മാറ്റങ്ങൾ സംഭവിച്ചുകഴിഞ്ഞു! കെ.സി.ആർ.എം-ജെ.സി.സി. കൂട്ടുകെട്ട് മാനത്തൂർ ഇടവകയിലെ കല്ലുവെട്ടത്തിൽ കുട്ടപ്പന് സഭാപരമായ മരിച്ചടക്കു നിഷേധിച്ചതിനെതിരെയും, കാഞ്ഞിരപ്പള്ളിയിൽ മോണിക്കാ തോമസിന്റെ ഭൂമി വഞ്ചിച്ചെടുത്തതിനെതിരെയും, പാലായിലും കാഞ്ഞിരപ്പള്ളിയിലും ചങ്ങനാശ്ശേരിയിലും നടത്തിയ പ്രതിഷേധയോഗങ്ങളും പ്രകടനങ്ങളും വിശ്വാസിസമൂഹത്തിനുണ്ടാക്കിയ ആത്മവിശ്വാസത്തെ ആർക്കും ചെറുതാക്കിക്കാണാനാവില്ല. മാനത്തൂരിൽ പ്രതിഷേധയോഗത്തിനു തൊട്ടടുത്ത ദിവസംതന്നെ വികാരിയെ മാറ്റിയതിനും, കുട്ടപ്പന്റെ കുടുംബം കേസിനു പോകാതിരിക്കാനായി അവർക്കു വീടുവച്ചുകൊടുത്തതിനും പള്ളിയിലും കല്ലറയിലും വീട്ടിലും മരണാനന്തരചടങ്ങുകൾ നടത്തിക്കൊടുത്തതിനുമൊക്കെ കാരണം, ഈ കെ.സി.ആർ.എം., ജെ.സി.സി പ്രവർത്തനമായിരുന്നു എന്ന കാര്യത്തിൽ സംശയമില്ല. അതേത്തുടർന്ന്, ആത്മഹത്യചെയ്തവരെപ്പോലും യാതൊരു തടസ്സവും പറയാതെ അവിടെ അടക്കുകയുണ്ടായി. ഇനി ഉടനെയെങ്ങും ഒരു ക്രൈസ്തവന്റെയും മൃതദേഹത്തെ അപമാനിക്കാൻ പാലാ രൂപതയ്ക്കു ധൈര്യം വരില്ലെന്ന് ഉറപ്പായി പറയാം. ഭൂമിതട്ടിപ്പു കേസിൽ കെ.സി.ആർ.എം-ഉം ജെ.സി..സി-യും ഇടപെട്ട് രൂപതാ ആസ്ഥാനങ്ങളിലേക്ക് പ്രതിഷേധറാലികൾ നടത്തിയത്, പൗരോഹിത്യത്തിന്റെ ഇത്തരം തട്ടിപ്പുകളെക്കുറിച്ചും നീതിബോധമില്ലായ്മയെക്കുറിച്ചും ഗുണ്ടാബന്ധത്തെക്കുറിച്ചും വിശ്വാസികളുടെയിടയിൽ വലിയൊരു ബോധവൽക്കരണം നടക്കാൻ ഇടയാക്കി. കാഞ്ഞിരപ്പള്ളി മെത്രാന്റെ രാഷ്ട്രീയദുഃസ്വാധീനത്തെയും ശക്തിയെയും ഭയന്നിരുന്ന വിശ്വാസിസമൂഹത്തിന് അല്പമൊരു ധൈര്യവും ആശ്വാസവും പകരാൻ അതുതകി. ഭൂമിതട്ടിപ്പുകേസുമായി ബന്ധപ്പെട്ട്, കോടതിയിൽ മാത്രമല്ല, കേരളക്രൈസ്തവരുടെ മനസ്സുകളിലും അദ്ദേഹമിപ്പോൾ പ്രതിസ്ഥാനത്താണ്. പൗരോഹിത്യത്തെ ചൂഴ്ന്നുനിൽക്കുന്ന ദൈവികപരിവേഷം മനുഷ്യമനസ്സുകളിൽനിന്നു കുറെയെങ്കിലും അഴിഞ്ഞുവീഴാനും അതിടയാക്കി.

മണ്ണയ്ക്കനാട് ഇടവകയിലുണ്ടായ പ്രശ്നം പരിഹരിക്കപ്പെട്ടതാണ് ഇതിലേറ്റവും അവസാനത്തേത്. കെ.സി.ആർ.എം-ന്റെ സഹകരണത്തോടുകൂടി ഇടവക ആക്ഷൻ കൗൺസിൽ പ്രതിഷേധയോഗവും പത്രസമ്മേളനവും നടത്തിയപ്പോൾത്തന്നെ മെത്രാസനം ഇളകുകയും, പിറ്റേന്നുതന്നെ രൂപതാപ്രതിനിധികളുടെ നേതൃത്വത്തിൽ പ്രത്യേക പള്ളിക്കമ്മിറ്റി ചേരാൻ തീരുമാനിക്കുകയും ചെയ്തു. അന്നു രാവിലെതന്നെ ഇടവകക്കാരും കെ.സി.ആർ.എം. പ്രവർത്തകരും അഖണ്ഡജപമാല പ്രാർത്ഥനായജ്ഞം ആരംഭിച്ചു. ഉച്ചയായപ്പോഴേക്കും, ഇടവകക്കാരുന്നയിച്ചിരുന്ന മുഴുവൻ കാര്യങ്ങളും കമ്മിറ്റി മീറ്റിംഗിൽ അംഗീകരിച്ചതായി പ്രഖ്യാപിക്കപ്പെട്ടു. പള്ളി തന്റേതാണെന്നും വേണ്ടിവന്നാൽ അതു പൂട്ടിയിടുമെന്നും വിശ്വാസികളെ ഭീഷണിപ്പെടുത്തിയ മെത്രാന്, തന്റെ ധിക്കാരവാക്കുകൾ വിഴുങ്ങേണ്ടിവന്നത്, ലക്ഷ്യബോധത്തോടെ നടത്തിയ സഭാനവീകരണപ്രവർത്തനങ്ങൾ മൂലമല്ലേ? ഇതെല്ലാം, ആ ഇടവക സമൂഹത്തിനുമാത്രമല്ല, കേരളത്തിലെ മുഴുവൻ ഇടവകസമൂഹങ്ങൾക്കും ആത്മവിശ്വാസവും കരുത്തും പകർന്നുനൽകാൻ പോരുന്ന കാര്യങ്ങളാണ്. ശരിയായ സഭാനവീകരണപ്രവർത്തനങ്ങൾകൊണ്ട് സഭയുടെയും വിശ്വാസികളുടെയും സമീപനങ്ങളിൽ ഗുണപരമായ മാറ്റങ്ങളുണ്ടാകുമെന്നതിന് ഇതൊക്കെ തെളിവല്ലേ?

'പുരോഹിതരോട് അകന്നുനിന്നാൽ പോരേ?' എന്നുപദേശിക്കുന്നവർ, സ്വന്തം ജീവനും ജീവിതവും എങ്ങനെയും സംരക്ഷിക്കണം എന്നുമാത്രം വിചാരമുള്ള ഉദരംഭരികളാണ്, സ്വകാര്യമാത്രപരതയിൽ (ഭൗതികമനോഭാവത്തിൽ) ആണ്ടുകിടക്കുന്നവരാണ് എന്നു വിലയിരുത്തേണ്ടിവരുന്നു. അക്കാര്യത്തിലും പക്ഷേ, അവർക്കു രക്ഷ കണ്ടെത്താനാവില്ല. കാരണം, വ്യക്തിപരവും കുടുംബപരവും സാമൂഹികവുമായ ഓരോ കാര്യത്തിനുവേണ്ടി അവരും ഇന്നത്തെ നിലയിൽ, അടുക്കേണ്ടിയും ആശ്രയിക്കേണ്ടിയും വരുന്നത് പൗരോഹിത്യത്തെത്തന്നെയാണ്.

മത-രാഷ്ട്രീയശക്തികൾ തമ്മിൽ കൈകോർത്ത് സൃഷ്ടിക്കുന്ന മനുഷ്യത്വഹീനവും ഭീകരവുമായ സാഹചര്യങ്ങളെയും സഭാനവീകരണപ്രവർത്തകർക്കു നേരിടേണ്ടിവരും. കെ.സി.ആർ.എം-ന്റെയും ജെ.സി.സി-യുടെയും പ്രമുഖ പ്രവർത്തകരായ ഇപ്പനും ഇന്ദുലേഖയും കുടുംബവും വർഷങ്ങളായി നേരിട്ടുകൊണ്ടിരിക്കുന്നതും, ഈയിടെ

വരിസംഖ്യ പുതുക്കുക

വരിസംഖ്യയുടെ കാലാവധി തീർന്നോ എന്ന് റാപ്പറിൽ ഒട്ടിച്ചിരിക്കുന്ന വിലാസത്തിന്റെ ഏറ്റവും താഴത്തെ ലൈനിൽ നോക്കി കണ്ടെത്തണമെന്നും, **കാലാവധി കഴിഞ്ഞവർ മണിയോർഡർ / പാലായിൽ ബ്രാഞ്ചുള്ള ബാങ്കുകളിലെ ചെക്ക് / അക്കൗണ്ടിലേക്ക് മണിട്രാൻസ്ഫർ, ഇവയിലേതെങ്കിലും ഒരു മാർഗ്ഗത്തിലൂടെ എത്രയും വേഗം വരിസംഖ്യ അയച്ചുതരണമെന്നും ഓരോരുത്തരോടും അപേക്ഷിക്കുന്നു.** കവർ രണ്ടാം പേജിൽ സർക്കുലേഷൻ മാനേജരുടെ വിലാസവും കെ.സി.ആർ.എം.ന്റെ ബാങ്കു വിവരങ്ങളും കൊടുത്തിട്ടുള്ളതു കാണുമല്ലോ -സർക്കുലേഷൻ മാനേജർ.

തീരുമാനങ്ങളെടുക്കാൻ സി.ബി.സി.ഐ-യും മെത്രാൻ സിനഡുകളും സഭാക്കൂട്ടായ്മകളോ?

013 നവംബർ 30 ശനിയാഴ്ച 2.30 പി.എം. മുതൽ, അരുവിത്തുറ സെന്റ് ജോർജ് എച്ച്.എസിന് എതിർവശത്തുള്ള **'ഗുരുകുലം ഓഡിറ്റോറിയ'**ത്തിൽ (പള്ളിയിൽനിന്നും അമ്പാറനിരപ്പേൽ റൂട്ടിൽ 300 മീറ്റർ ദൂരം) സുപ്രധാനമായ ഒരു ചർച്ചായോഗം നടത്തുന്നു.

വിഷയവാതരണം : **ശ്രീ. എം.എൽ. ജോർജ് മാളിയേക്കൽ**
(ജന. സെക്രട്ടറി, കാത്തലിക് ലേമെൻസ് അസോസിയേഷൻ)

മോഡറേറ്റർ : **ശ്രീ. കെ. ജോർജ് ജോസഫ്** (സംസ്ഥാന പ്രസിഡന്റ്, കെ.സി.ആർ.എം)

കേരളത്തിലെ മൂന്ന് റീത്തുകളുടെയും മെത്രാൻ സിനഡുകളും അവരെല്ലാം ചേർന്നുള്ള കെ.സി.ബി.സി.യും കൂടാതെ, അഖിലഭാരതകത്തോലിക്കാമെത്രാൻ കോൺഫ്രൻസും (സി.ബി.സി.ഐ) കാലാകാലങ്ങളിൽ സമ്മേളിച്ച് അവരുടെ താല്പര്യാർത്ഥം ഓരോരോ തീരുമാനങ്ങൾ കൈക്കൊള്ളാറുണ്ട്. ഈ തീരുമാനങ്ങളെല്ലാം 99.9 ശതമാനം വരുന്ന അത്മായരുടെ ചുമലിലാണ് അടിച്ചേൽപ്പിക്കുന്നത്. ഈ തീരുമാനങ്ങളാകട്ടെ, വി. ബൈബിളിനും തിരുസഭയുടെ പൈതൃകത്തിനും പാരമ്പര്യത്തിനും സന്മാർഗ്ഗത്തിനും സ്വാഭാവികനീതിക്കും പൗരവകാശങ്ങൾക്കും ഇന്ത്യൻ ഭരണഘടനയ്ക്കും ദേശീയതയ്ക്കും എതിരായതും സ്വേച്ഛാധിപത്യപരവുമാണ്. 99.90 ശതമാനം വരുന്ന അത്മായരെ ചൂഷണം ചെയ്യുന്നതിനുള്ള ഉപായങ്ങളും ഉപാധികളും സഭയിൽ സ്ഥാപിച്ചെടുക്കുക എന്ന ലക്ഷ്യംമാത്രമാണ് ഇത്തരം സിനഡുകൾക്കു പിന്നിലുള്ളത്.

മഹാഭൂരിപക്ഷം വരുന്ന അത്മായസമൂഹത്തെ ബാധിക്കുന്ന തീരുമാനങ്ങൾ അത്മായരിലൂടെയാണു രൂപംകൊള്ളേണ്ടത്. ഇക്കാര്യത്തിൽ നാം ഉണർന്നു പ്രവർത്തിക്കേണ്ടതായുണ്ട്. ആയതിന് എല്ലാ കത്തോലിക്കാസമൂഹങ്ങളുടെയും അഭിപ്രായങ്ങൾ സ്വീകരിച്ചു ക്രോഡീകരിച്ച് സുപ്രധാനമായ തീരുമാനങ്ങളെടുത്ത് സഭയിൽ പ്രാവർത്തികമാക്കേണ്ടതായുണ്ട്.

ഇതുസംബന്ധിച്ച് ആലോചിക്കുന്നതിനുവേണ്ടി, 2013 നവംബർ 30 ശനിയാഴ്ച 2.30 പി.എം-ന് കെ.സി.ആർ.എം. അരുവിത്തുറ മേഖലാകാര്യാലയത്തോടു ചേർന്നുള്ള 'ഗുരുകുലം' ഓഡിറ്റോറിയത്തിൽ ഒരു ചർച്ചാസമ്മേളനം നടത്തുന്നു. 2014 ഫെബ്രുവരിയിൽ പാലായിൽ നടത്തപ്പെടുന്ന സി.ബി.സി.ഐ. സമ്മേളനത്തിന്റെ പശ്ചാത്തലത്തിൽ, ഈ ചർച്ചാപരിപാടിക്കു പ്രത്യേക പ്രസക്തിയുണ്ട് എന്നോർമ്മിക്കുമല്ലോ.

ചർച്ചാസമ്മേളനത്തിനുശേഷം, ഫ്രാൻസീസ് മാർപ്പാപ്പായ്ക്ക് അഭിവാദ്യങ്ങളർപ്പിച്ച് അരുവിത്തുറ ടൗണിലൂടെ പ്രകടനവും ഉണ്ടായിരിക്കും. ഈ രണ്ടു പരിപാടികളിലേക്കും എല്ലാവരെയും ഹാർദ്ദമായി സ്വാഗതം ചെയ്യുന്നു.

കെ.കെ. ജോസ് കണ്ടത്തിൽ (സംസ്ഥാന സെക്രട്ടറി, കെ.സി.ആർ.എം.) ഫോൺ:8547573730

വീണ്ടും മൂർച്ഛിച്ചതുമായ മതരാഷ്ട്രീയാതിക്രമങ്ങൾ ഇത്തരത്തിലുള്ളവയാണ്. ഇതിനെയും ക്രിസ്തീയമായി നമുക്കു നേരിടേണ്ടതുണ്ട്. അതു കൂടുതൽ വിശദമായി ചർച്ച ചെയ്യേണ്ട ഒരു സഭാനവീകരണവിഷയംതന്നെയായി മാറിക്കഴിഞ്ഞിരിക്കുന്നു. യേശുവും ഈ മത-രാഷ്ട്രീയകൂട്ടുകെട്ടിന്റെ ഇരയായിരുന്നു എന്നു നമുക്കോർക്കാം; ജാഗ്രത പുലർത്തുകയും ചെയ്യാം. അവിടെയും മാറ്റങ്ങളുണ്ടാക്കാൻ നമുക്കു ശ്രമിക്കാം.

ഇത്തരം മാറ്റങ്ങൾക്കു തുടക്കം കുറിക്കാനും അവയെ വളർത്തിക്കൊണ്ടുവന്ന് വലിയ മാറ്റങ്ങളിലേക്കു സഭയെ നയിക്കാനും നവീകരണപ്രവർത്തനങ്ങൾക്കു കഴിയും. അങ്ങനെ സ്വന്തം സമുദായത്തെ പുരോഹിതാധിപത്യത്തിൽനിന്നും മതരാഷ്ട്രീയത്തിൽനിന്നും സ്വതന്ത്രമാക്കി സഭാംഗങ്ങളുടെ അന്തസ്സും അഭിമാനവും മനുഷ്യത്വവും വീണ്ടെടുക്കേണ്ടതുണ്ട്. എങ്കിലേ, ഇന്നത്തെ യാന്ത്രികമായ ആൾക്കൂട്ടസമൂഹം എന്ന അവസ്ഥയിൽനിന്നും സജീവത പുലർത്തുന്ന ജൈവസമൂഹമായി സഭ മാറൂ. ജൈവസമൂഹത്തിലേയേശു ഉപദേശിച്ച ദൈവരാജ്യമൂല്യങ്ങൾ വിളയൂതാനും. ഇത് ഓരോ മനുഷ്യനും മൊത്തം ലോകത്തിനും ആവശ്യമുള്ള കാര്യമാണ്. ഈ ബോധ്യമുള്ള ആർക്കും സഭാനവീകരണപ്രവർത്തകരാകാം. ഈശോമിശിഹായുടെ പൂർണ്ണത കൈവരിച്ചിട്ടാകട്ടെ പ്രവർത്തിക്കാൻ എന്നു കരുതിയാൽ വീട്ടിൽ ഒതുങ്ങിയിരിക്കാനേ പറ്റൂ. അതുപദേശിക്കുന്ന അച്ചന്മാരുടെയും പ്രമാണിമാരുടെയും ആഗ്രഹവും അതുതന്നെയാവും. മറിച്ച്, സത്യത്തെ മുൻനിർത്തിയുള്ള അന്വേഷണങ്ങളിലൂടെയും നവീകരണചിന്തകളിലൂടെയും അർപ്പണമനോഭാവത്തോടെയുള്ള പ്രവർത്തനങ്ങളിലൂടെയും യേശുചൈതന്യത്തോടടുക്കാൻ നോക്കുകയാണു വേണ്ടത്.

-എഡിറ്റർ



അരുവിത്തുറയിൽ മതവും രാഷ്ട്രീയവും കൈകോർത്തപ്പോൾ....

ഇപ്പൻ

[സെപ്തംബർ ലക്കം 'സത്യജ്വാല'യിൽ ഇപ്പൻ സാർ എഴുതിയ 'ചൊറിയിച്ചറിയിക്കണം' എന്ന ലേഖനത്തിന്റെ രാഷ്ട്രീയ ആഘാതം വലുതായിരുന്നു. അദ്ദേഹത്തിന്റെ അരുവിത്തുറ ടൗണിലെ കെട്ടിടത്തിന്റെ അടിത്തറവരെ റോഡുവികസനത്തിന്റെ മറവിൽ, അതിനിരുവശത്തുമുള്ളവരുടെ സ്ഥലങ്ങളെ തൊടുകപോലുംചെയ്യാതെ, ജെ.സി.ബി. ഉപയോഗിച്ചു മാന്തി. 2011 മാർച്ച് 9-ലെ കെ.സി.ആർ.എം. യോഗതീരുമാനമനുസ്സരിച്ച് കെ.സി.ആർ.എം. അരുവിത്തുറയൂണിറ്റ് കാര്യാലയംകൂടിയാണ് ഈ കെട്ടിടം. അതുകൊണ്ടും, 'സത്യജ്വാല'യിൽ വന്ന ലേഖനമാണിതിനു കാരണമായത് എന്നതുകൊണ്ടും ഈ അതിക്രമത്തിന് വ്യക്തിപരമെന്നതിനേക്കാൾ, ആശയപരവും സംഘടനാപരവുമായ ഒരു മാനംകൂടി കൈവന്നിരിക്കുന്നു. ഈ സംഭവവുമായി ബന്ധപ്പെട്ടുള്ള തന്റെ ചിന്തകളും അനുഭവങ്ങളും പങ്കുവയ്ക്കുകയാണിവിടെ ഇപ്പൻ സാർ-എഡിറ്റർ]

'ചൊറിയിച്ചറിയിക്കണം' എന്ന ലേഖനം ഞാൻ പൂഞ്ഞാർ നിയോജകമണ്ഡലത്തിന്റെ പശ്ചാത്തലത്തിൽ എഴുതാനാണ് വിചാരിച്ചിരുന്നത്. ഭാര്യയുടെ സ്നേഹനിർഭരമായ ഉപദേശമനുസരിച്ചുമാത്രമാണ് പാലാ പശ്ചാത്തലമാക്കി എഴുതിയത്. പോരാട്ടം എനിക്കു ജീവിതമാണ്. എന്റെ പോരാട്ടങ്ങൾക്കെല്ലാം എന്നോടൊപ്പം വെടികൊള്ളാനും ജയിലിൽ കയറാനും തയ്യാറായി വരുന്ന, വയലിൽ പിതാവിന്റെ കൊച്ചുമകൾ പറയുന്നത് ഞാനെങ്ങനെ അനുസരിക്കാതിരിക്കും? അവൾ പറഞ്ഞു, 'ഔസേപ്പേ, പി.സി. ജോർജും മകൻ ഷോണുമൊക്കെ കരുത്തന്മാരാണ്. അവരെ ഏറ്റവും അവസാനം പിണക്കിയാൽ പോരേ?' എനിക്കവളുടെ അഭിപ്രായത്തോട് ലവലേശം യോജിപ്പുണ്ടായിരുന്നില്ല.

ശത്രുവിന്റെ ശത്രുത വെളിപ്പെടുന്നതുതന്നെയാണ് നമ്മുടെ സുരക്ഷയ്ക്കു നല്ലത്. ഇന്ദിരാഗാന്ധിക്കില്ലാത്ത സുരക്ഷ നമുക്കെവിടെ? എന്റെ തനിനിറം അറിയുന്ന ഒരാൾ പോരാട്ടത്തിന്റെ തുടക്കത്തിൽ എന്നോടു ചോദിച്ചു, 'ഇതിന്റെ പരിണതി എന്താണെന്നു നീ കാണുന്നുണ്ടോ'ന്ന്. ഞാൻ കൂസൽ കൂടാതെ മറുപടി പറഞ്ഞു, 'ഒരു ശവപ്പെട്ടിയിൽ നെഞ്ചുവിരിച്ചുകിടക്കുന്നത് ഞാൻ അസ്സലായി കാണുന്നുണ്ടെ'ന്ന്.

പി.സി. ജോർജിന് ഞങ്ങളോടെന്തു ശത്രുത എന്നു സംശയം കൂറിയേക്കാവുന്നവരുടെ അറിവിലേക്കായി ചിലതു കുറിക്കുന്നു:



പള്ളിക്കാപ്പറമ്പിൽ പിതാവും ജോർജും തമ്മിലുണ്ടായ സൗന്ദര്യപ്പിണക്കം കുപ്രസിദ്ധമാണല്ലോ. ജോർജിന്റെ നിയോജകമണ്ഡലത്തിലുള്ള ചൂണ്ടച്ചേരിക്കോളേജിന് പിതാവ് 'സെന്റ് ജോസഫ്സ് കോളേജ്, പാലാ' എന്നു നാമകരണം ചെയ്തതാണ് ജോർജിനെ ചൊടിപ്പിച്ചത്.



മതനവീകരണവും മതരാഷ്ട്രീയവും (കവർ സ്റ്റോറി)

പള്ളിക്കാപ്പറമ്പിൽ പിതാവും ജോർജും തമ്മിലുണ്ടായ സൗന്ദര്യപ്പിണക്കം കുപ്രസിദ്ധമാണല്ലോ. ജോർജിന്റെ നിയോജകമണ്ഡലത്തിലുള്ള ചൂണ്ടച്ചേരിക്കോളേജിന് പിതാവ് 'സെന്റ് ജോസഫ്സ് കോളേജ്, പാലാ' എന്നു നാമകരണം ചെയ്തതാണ് ജോർജിനെ ചൊടിപ്പിച്ചത്. പിതാവിനോടുള്ള ചൊറിച്ചിലു തീർക്കാൻ ജോർജ് ചൂണ്ടച്ചേരി കോളേജിൽവെച്ച് ഒരേ വേദി പങ്കിടുന്നതിനിടയിൽ, പിതാവിനു കറുപ്പുനിറത്തോടുള്ള ആസക്തിയെ കുത്തി സംസാരിച്ചു. പിതാവു തന്റെ കാറിന് വിശ്വാസികളുടെ നേർച്ചപ്പണം ധൂർത്തടിച്ച് കറപ്പുനിറം പൂശിയിട്ടിയിരിക്കുകയായിരുന്നു. പിതാവ് തന്റെ സ്ഥാപനങ്ങളിൽ ജോർജിന് വിലക്കേർപ്പെടുത്തി. രാഷ്ട്രീയാഹന്തയും ആത്മീയാഹന്തയും തമ്മിൽ ഏറ്റുമുട്ടി. അരുവിത്തുറ കോളേജിൽ വരുന്ന പിതാവിനെ തടയുമെന്ന് ജോർജും പ്രഖ്യാപിച്ചു. 'ബിഷപ്പ് ഗോ ബാക്ക്' എന്നെഴുതിയ പോസ്റ്ററുകൾ കോളേജ് പരിസരത്തു പ്രത്യക്ഷപ്പെട്ടു. നൂറുകണക്കിനു പോലീസിന്റെ അകമ്പടിയോടെ പിതാവുവന്നു. (ഞാനായിരുന്നു പിതാവിന്റെ സ്ഥാനത്തെങ്കിൽ, പാലാ അരമനയിൽ നിന്നിറങ്ങി അരുവിത്തുറ കോളേജിലേക്ക് ഒറ്റയ്ക്കു നടന്നേനെ! ദൈവത്തിൽ ആശ്രയിക്കണമെന്ന് നമ്മെ ഉപദേശിക്കുന്ന പിതാക്കന്മാർക്ക് ദൈവാശ്രയത്വം ലവലേശമില്ല. ദൈവത്തിലെന്നല്ല, അവർക്കു ക്രൈസ്തവരിലും വിശ്വാസമില്ല. ഈയിടെ ഒരു വക്കീൽ പറയുകയായിരുന്നു, പിതാക്കന്മാരുടെ കേസുകൾ നടത്തുന്നതൊക്കെ ഹിന്ദുവക്കീലന്മാരാണെന്ന്.) അതോടെ പി.സി. ജോർജിനെ അരുവിത്തുറ കോളേജിൽനിന്നു പടിയടച്ചു പിണ്ഡംവെച്ചു.

പിതാവിനോടുള്ള ചൊറിച്ചിലു തീർക്കാൻ ജോർജ് ചൂണ്ടച്ചേരി കോളേജിൽവെച്ച് ഒരേ വേദി പങ്കിടുന്നതിനിടയിൽ, പിതാവിനു കറുപ്പുനിറത്തോടുള്ള ആസക്തിയെ കുത്തി സംസാരിച്ചു. പിതാവു തന്റെ കാറിന് വിശ്വാസികളുടെ നേർച്ചപ്പണം ധൂർത്തടിച്ച് കറപ്പുനിറം പൂശിയിട്ടിയിരിക്കുകയായിരുന്നു. പിതാവ് തന്റെ സ്ഥാപനങ്ങളിൽ ജോർജിന് വിലക്കേർപ്പെടുത്തി. രാഷ്ട്രീയാഹന്തയും ആത്മീയാഹന്തയും തമ്മിൽ ഏറ്റുമുട്ടി.

ഇതേ ജോർജിനെ പിതാവിന്റെ സഭയ്ക്ക് ആനയും അമ്പാരിയുമായി അരുവിത്തുറ കോളേജിലേക്ക് എഴുന്നള്ളിക്കേണ്ടിവന്നു. കാരണം?

'സാമാന്യനായൊരു വൈരി വരുന്നേരം

വാമന്മാർ തങ്ങളിൽ ചേർന്നു ഞായം'

പൊതുശത്രുവെത്തുമ്പോൾ ശത്രുക്കൾ ഒന്നിക്കും. 'ഇന്ദുലേഖ പ്രശ്നം' കൊടുമ്പിരിക്കൊണ്ട കാലം. ഇന്ദുലേഖയെ നേരിടാൻ സഭ ജോർജിനെ ക്ഷണിച്ചു. പൂഞ്ഞാർ നിയോജകമണ്ഡലത്തിലുള്ള ജനപ്രതിനിധികളും രാഷ്ട്രീയനേതാക്കന്മാരും ക്ഷണിക്കപ്പെട്ടിരുന്നു. സി.പി.ഐ. (എം) വിട്ടുനിന്നു. മാനേജ്മെന്റിന്റെ അപ്പക്ഷണങ്ങൾ കൊതിക്കുന്നവർ ഓരോരുത്തരായി വന്ന് എനിക്കെതിരെ കുറ്റപത്രം അക്കമിട്ടവതരിപ്പിച്ചു. അപ്പോഴൊക്കെ ജോർജ് എനിക്കു വട്ടാണെന്ന മട്ടിൽ, തന്റെ തലയ്ക്കുചുറ്റും വട്ടം വരച്ചുകൊണ്ടിരുന്നു. കുഞ്ഞാടുകളും ചെന്നായ്ക്കളും ആർത്താർത്തു ചിരിക്കുകയും ചെയ്തു. പിറ്റേദിവസം മനോരമയിൽ വെണ്ടയ്ക്കാ മുഴുപ്പിൽ ജോർജിന്റെ പ്രസ്താവന വന്നു. 'കുട്ടിയുടെ പിതാവിന്റെ വിചിത്ര സ്വഭാവമാണ് പ്രശ്നപരിഹാരത്തിന് ഏക വിലങ്ങുതടി'യെന്ന്. ചരിത്രത്തിന്റെ നിർദ്ദയവും വിചിത്രവുമായ നർമ്മബോധം നോക്കണേ! ഇന്ന് വാർത്താ വിഡ്ഢിപ്പെട്ടികളിൽ അഖണ്ഡവിചിത്രനൃത്തമാടി ജോർജ് കേരളത്തെ ഒന്നടങ്കം ആർത്താർത്തു ചിരിപ്പിക്കുന്നു!

ഞങ്ങൾക്കെതിരെയുള്ള പീഡനപരമ്പരയുടെ ഉദ്ഘാടനമാണ് ജോർജിന്റെ അദ്ധ്യക്ഷതയിൽ കോളേജിൽ അന്നു നടന്നത്. തുടർനടപടിയെന്നവണ്ണം വിശുദ്ധഗുണ്ടകൾ എന്റെ ഡിപ്പാർട്ടുമെന്റിൽ കയറിവന്ന് പേപ്പട്ടിയെ ഓടിക്കുന്നതുപോലെ എന്നെ ഓടിച്ചു. എന്റെ കാറു തടഞ്ഞു നിറുത്തി എന്നെ വലിച്ചുചാടിക്കാൻ ശ്രമിച്ചു. ഞങ്ങൾക്കെതിരെ പത്രവാർത്തകളുടെ പരമ്പരതന്നെ ഉണ്ടായി. ഞങ്ങളെ അപകീർത്തിപ്പെടുത്തുന്ന പോസ്റ്ററുകൾ നാട്ടിലെമ്പാടും ഒട്ടിച്ചു. താറടിക്കുന്ന നോട്ടീസുകൾ വിതരണംചെയ്തു. ഇന്ദുലേഖ ഒരു പയ്യനെതിരെ പീഡനക്കേസു കൊടുത്തെന്നുവരെ കുപ്രചാരണമുണ്ടായി. രാഷ്ട്രീയത്തിന്റെയും മതത്തിന്റെയും കൂട്ടുകൃഷിസംവിധാനം മുഴുക്കെ ഉപയോഗിച്ചാൽ ആടിനെ പട്ടിയാക്കാൻ എന്തു ബുദ്ധിമുട്ട്?

ഷോൺ ജോർജ് വന്ന് മൂടുമാന്തിപ്പറിച്ചിട്ട ഈ കെട്ടിടത്തിൽ എന്റെ ഭാര്യ ഒരു ട്യൂഷൻ സെന്റർ നടത്തിയിരുന്നു; വളരെ നല്ല നിലയിൽ. ശത്രുക്കൾ അവിടേക്ക് മനഃപൂർവ്വം കുറെ ഉഴപ്പന്മാരെ കയറ്റിവിട്ടു. അതിൽ ഒരുത്തൻ അവളുടെ തലയിൽ അതിശക്തമായ ഒരു പ്രഹരം സമ്മാനിച്ചു.അന്നുതന്നെ

ഞങ്ങൾ ആ പ്രസ്ഥാനം നിർത്തുകയും ചെയ്തു. ഈ കെട്ടിടത്തിന്റെ ഓടുകൾ അജ്ഞാതർ എറിഞ്ഞുതകർത്തു. ഒരിക്കൽ ഞാൻ ടൗണിലൂടെ പോകുമ്പോൾ, 'ആ പോകുന്നവനാണ് ഇന്ദുലേഖയുടെ തന്ത'യെന്ന് ഒരുത്തൻ വിളിച്ചുകൂവി. ജോർജിനെപ്പോലെ കരുത്തനായ ഒരുത്തന്റെ ആശീർവ്വാദമില്ലാതെ ഈരാറ്റുപേട്ടയിൽ ഇങ്ങനെയൊക്കെ സംഭവിക്കുമെന്ന് വായനക്കാരേ, നിങ്ങൾ കരുതുന്നുണ്ടോ? ഞാൻ പോലിസീൽ പല പരാതികൾ കൊടുത്തു. ജോർജിന്റെ പ്രേരണ പരാതികളിൽ പരാമർശിക്കാൻ ഞാൻ പലവട്ടം ഓങ്ങിയതാണ്. ഭാര്യയാണ് തടസ്സപ്പെടുത്തിയത്. അതു തെറ്റായിപ്പോയെന്ന് ഇന്നവൾ സമ്മതിക്കുന്നു.

മെത്രാൻവോട്ടുബാങ്കാണ് ജോർജിന്റെ അടിത്തറ. നിശ്ചയദാർഢ്യത്തോടെയുള്ള ഞങ്ങളുടെ പ്രവർത്തനങ്ങൾ ഈ മെത്രാൻ വോട്ടുബാങ്കിന് വിള്ളൽ വീഴ്ത്തുമെന്ന് ജോർജിനറിയാം. കേരളാ കോൺഗ്രസ് ജോർജ് ഗ്രൂപ്പുകാർക്കിടയിൽത്തന്നെ ഒരു പറച്ചിലുണ്ട്. ജോർജിന്റെ പാർട്ടിയിൽ ഒന്നാംസ്ഥാനം കഴിഞ്ഞാൽപ്പിന്നെ പതിനൊന്നാം സ്ഥാനമേ ഉള്ളുവത്രേ! ഈ പതിനൊന്നാം സ്ഥാനത്ത് ഷോൺ ജോർജാണു താനും.

ഇന്ദുലേഖ ഇടയ്ക്കിടയ്ക്ക് വാർത്തകൾ സൃഷ്ടിക്കുന്നത് ജോർജ് ശ്രദ്ധിക്കുന്നുണ്ട്. ഇന്ദുലേഖയുടെ 'ചർച്ച് ആക്ട്' പരസ്യങ്ങൾ, പുരോഹിതാധിപത്യത്തിനെതിരെയുള്ള അമർഷരോഷങ്ങൾ ഉള്ളിലൊതുക്കി ഭയംമൂലം അടങ്ങിയൊതുങ്ങിക്കഴിയുന്ന വിശ്വാസികളെ ആവേശം കൊള്ളിക്കുന്നുണ്ടെന്നും, ബാലറ്റുപെട്ടിയുടെ സ്വകാര്യതയിൽ അവർ ഭയംവെടിയുമെന്നും ജോർജിനറിയാം. ഇന്ദുലേഖയുടെ അമ്മയുടെ പഞ്ചായത്ത് ഇലക്ഷൻ റിസൽറ്റ് അത് അസന്ദിഗ്ദ്ധമായി തെളിയിക്കുന്നു.

ഇന്ദുലേഖ എന്ന വാക്കിന്റെ അർത്ഥം ചന്ദ്രക്കല എന്നാണ്. ചന്ദ്രക്കല ദിവസേന വളർന്നുകൊണ്ടിരിക്കും. പൂർണ്ണചന്ദ്രൻ ദിവസേന ശോഷിച്ചുകൊണ്ടുമിരിക്കും. ഉദാഹരണത്തിന്, മെത്രാൻ പ്രീണനം തുടരുന്ന കേ. കോൺഗ്രസ് പൂർണ്ണചന്ദ്രനെപ്പോലെ അനുദിനം തളരുകയും സഭാനവീകരണപ്രസ്ഥാനങ്ങൾ ചന്ദ്രക്കലയെപ്പോലെ അനുദിനം വളരുകയും ചെയ്യും. കഴിഞ്ഞ ഇലക്ഷന് അവളും കത്തോലിക്കാനവീകരണപ്രസ്ഥാനവും അൽഫോൻസിനെ പിന്തുണച്ചതും, അവർ ഒഴിയാബാധ പോലെ പിന്നാലെ കൂടിയപ്പോൾ, അദ്ദേഹം മെത്രാന്മാരുടെ നിർദ്ദേശാനുസരണം പറപറന്നതും ജോർജിനറിയാത്ത കാര്യമല്ല. ചുരുക്കത്തിൽ തന്റെ ക്യാച്ച്മെന്റ് ഏരിയായിൽ ഇന്ദുലേഖ എന്ന ചന്ദ്രക്കല ദിവസേന വളർന്നുവരുന്നത്, തന്റെ പാർട്ടിയിൽ ഒരു പത്താം സ്ഥാനക്കാരനെപ്പോലും സഹിക്കാനാവാത്ത ജോർജിനെ അസഹിഷ്ണുവാക്കുന്നുണ്ട്. 'Slow and steady will win'. കാലക്രമേണ നവീകരണപ്രസ്ഥാനത്തിന് മെത്രാൻവോട്ടുബാങ്ക് പൊളിക്കാനാവുമെന്ന് മനസിലാക്കാനുംമാത്രം ബുദ്ധി അദ്ദേഹത്തിനുണ്ട്. അറയ്ക്കൽ മെത്രാന്റെ തട്ടിപ്പിനു വിധേയയായ മോനിക്കാച്ചേച്ചിയെ സ്ഥാനാർത്ഥിയാക്കിയാൽ പൂഞ്ഞാറ്റിൽ മോനിക്കാച്ചേച്ചിക്കും ഇന്ദുലേഖയ്ക്കും ഉള്ള സഹതാപവോട്ടുകളും ചർച്ച് ആക്ട് അനുകൂലികളുടെ വോട്ടുകളും മറിയും. നഷ്ടം ജോർജിനായിരിക്കുമല്ലോ. രണ്ടുപേരും പൂഞ്ഞാർ മണ്ഡലംകാരാണ്.

മെത്രാൻവോട്ടുബാങ്കാണ് ജോർജിന്റെ അടിത്തറ. നിശ്ചയദാർഢ്യത്തോടെയുള്ള ഞങ്ങളുടെ പ്രവർത്തനങ്ങൾ മെത്രാൻ വോട്ടുബാങ്കിന് വിള്ളൽ വീഴ്ത്തുമെന്ന് ജോർജിനറിയാം. കേരളാ കോൺഗ്രസ് ജോർജ് ഗ്രൂപ്പുകാർക്കിടയിൽത്തന്നെ ഒരു പറച്ചിലുണ്ട്. ജോർജിന്റെ പാർട്ടിയിൽ ഒന്നാംസ്ഥാനം കഴിഞ്ഞാൽപ്പിന്നെ പതിനൊന്നാം സ്ഥാനമേ ഉള്ളുവത്രേ! ഈ പതിനൊന്നാം സ്ഥാനത്ത് ഷോൺ ജോർജാണു താനും.

ഈ സാഹചര്യത്തിലാണ് ജോർജും മകനും എന്റെ കെട്ടിടത്തിന്റെ അടിത്തറ മാന്തിയത്. ഇവിടെ അപ്പനും മകനും പ്രകടിപ്പിച്ചിരിക്കുന്ന സ്യഗാല ബുദ്ധി എന്താണെന്നു ഞാൻ അക്കമിട്ടവതരിപ്പിക്കാം.

1) എനിക്കവിടെ റീസർവ്വേ പ്രകാരം 4 സെന്റ് സ്ഥലമുണ്ട്. അതിനു ഞാൻ കരമടച്ചുവരുന്നു. അതിൽ ഒരു സെന്റാണ്, ഷോൺ ജോർജ് പി.ഡബ്ല്യൂ.ഡി-യെ സ്വാധീനിച്ചു കയ്യേറിയത്. വില 10 ലക്ഷം മതിക്കാം. പി.ഡബ്ല്യൂ.ഡി. എഞ്ചിനീയർ വാക്കാൽ പറഞ്ഞത്, അത്രയും സ്ഥലം പുറമ്പോക്കാണെന്നാണ്. ഇതു ജോർജിന്റെയും ആരാധകരുടെയും കുപ്രചാരണമാണ്. കുപ്രചാരണമാണോ, എന്റെ കൈവശമുള്ള രേഖാപരമായ തെളിവുകളാണോ കണക്കിലെടുക്കേണ്ടത്? ഇതൊക്കെ ജോർജിനു മറിയാം. എന്നെക്കൊണ്ട് എങ്ങനെയും വഴിപ്പണി സ്റ്റേ ചെയ്യിക്കണം. അതാണു ജോർജിന്റെ ആഗ്രഹം. വഴിപ്പണി മുടങ്ങുമ്പോൾ നാട്ടുകാർ എനിക്ക് എതിരാകുമല്ലോ. സെന്റ് ജോർജ് ഹൈസ്കൂളിലെയും ഹയർ സെക്കൻഡറി സ്കൂളിലെയും അൽഫോൻസാ ഇംഗ്ലീഷ് മിഡീയം സ്കൂളിലെയും വിദ്യാർത്ഥികളുടെയും മാതാപിതാക്കളുടെയും അദ്ധ്യാപകരുടെയും നിത്യസഞ്ചാരവഴിയാണ്. പൂഞ്ഞാർ നിയോജകമണ്ഡലംകാർ മുഴുവൻ

എന്നെ വെറുക്കണം. ഒരു നോട്ടീസുപോലും അയയ്ക്കാതെ നിങ്ങൾ കരമടയ്ക്കുന്ന ഭൂമി ഷോൺ ജോർജിന്റെ ഒത്താശയോടെ പി.ഡബ്ല്യൂ.ഡി. കയ്യേറിയാൽ നിങ്ങളാരെങ്കിലും കേസുകൊടുക്കാതിരിക്കുമോ? റോഡു വികസനത്തിനുവേണ്ടി ഒരാളുടെ ഭൂമി ഏറ്റെടുക്കുകയാണെങ്കിൽത്തന്നെ അതിനു ചില നടപടിക്രമങ്ങളൊക്കെയില്ലേ? പഴുത്ത പ്ലാവില വീഴുന്നതു കണ്ടു കൈകൊട്ടിച്ചിരിക്കുന്ന പച്ച പ്ലാവിലകളോടൊരു വാക്ക്: ഇനിമേൽ, നിങ്ങൾ കരമടയ്ക്കുന്ന ഭൂമിയിലുള്ള, പഞ്ചായത്തു കരമടയ്ക്കുന്ന വീട്ടിൽ, പെൺപിറന്നോത്തിയേം പിള്ളേരേം കെട്ടിപ്പിടിച്ച് സമാധാനത്തോടെ ഉറങ്ങാമെന്നു വ്യാമോഹിക്കേണ്ടാ. ഷോൺ ജോർജിന്റെ ജെ.സി.ബി-യുടെ കബന്ധകരങ്ങൾ അർദ്ധരാത്രിയിൽ നിങ്ങളുടെ പുറംമാന്തിയേക്കാം. ജെ.സി.ബി. കൊണ്ടു പുറം ചൊറിഞ്ഞു സുഖിക്കാൻ നമ്മളാരും 'കരിമ്പന'യിലെ ജയനല്ലല്ലോ.

2) എന്റെ 'ചൊറിയിച്ചറിയിക്കണം' എന്ന ലേഖനത്തോടെ ജോർജിന് ഉറപ്പായി കത്തോലിക്കാ സഭാ നവീകരണ പ്രസ്ഥാനം അടുത്ത അസംബ്ലി ഇലക്ഷന് പൂഞ്ഞാറ്റിൽ സ്ഥാനാർത്ഥിയെ നിർത്തുമെന്ന്. അങ്ങനെ നിർത്തിയാൽ, പള്ളിസ്വത്തു നിയമം പാസാക്കുക എന്ന മഹത്തായ ലക്ഷ്യത്തോടെയല്ല ഞങ്ങൾ തെരഞ്ഞെടുപ്പുഗോദായിലിറങ്ങിയതെന്നും; മറിച്ചത് പുറമ്പോക്കു കയ്യേറിയ ഒരു എമ്പോക്കിയുടെ ദുർവ്വാശിപ്രകടനംമാത്രമാണെന്നും പ്രചരിപ്പിക്കാം. അങ്ങനെ ഞാൻ ജനദ്രോഹിയും ജോർജ് ജനസ്നേഹിയുമാകും.

3) പി.ഡബ്ല്യൂ.ഡി. എഞ്ചിനീയറോടു ഞാൻ ചോദിച്ചു, എല്ലായിടത്തും റോഡിന് ഒരു വീതി ആയിരിക്കേണ്ടേ എന്ന്. പള്ളിക്കു പുറമ്പോക്കുള്ളതാണു ചിലയിടത്ത് വീതി കുറയാൻ കാരണമെന്ന് അദ്ദേഹം പറഞ്ഞു. ആരെങ്കിലും പരാതി തന്നാലല്ലാതെ തനിക്ക് ആക്ഷൻ എടുക്കാൻ ആവില്ലെന്നും പറഞ്ഞു. ഇതും അപ്പനും മകനും അദ്ദേഹത്തിന് ഉപദേശിച്ചുകൊടുത്ത ബുദ്ധിയാണ്. പള്ളിക്കെതിരെ അങ്ങനെ പരാതികൊടുക്കാൻ ഞാൻ തയ്യാറായാൽ, കുഞ്ഞാടുകളെ എന്റെ നേർക്കുതിരിക്കാമല്ലോ?

4) കെട്ടിടത്തിന്റെ അടിത്തറ തീർത്തുമാന്തിയിരിക്കുകയാണ്. ഈരാറ്റുപേട്ടയിൽ ഏറ്റവും ബലിഷ്ഠമായ അടിത്തറയിട്ടു പണിത കെട്ടിടമാണത്. മൂന്നു നിലയേ ഞാൻ ഉദ്ദേശിച്ചിട്ടുള്ളൂ. പക്ഷേ, മേടിക്കുന്നവന് അഞ്ചുനില വേണമെന്നു തോന്നിയാലോ? അതുകൊണ്ട് അഞ്ചുനിലയുടെ അടിത്തറയാണിട്ടിരിക്കുന്നത്. ഭൂമികുലുക്കത്തെ പ്രതീക്ഷിച്ച് പില്ലറുകളെല്ലാം ഭൂമിക്കടിയിൽ പരസ്പരം ബന്ധിച്ചിട്ടുണ്ട്. ഭൂമികുലുക്കത്തെക്കാൾ ഇത്തരം കിടപ്പറമാന്തികളെ പേടിക്കണമെന്ന് ഇപ്പോൾ മനസ്സിലായി. പക്ഷേ, ഇതൊക്കെ പാവം

> പോരാട്ടം എനിക്കു ജീവിതമാണ്. എന്റെ പോരാട്ടങ്ങൾ ക്കെല്ലാം എന്നോടൊപ്പം വെടികൊള്ളാനും ജയിലിൽ കയറാനും തയ്യാറായിവരുന്ന, വയലിൽ പിതാവിന്റെ കൊച്ചുമകൾ പറയുന്നത് ഞാനെങ്ങനെ അനുസരിക്കാതിരിക്കും? അവൾ പറഞ്ഞു, 'ഔസേപ്പേ, പി. സി. ജോർജും മകൻ ഷോണുമൊക്കെ കരുത്തന്മാരാണ്. അവരെ ഏറ്റവും അവസാനം പിണക്കിയാൽ പോരേ?' എനിക്കവളുടെ അഭിപ്രായത്തോട് ലവലേശം യോജിപ്പുണ്ടായിരുന്നില്ല.

പൊതുജനത്തിനറിയാമോ? സാറിന്റെ കെട്ടിടം അപകടത്തിൽ എന്നു നാട്ടിലാകെ പാട്ടായിക്കഴിഞ്ഞു. ഒരു കോടി വിലകിട്ടേണ്ട കെട്ടിടത്തിനിനി അരക്കോടിയല്ലേ ആളുകൾ പറയൂ,? -ഒരാളെന്നോടു ചോദിച്ചു. 'സാറു പില്ലറൊന്നുമില്ലാതെ മൂന്നുനില വെറും വെട്ടുകല്ലുകെട്ടി പണിതതു ബുദ്ധിമോശമായിപ്പോയി അല്ലേ?- എന്നു മറ്റുചിലർ. നോക്കണേ കുപ്രചാരണത്തിന്റെ പോക്ക്! കെട്ടിടം അതിബലിഷ്ഠമാണെന്നൊന്നും മനസിലാക്കിക്കൊണ്ടല്ല മാന്തിയത്. തകരുന്നെങ്കിൽ തകരട്ടെ എന്നു തന്നെയായിരുന്നു ജോർജിന്റെയും ഷോണിന്റെയും ഉള്ളിലിരുപ്പ്.

5) ഞാനാ കെട്ടിടം വിൽക്കാൻ വേണ്ടി പരസ്യങ്ങൾ കൊടുത്തിട്ടുള്ളതാണ്. വിറ്റുപണം കൈയിൽ വന്നാൽ ചർച്ച് ആക്ട് പ്രചരിപ്പിക്കാൻവേണ്ടി നല്ലൊരു തുക ചെലവഴിക്കണമെന്നാണെന്റെ ആഗ്രഹം. കർത്താവിന്റെ മുന്തിരിത്തോട്ടത്തിൽ കളപറിക്കാൻ വരാമെന്ന നേർച്ച നേർന്നതിന്റെ പേരിൽ മരണത്തിന്റെ വക്കത്തെത്തിയ എന്റെ കുഞ്ഞിനെ കർത്താവെനിക്കു തിരിച്ചുതന്നു. എന്റെ അപ്പനോ വല്യപ്പനോ ആയിരുന്നെങ്കിൽ കണിശ്ശമായും അരുവിത്തുറ പെരുന്നാൾ ഏറ്റെടുത്തു നടത്തിയേനെ. ഞാനതിനു തയ്യാറല്ല. ഇന്നത്തെ കാലത്ത് അരുവിത്തുറ പെരുന്നാൾ പൊടിപൊടിക്കണമെങ്കിൽ 30 ലക്ഷം രൂപയെങ്കിലും വേണം. അത്രയും രൂപാ ചർച്ച് ആക്ട്

എന്ന ആശയം പ്രചരിപ്പിക്കാൻവേണ്ടി വിനിയോഗിക്കാമെന്നു ഞാൻ തീരുമാനിച്ചു. ചർച്ച് ആക്ട് പാസായാൽ അരുവിത്തുറ പെരുന്നാളിന്റെ അഞ്ചുനില അമിട്ടുകൾ പൊട്ടുന്നതുകേട്ട് ഞെട്ടിവിറച്ചു സ്വർഗ്ഗത്തിലിരിക്കുന്ന അരുവിത്തുറ വല്യച്ചന്റെ ചുണ്ടുകളിൽ അന്നാദ്യമായി പുതിയ പുഞ്ചിരി സഞ്ചരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. നാനാജാതിമത സ്ഥരായ തന്റെ വിശ്വാസികളുടെ നേർച്ചക്കാശ്, അതിന്റെ യഥാർത്ഥ അവകാശികളായ ദരിദ്രർക്ക് പ്രയോജനപ്പെടാൻ തുടങ്ങുന്നത് ചർച്ച് ആക്ട് പാസായതിനുശേഷമായിരിക്കുമെന്ന് വല്യച്ചനറിയാം. നമ്മളെപ്പോലുള്ളവരുടെ പ്രചണ്ഡമായ വിമർശനക്കൊടുങ്കാറ്റിനെ നേരിടാൻ സഭയ്ക്ക് ഒറ്റമാർഗ്ഗമേ മുന്നിലുള്ളൂ- കൈയിലുള്ളു കള്ളപ്പണം ജീവകാരുണ്യത്തിനുവേണ്ടി ഇറക്കുക.

ഞാൻ 30 ലക്ഷം സഭാവിമർശനത്തിനുവേണ്ടി വാരിയെറിയുമ്പോൾ, സഭ 3000 കോടി ജീവകാരുണ്യത്തിനുവേണ്ടി തിരുമ്മിത്തിരുമ്മി ഇറക്കേണ്ടിവരുന്നു. ഇതൊക്കെ പള്ളി ക്കും പള്ളിപ്പടയുടെ നായകനായ ജോർജി നും അറിയാം. അതുകൊണ്ട് എന്റെ കൈയിൽ പണം വരാനുള്ള മാർഗ്ഗങ്ങളെല്ലാം അടയ്ക്കുക. ഒരുതരം സാമ്പത്തിക ഉപരോധം! കെട്ടിടം കേസിലാണെന്നു കണ്ടാൽ ആരെങ്കിലും കെട്ടിടം വാങ്ങുമോ? പണ്ട് എന്റെ തോട്ടത്തിന്റെ കരംകെട്ടി രസീതു കരസ്ഥമാക്കിയതും, ശമ്പളം മുടക്കാൻ നോക്കിയതും, ബാങ്ക് ലോൺ തടസ്സപ്പെടുത്താൻ നോക്കിയതും ഒക്കെ ഇതോടുകൂട്ടിവായിക്കണം. ബാങ്കിൽനിന്ന് എനിക്ക് 5 ലക്ഷം ലോൺ കിട്ടേണ്ടതാണ്. ഭയംമൂലം ആരും ജാമ്യം നിൽക്കാൻ തയ്യാറല്ല. ചുരുക്കത്തിൽ, അടുത്ത ഇലക്ഷനാകുമ്പോഴേക്കും എന്നെ കുത്തുപാളയെടുപ്പിക്കാനാണ് അപ്പന്റേം മോന്റേം പദ്ധതി. ●

നിരോധിക്കപ്പെട്ട ബോണ്ട് സമ്പ്രദായം

എം.സി.ബി.എസ്. വൈദികൻ അടിച്ചേൽപ്പിക്കുന്നു

അടുത്തകാലത്ത് നഴ്സുമാർ അഖിലേന്ത്യാ വ്യാപകമായി നടത്തിയ ശക്തമായ സമരങ്ങളുടെ പശ്ചാത്തലത്തിൽ, നഴ്സിംഗ് സ്കൂളുകളിൽ നിലനിന്നിരുന്ന 'ബോണ്ട്' സമ്പ്രദായം സുപ്രീംകോടതി നിരോധിക്കുകയുണ്ടായി. അതോടെ, പഠനം പൂർത്തിയാക്കിയ നഴ്സിംഗ് വിദ്യാർത്ഥിനി-വിദ്യാർത്ഥികൾക്ക് അവരുടെ സർട്ടിഫിക്കറ്റുകൾ മടക്കിനൽകാൻ നഴ്സിംഗ് പഠനസ്ഥാപനങ്ങൾ ബാദ്ധ്യസ്ഥമായി. എന്നാൽ പുരോഹിതർ നടത്തുന്ന നഴ്സിംഗ് പഠനസ്ഥാപങ്ങളിൽ ഈ വിധി ബാധകമല്ലെന്നു തോന്നുമാറ്, മഹാരാഷ്ട്രയിൽ, സത്താറ ജില്ലയിലെ പാഞ്ചഗിനിയിൽ എം.സി.ബി.എസ്. വൈദികൻ, ഫാ. ജോമി കരിയിലക്കുളം ഡയറക്ടറായി നടത്തുന്ന 'ബെൽ എയർ കോളേജ് ഓഫ് നഴ്സിംഗ്' എന്ന സ്ഥാപനം, ഇപ്പോഴും ബോണ്ട് സമ്പ്രദായം അടിച്ചേൽപ്പിച്ച് പഠനം പൂർത്തിയാക്കിയ നഴ്സിംഗ് വിദ്യാർത്ഥികൾക്ക് സർട്ടിഫിക്കറ്റുകൾ മടക്കിനൽകാതെ പീഡിപ്പിക്കുന്നതായി അറിയുന്നു.

തങ്ങളുടെ മക്കൾക്ക് സർട്ടിഫിക്കറ്റുകൾ മടക്കിനൽകാത്തതിനെതിരെ അവിടെ വിദ്യാർത്ഥിനികളായിരുന്ന നാലു പെൺകുട്ടികളുടെ പിതാക്കന്മാർ, മേജർ ആർച്ചുബിഷപ്പിന് പരാതി സമർപ്പിച്ചിരുന്നു. എന്നാൽ, ഫാ. കരിയിലക്കുളത്തിന്റെ നടപടികളെ ന്യായീകരിച്ചും ബാങ്കിൽ ബാക്കി തുകകൂടി അടച്ച് സർട്ടിഫിക്കറ്റുകൾ നേടാനുപദേശിച്ചും അവർക്കൊരു മറുപടി നൽകുകയാണ് മാർ ആലഞ്ചേരി ചെയ്തത്. തുടർന്ന് അവർ 'Human Rights Foundation'-നിലും പരാതിപ്പെടുകയുണ്ടായി.

ഇൻഡ്യൻ റെഡ് ക്രോസ് സൊസൈറ്റിയുമായി ചേർന്നു നടത്തുന്ന സ്ഥാപനം എന്നും, പലിശരഹിത വിദ്യാഭ്യാസവായ്പ ഏർപ്പാടുചെയ്തുനൽകും എന്നും പത്രങ്ങളിലൂടെ പരസ്യപ്പെടുത്തി, എൻട്രൻസ് ടെസ്റ്റിനും ഇന്റർവ്യൂവിനും ക്ഷണിച്ചാണ് ഈ സ്ഥാപനം വിദ്യാർത്ഥിനികൾക്ക് പ്രവേശനം നൽകിയിട്ടുള്ളത്. ഇപ്രകാരം, പ്രവേശനം നേടി 2009 ജൂലൈ മാസംമുതൽ 2013 ജൂൺമാസംവരെ പഠിച്ച് പഠനം പൂർത്തിയാക്കിയ ഹെലൻ കുര്യൻ കട്ടപ്പന; ജിസ്മരിയ ജോൺ, മരങ്ങാട്ടുപള്ളി; അനുമോൾ തോമസ് കണ്ണിമല; ഡാനിയാ മാത്യു, മരങ്ങാട്ടുപള്ളി എന്നിവർക്കാണ് ഇപ്പോൾ ജനന സർട്ടിഫിക്കറ്റ്, എസ്. എസ്.എൽ.സി, പ്ലസ് ടൂ സർട്ടിഫിക്കറ്റുകൾ, നഴ്സിംഗ് ഡിഗ്രിയുടെ ഓരോ വർഷത്തെയും മാർക്ക്ലിസ്റ്റ്, പ്രൊവിഷണൽ സർട്ടിഫിക്കറ്റ്, സ്വഭാവസർട്ടിഫിക്കറ്റ്; കൂടാതെ, തുടർപഠനങ്ങൾക്കും ജോലിക്കും ആവശ്യമായ അനുബന്ധസർട്ടിഫിക്കറ്റുകൾ എന്നിവ നൽകാതെ ബുദ്ധിമുട്ടിക്കുന്നത്.. ബാങ്ക് ഓഫ് മഹാരാഷ്ട്രയുടെ പാഞ്ചഗിനി ബ്രാഞ്ചിൽനിന്നാണ് 4 വർഷംകൊണ്ട് 4 ലക്ഷം രൂപാ ഇവരോരോരുത്തർക്കും വിദ്യാഭ്യാസവായ്പ ഏർപ്പാടുചെയ്തുകൊടുത്തത്. ബാങ്കിന്റെ അറിയിപ്പനുസരിച്ചുതന്നെ, 2014 ആഗസ്റ്റ് മുതൽ തിരിച്ചടവ് ആരംഭിച്ചാൽമതിയായിരുന്നു. പക്ഷേ, ഇതുവരെയുള്ള മുതലും പലിശയുമടക്കം 5,35,000/- രൂപാ അടച്ച് അക്കൗണ്ട് ക്ലോസുചെയ്തതിന്റെ രേഖ നൽകിയാലേ സർട്ടിഫിക്കറ്റുകൾ നൽകൂ എന്നാണ്, ഫാ. കരിയിലക്കുളം ശഠിക്കുന്നത്. ഇതിനിടെ, 'Human Rights Foundation' നാഷണൽ ചെയർമാൻ ഫാ. കരിയിലക്കുളവുമായി നേരിട്ടു ചർച്ച നടത്തുകയും ഓരോരുത്തരും 4 ലക്ഷം വീതം അടച്ചാൽ സർട്ടിഫിക്കറ്റുകൾ നൽകാമെന്നു അച്ചൻ സമ്മതിക്കുകയും ചെയ്തു. അതിൻപ്രകാരം തുക അടച്ച് കോളേജിലെത്തിയപ്പോൾ അദ്ദേഹം വാക്കുമാറ്റുകയും 1,35,000/- രൂപാകൂടി നൽകിയാലേ സർട്ടിഫിക്കറ്റുകൾ നൽകൂ എന്നറിയിക്കുകയുമായിരുന്നുവത്രേ!

2009-ൽ വിദ്യാർത്ഥിനികളിൽനിന്ന് എഴുതിവാങ്ങിയതും സുപ്രീം കോടതി വിധിയോടെ അസാധുവായിത്തീർന്നതുമായ ഒരു എഗ്രിമെന്റിന്റെ അടിസ്ഥാനത്തിലാണ് നിയമവിരുദ്ധമായ ബോണ്ട് സമ്പ്രദായം ഫാ. കരിയിലക്കുളംഇന്നും നിലനിർത്തുന്നത് എന്നാണു മനസിലാകുന്നത്.



ഇന്ദുലേഖയുടെ പത്രപ്രസ്താവന

[തങ്ങളുടെ കെട്ടിടത്തിനുനേരെയുണ്ടായ ജെ.സി.ബി. അതിക്രമവുമായി ബന്ധപ്പെട്ട് ഇന്ദുലേഖയും കുടുംബവും ഒക്ടോബർ 19-ന് എറണാകുളം പ്രസ് ക്ലബിൽ നടത്തിയ പത്രസമ്മേളനത്തിൽ വിതരണം ചെയ്ത പ്രസ്താവന-എഡിറ്റർ]

ഞാൻ അഞ്ചാംവയസ്സിൽ കേരളാ ദൂരദർശന്റെ അഴിമതിക്കെതിരെ പാർലമെന്റിനു മുമ്പിൽ നൃത്തം ചവിട്ടി പ്രതിഷേധിച്ചു. മാധ്യമങ്ങളതാഘോഷിച്ചു. പി.സി. ജോർജ് ഞങ്ങളോടു പറഞ്ഞു. അദ്ദേഹത്തിനുവേണ്ടി ഇലക്ഷൻ പ്രചാരണത്തിനു ചെല്ലാമെങ്കിൽ കേരളാ ദൂരദർശനിൽ അവസരം വാങ്ങിത്തരാം. ഞാൻ ചെന്നു. പി.സി. ജോർജ് ജയിച്ചു. പക്ഷേ വാക്കു പാലിച്ചില്ല. ഞാൻ ഇടതുമുന്നണി സർക്കാരിന്റെ ഒന്നാം ഭരണവാർഷികദിനത്തിൽ സെക്രട്ടറിയേറ്റിനുമുമ്പിൽ സത്യഗ്രഹമിരുന്നു വാർത്ത സൃഷ്ടിച്ചു.

എനിക്കന്ന് ഏഴുവയസുപ്രായം. ഞാനും അപ്പനുംകൂടി സ്കൂളിൽനിന്നും വരികയാണ്. പി.സി. ജോർജിന്റെ ഗുണ്ടകൾ ഞങ്ങളുടെ അടുത്തുകൊണ്ടുവന്ന് ജീപ്പ് സഡൻ ബ്രേക്കിട്ടുനിർത്തി. അപ്പനെ ഉച്ചത്തിൽ പച്ചത്തെറികൾ കൊണ്ടഭിഷേകംചെയ്തു. കൊച്ചുകുട്ടിയായ ഞാൻ പേടിച്ചുവിറച്ചുപോയി. അന്നു രാത്രി ഞാൻ ഉറക്കത്തിൽ ഞെട്ടിയുണർന്നു നിലവിളിച്ചു. പിറ്റേദിവസം അപ്പൻ പി.സി.ജോർജിനു കത്തെഴുതി- ഇനിയുമിതാവർത്തിച്ചാൽ അപ്പനും ഞാനുംകൂടി പൂഞ്ഞാർ മണ്ഡലത്തിന്റെ തലസ്ഥാനമായ ഈരാട്ടുപേട്ടയിൽ സത്യഗ്രഹം ഇരിക്കുമെന്ന്. കത്തുകിട്ടിയ ശേഷം ഒരുദിവസം പി.സി.ജോർജ് രാത്രിയിൽ ഞങ്ങളുടെ വീട്ടിൽവന്ന്, ഇനി അങ്ങനെയൊന്നുമുണ്ടാവില്ലെന്ന് ഉറപ്പുതന്നു. ഈ സംഭവം നടന്നിട്ട് പതിനെട്ടുകൊല്ലമായി. പുറകിൽനിന്നു കുത്തിയിട്ടു മുമ്പിൽവന്നു മാപ്പുചോദിക്കുന്ന സ്വഭാവം പി.സി. ജോർജിനു പണ്ടേയുണ്ടെന്നു ചുരുക്കം.

പിതാവ് മതവിമർശനഗ്രന്ഥമെഴുതിയതിന്റെ പേരിൽ അരുവിത്തുറ സെന്റ് ജോർജ് കോളേജിൽനിന്നു പുറത്താക്കപ്പെട്ട ഞാൻ സുപ്രീം കോടതിയിലും തോറ്റു. നന്നായി പഠി



ഒരുദിവസം പി.സി.ജോർജ് രാത്രിയിൽ ഞങ്ങളുടെ വീട്ടിൽവന്ന്, ഇനി അങ്ങനെയൊന്നുമുണ്ടാവില്ലെന്ന് ഉറപ്പുതന്നു. ഈ സംഭവം നടന്നിട്ട് പതിനെട്ടുകൊല്ലമായി. പുറകിൽനിന്നു കുത്തിയിട്ടു മുമ്പിൽവന്നു മാപ്പുചോദിക്കുന്ന സ്വഭാവം പി.സി. ജോർജിനു പണ്ടേയുണ്ടെന്നു ചുരുക്കം.

ക്കുന്ന എനിക്ക് വിലപ്പെട്ട മൂന്നുവർഷം നഷ്ടപ്പെട്ടു. വീഴ്ച വിദ്യയാക്കാൻ ഞാൻ തീരുമാനിച്ചു. എന്നെ ഡിസ്മിസ് ചെയ്യുകവഴി വിദ്യാർത്ഥിയായ എനിക്കു മരണശിക്ഷ വിധിക്കുകയാണ് കത്തോലിക്കാസഭ ചെയ്തത്. എന്റെ രക്തസാക്ഷിത്വത്തെ വിശ്വാസികളുടെ നന്മയ്ക്കുവേണ്ടി ഉപയോഗിക്കാൻ ഞാൻ തീരുമാനിച്ചു. 'ചർച്ച് ആക്ട്' പ്രചരിപ്പിക്കാൻ ഞാൻ എന്റെ ജീവിതം സമർപ്പിച്ചു. എന്റെ ചർച്ച് ആക്ട് പരസ്യങ്ങൾ നിങ്ങൾ ശ്രദ്ധിച്ചിരിക്കുമല്ലോ. കാനോൻനിയമമനുസരിച്ച് പള്ളിസ്വത്തുക്കൾ മെത്രാന്റേതാണ്. അതു വിശ്വാസികൾക്കു കൈമാറുന്ന നിയമത്തിനാണ് ചർച്ച് ആക്ട് എന്നു പറയുന്നത്.

'ചർച്ച് ആക്ട്' ശവപ്പെട്ടിയിൽനിന്നും ബാലറ്റ് പെട്ടിയിലേക്കു മാറ്റുക എന്ന ലക്ഷ്യത്തോടെ എന്റെ അപ്പൻ ഞങ്ങളുടെ പ്രസ്ഥാനംവക 'സത്യജ്വാല' മാസികയിൽ 'ചൊറിയിച്ചറിയിക്കണം' എന്ന പേരിൽ ഒരു ലേഖനം എഴുതി. അതിന്റെ ഫോട്ടോസ്റ്റാറ്റും ഇതോടൊപ്പം വയ്ക്കുന്നു. അതു പി.സി. ജോർജിനെ പ്രകോപിപ്പിച്ചതെങ്ങനെ എന്ന് അതു വായിച്ചാൽ മനസിലാകും. ആ ലേഖനം പുറത്തുവന്ന് ഒരാഴ്ച കഴിഞ്ഞപ്പോൾ പി.സി. ജോർജിന്റെ മകൻ ജെ.സി.ബി.യുമായി വന്ന്, ഈ ഫോട്ടോകളിൽ കാണുന്നതുപോലെ, ടൗണിലുള്ള ഞങ്ങളുടെ മൂന്നുനിലക്കെട്ടിടത്തിന്റെ അടിത്തറ തീർത്തുമാന്തിയിട്ടു. മുമ്പിൽക്കൂടി ഒരു കൈച്ചാൽ ഒഴുകുന്നുണ്ട്. ഈ കടുത്ത തുലാമഴയുടെ സാഹചര്യത്തിൽ കെട്ടിടത്തെ സംബന്ധിച്ച് ആപൽക്കരമായ അവസ്ഥയാണു സംജാതമായിരിക്കുന്നത്. റോഡുവികസനത്തിനെന്ന പേരിലാണ്. എന്നാൽ അപ്പുറത്തും ഇപ്പുറത്തുമുള്ള സ്ഥലങ്ങൾ ഒന്നും തൊട്ടിട്ടുമില്ല.

ഞങ്ങൾ പി.സി. ജോർജിന് അസഹ്യമായ ഒരു രാഷ്ട്രീയ സാഹചര്യം പൂഞ്ഞാറ്റിൽ സൃഷ്ടിക്കുന്നുണ്ട്. കഴിഞ്ഞ അസംബ്ലി ഇലക്ഷന് അൽഫോൻസ് കണ്ണന്താനം പൂഞ്ഞാർ വിട്ടോടിയതിന്റെ യഥാർത്ഥ കാരണം എന്തെന്നോ? തിരഞ്ഞെടുപ്പിന്റെ തുടക്കത്തിലേ ഞങ്ങളുടെ സംഘടന അൽഫോൻസ് കണ്ണന്താനത്തെ പിന്തുണയ്ക്കാൻ തീരുമാനിച്ചു. ഞങ്ങളുടെ ഈ കെട്ടിടത്തിലാണ് അൽഫോൻസ് തിരഞ്ഞെടുപ്പോഫീസ് ഉദ്ഘാടനം ചെയ്തത്. പിറ്റേദിവസംതന്നെ അൽഫോൻസ് ബോർഡും പറിച്ചുകൊണ്ടുപോവുകയും ചെയ്തു. കാരണം ചോദിച്ചപ്പോൾ, സഭാശത്രുവായ എന്റെ കെട്ടിടത്തിൽ ഓഫീസ് പ്രവർത്തിക്കുന്നതിൽ 'മെത്രാന്മാർ ഡിസ്പ്ലഷർ അറിയിച്ചു' എന്നാണ് അൽഫോൻസ് പറഞ്ഞത്. ഞങ്ങളെ പ്രസംഗിക്കാൻ കൂട്ടിയില്ലെങ്കിൽപ്പോലും അൽഫോൻസിനുവേണ്ടി പ്രവർത്തിക്കാനും, 'ചർച്ച് ആക്ടി'നെ അനുകൂലിക്കുന്നവർ അൽഫോൻസിന് വോട്ടുചെയ്യുക എന്നെഴുതിയ പോസ്റ്ററുകൾ പൂഞ്ഞാർ മണ്ഡലത്തിൽ ഒട്ടിക്കാനും തീരുമാനിച്ചു. അൽഫോൻസ് കണിശ്ശമായും ജയിച്ചേനെ. അൽഫോൻസ് ജയിച്ചാൽ ഞങ്ങളുടെ സംഘടന അവകാശബോധത്തോടെ സെക്രട്ടറിയേറ്റിനുമുമ്പിൽ സത്യഗ്രഹം ഇരിക്കുമെന്ന് മെത്രാന്മാർക്കു മനസിലായി. അവർ അൽഫോൻസിനെ ഏതോ ദുരൂഹമായ പ്രലോഭനങ്ങളിൽ കുടുക്കി പിൻവലിക്കുകയും ചെയ്തു.

സഭയും കേരളാകോൺഗ്രസും എന്നോടു കാട്ടിയ അനീതിയും മോനിക്കാച്ചേച്ചിയോടു കാട്ടിയ അനീതിയും പൂഞ്ഞാർ മണ്ഡലത്തിൽ ഒരു സഹതാപ വോട്ടുബാങ്കു സൃഷ്ടിച്ചിട്ടുണ്ട്. അതു ഞങ്ങൾ ചർച്ച് ആക്ടിനുവേണ്ടി നിലകൊള്ളുന്ന ഒരു സ്ഥാനാർത്ഥിക്കുവേണ്ടി ഉപയോഗിച്ചാൽ, അതു പൂഞ്ഞാറിന്റെ തിരഞ്ഞെടുപ്പുഫലത്തെ സ്വാധീനിക്കും. ചർച്ച് ആക്ടിന്റെ സ്ഥാനാർത്ഥി ജയിക്കുമെന്നല്ല. അതു മെത്രാന്മാരുടെ വോട്ടുബാങ്കിന്റെ പിൻബലത്തിൽ എം.എൽ.എ. ആകാനാഗ്രഹിക്കുന്ന ആളിനായിരിക്കും ഹാനികരമാവുക. പി.സി. ജോർജ് എന്തുകൊണ്ട് എന്നോടു പ്രതികാരബുദ്ധി കാട്ടുന്നു എന്നു മനസിലായല്ലോ. ഞങ്ങളുടെ ഇടപെടൽ അൽഫോൻസിനെപ്പോലെ കരുത്തനായ ഒരു മനുഷ്യന്റെപോലും വിധി നിർണ്ണയിച്ചല്ലോ. മനു വിത്സൻ എന്ന വിദ്യാർത്ഥിയെ പുറത്താക്കിയ സംഭവം ചേർത്തലയിൽ വി.എസ്. അച്യുതാനന്ദന്റെ തോൽവിക്കു കാരണമായതു ചരിത്രമാണ്.

എന്റെ ഡിസ്മിസിനു കാരണമായ മതവിമർശനഗ്രന്ഥത്തിന്റെ അഞ്ചുകോപ്പികൾ അപ്പൻ ഈരാറ്റുപേട്ടയിലുള്ള ഒരു മാസികക്കടയിൽ വില്പനയ്ക്കുവച്ചു. ഒരാഴ്ചകഴിഞ്ഞുചെന്നുചോദിച്ചപ്പോൾ, പുസ്തകങ്ങൾ പി.സി. ജോർജ് എടുത്തുകൊണ്ടുപോയെന്നു കടക്കാരൻ പറഞ്ഞു. വിലപോലും കൊടുക്കാതെ. ജീവനും സ്വത്തിനും സുരക്ഷിതത്വം തരേണ്ട എം.എൽ.എ. ഞങ്ങളുടെ സ്വത്തിനു ഭീഷണിയുയർത്തുന്നു. സ്വത്തു വീണ്ടും ഉണ്ടാക്കാം. ജീവനോ? ഞങ്ങൾ ദൈവത്തിൽ ആശ്രയിക്കുന്നു.

സ്നേഹപൂർവ്വം,

ഇന്ദുലേഖാ ജോസഫ്.



പി. സി. ജോർജും മകനും വേട്ടയാടുന്നുവെന്ന് ഇന്ദുലേഖയും കുടുംബവും

'സത്യജ്വാല' മാസികയിൽ പ്രസിദ്ധീകരിച്ച ലേഖനത്തിന്റെ പേരിൽ ചീഫ് വിപ്പ് പി സി ജോർജും മകൻ ഷോൺ ജോർജും വേട്ടയാടുന്നുവെന്ന് ചർച്ച് ആക്ട് പ്രവർത്തക ഇന്ദുലേഖ ജോസഫും കുടുംബവും. തങ്ങൾക്ക് ആപത്ത് സംഭവിച്ചാൽ പി സി ജോർജും മകനുമാകും ഉത്തരവാദികളെന്ന് ഇന്ദുലേഖയും അമ്മ അലോഷ്യയും അച്ഛൻ പ്രൊഫ. ജോസഫ് വർഗീസും വാർത്താസമ്മേളനത്തിൽ പറഞ്ഞു.

ലേഖനം പ്രസിദ്ധീകരിച്ച് ഒരാഴ്ചയ്ക്കുള്ളിൽ ഈരാറ്റുപേട്ടയിലെ തങ്ങളുടെ മൂന്നുനില കെട്ടിടത്തിനുമുന്നിൽ റോഡ് വീതികൂട്ടാനെന്ന പേരിൽ ഷോൺ ജോർജിന്റെ നേതൃത്വത്തിൽ നാലടി താഴ്ചയിൽ കുഴിയുണ്ടാക്കി. എന്നാൽ സമീപത്തൊന്നും കുഴിയെടുക്കാതെ ഈ കെട്ടിടത്തിനു മുന്നിൽ മാത്രമാണ് മണ്ണുമാന്തിയന്ത്രം ഉപയോഗിച്ച് കുഴിയെടുത്തത്. ഇതു ചോദ്യംചെയ്തപ്പോൾ റോഡ് വീതികൂട്ടാൻ ഭൂമി ഏറ്റെടുക്കുകയാണെന്നും താനാണ് കരാറുകാരനെന്നും ഷോൺ ജോർജ് പറഞ്ഞു. പോലീസിലോ പഞ്ചായത്ത് അധികൃതരോടോ പരാതിപ്പെട്ടാൽ ഫലമില്ല. ഷോൺ ജോർജിനെതിരെ കോടതിയെ സമീപിക്കും. ചർച്ച് ആക്ട് നടപ്പാക്കുക എന്ന ലക്ഷ്യത്തോടെ 'സത്യജ്വാല' മാസികയിൽ പ്രൊഫ. ജോസഫ് വർഗീസ് 'ചൊറിയിച്ചറിയിക്കണം' എന്ന തലക്കെട്ടിൽ എഴുതിയ ലേഖനമാണ് പ്രകോപനത്തിനു കാരണം. സഭയും കേരളാ കോൺഗ്രസും ചർച്ച് ആക്ടിനോടും ഇതിനായി പ്രവർത്തിക്കുന്നവരോടും കാണിക്കുന്ന അനീതിയെക്കുറിച്ച് ലേഖനത്തിൽ പരാമർശമുണ്ട്. ചർച്ച് ആക്ട് പ്രവർത്തനത്തിന്റെ പേരിൽ പി സി ജോർജ് മുമ്പും ഭീഷണിപ്പെടുത്തിയിട്ടുണ്ടെന്നും കുടുംബം ആരോപിച്ചു. (ദേശാഭിമാനി വാർത്ത)

പ്രതികരണം: ജോസഫ് പടന്നമാക്കൽ

ശ്രീ ഇപ്പനെയും ഇന്ദുലേഖയെയും അവരുടെ കുടുംബത്തെയും ഒരു രാഷ്ട്രീയക്കോമാളി അവഹേളിക്കാൻ ശ്രമിക്കുന്നതായ വാർത്ത മാതൃഭൂമിയിൽ വായിച്ചിരുന്നു. പുരോഹിതപ്പടയുടെ പിന്തുണയുള്ള കേരളാ കോൺഗ്രസെന്ന ഈർക്കിലി പാർട്ടിയുടെ ഒരു നേതാവിന് സാംസ്കാരിക കേരളത്തിൽ ഇത്രമാത്രം സ്വാധീനമുള്ളത് തികച്ചും ലജ്ജാവഹംതന്നെ. യാതൊരു തത്ത്വങ്ങളുമില്ലാത്ത സമൂഹദ്രോഹിയായ ഈ നേതാവിനെ വളർത്തുന്ന ബഹുജനമെന്ന കഴുതയെ ആദ്യം കുറ്റപ്പെടുത്തണം.

കുമാരി ഇന്ദുലേഖയുടെ ഈ ചെറിയ ജീവിതത്തിനുള്ളിൽ സംഭവിച്ച സംഭവബഹുലമായ

ഫാ. കാപ്പൻ അനുസ്മരണം



കത്തോലിക്കാസഭയിൽ ചിന്തയുടെ തീജ്വാലയുയർത്തിയ ഫാ.എസ്.കാപ്പൻ അന്തരിച്ചിട്ട് 2013 നവം. 30-ന് ഇരുപത് വർഷം തികയുന്നു. ഇതോടനുബന്ധിച്ച് നവബർ 9 രാവിലെ 10 മുതൽ ഏറ്റുമാനൂരിൽ, ഏറ്റുമാനൂർ കാവ്യവേദിയും കെ.സി.ആർ.എം.-ഉം സഹകരിച്ച് അനുസ്മരണവും അദ്ദേഹത്തിന്റെ പുസ്തകങ്ങളുടെ പ്രകാശനവും നടത്തി. പ്രൊഫ.സെബാസ്റ്റ്യൻ വട്ടമറ്റവും പി.പി.നാരായണനും നേതൃത്വം നൽകി. ഫാ.കാപ്പന്റെ ജീവചരിത്രകാരനായ കെ.സി.വർഗ്ഗീസ് അദ്ദേഹത്തിന്റെ ജീവിതവും ചിന്തകളും പരിചയപ്പെടുത്തി സംസാരിച്ചു.

'അക്രൈസ്തവനായ യേശുവിനെത്തേടി' എന്ന പുസ്തകം അഡ്വ.കെ.ജെ.ജോൺ, ശ്രീദേവി വേണുഗോപാലന് നൽകി നിർവ്വഹിച്ചു. ശ്രീ.സിവിക് ചന്ദ്രൻ (പാഠഭേദം) 'What the thunder says' എന്ന പുസ്തകം പരിചയപ്പെടുത്തുകയും ഫാ.പാനികുളം, വർഗ്ഗീസ് ജോർജ് പാറക്കുളത്തിന് നൽകി പ്രകാശനം നടത്തുകയും ചെയ്തു. ഫാ.കാപ്പന്റെ ആത്മകഥയുൾക്കൊള്ളുന്ന 'In Gallery' ഫാ.അലക്സ് (ജീവൻ ബുക്സ്) ശ്രീ അജിത് മുരിക്കന് നൽകി പ്രകാശനം ചെയ്തു. 'Resistance and Hope' എന്ന ഗ്രന്ഥം ശ്രീ. വി.സി. ഹാരിസ് (സാഹിത്യ അക്കാദമി) വിശകലനം ചെയ്ത് അവതരിപ്പിക്കുകയും, സി.ആലീസ്, പ്രൊഫ.എലിസബത്ത് കൂട്ടുങ്കലിന് നൽകി പ്രകാശനം നിർവ്വഹിക്കുകയും ചെയ്തു. 'യേശുവിന്റെ മോചനം സഭകളിൽനിന്ന്' എന്ന കൃതി ജോസാന്റണി അവലോകനം ചെയ്ത് പരിചയപ്പെടുത്തി. 'ആത്മീയത പുനരധിവേശത്തിന്റെ പുതിയയുഗത്തിൽ' എന്ന കൃതി പരിചയപ്പെടുത്തി ഫാ.എബ്രാഹം വെള്ളാന്തടം സംസാരിച്ചു. 'അക്രൈസ്തവനായ യേശുവിനെത്തേടി' എന്ന കൃതി ശ്രീ.ടോമി മാത്യുവും, 'Tradition, Modernity, Counter Culture' എന്ന പുസ്തകം ശ്രീ.വടക്കേടത്ത് പത്മനാഭനും പരിചയപ്പെടുത്തി. കൂടാതെ, പ്രൊഫ.ഇപ്പൻ, കെ. ജോർജ് ജോസഫ്, സി.വി.സെബാസ്റ്റ്യൻ, ജോഷി പോൾ, കെ.കെ.ജോസ്, ഷാജു തറപ്പേൽ, കെ.എം.മാണി, ഏറ്റുമാനൂർ പി.കെ.മാത്യു മുതലായവരും കാപ്പനച്ചനെ അനുസ്മരിച്ച് സംസാരിച്ചു.

അതീവ ഹൃദ്യമായിരുന്ന ഈ പരിപാടി വൈകിട്ട് അഞ്ചുമണിക്ക് പര്യവസാനിച്ചു.

- കെ.ജോർജ് ജോസഫ്

കോടതിവിധികളൊക്കെ ഞാൻ വായിച്ചു പഠിക്കുകയുണ്ടായി. ആ കുട്ടിക്ക് ഒരിടത്തുനിന്നും നീതി ലഭിച്ചില്ലെന്നുവേണം പറയാൻ. കോളേജ് മാനേജ്മെന്റിന്റെ അനീതിക്കെതിരെ ലഘുലേഖകൾ വിതരണം ചെയ്തെന്നാണ് അന്ന് ആ കുട്ടിയിൽ മാനേജ്മെന്റ് കണ്ട ഒരു കുറ്റം. അതിൽ നീതിന്യായവ്യവസ്ഥയെ തെറ്റിധരിപ്പിക്കാൻ പുരോഹിതപ്രഭൃതികൾക്കു സാധിച്ചുവെന്ന് അനുമാനിക്കേണ്ടിയിരിക്കുന്നു. സുപ്രീംകോടതിവരെയുള്ള അന്നത്തെ കോടതിവിധികളും വിസ്താരങ്ങളും വായിച്ചപ്പോൾ, എതിർഭാഗത്തിന്റെ വാദങ്ങൾ തികച്ചും ബാലിശമെന്നും തോന്നിപ്പോയി. ഇന്ന് കേന്ദ്രത്തിൽ തലപ്പത്തിരിക്കുന്ന ആന്റണിയും മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയും വിദ്യാർഥിരാഷ്ട്രീയത്തിൽക്കൂടി നേതാക്കന്മാരായവരാണ്. ഇന്ത്യ സ്വാതന്ത്ര്യം നേടിയതു തന്നെ അന്നത്തെ യുവവിദ്യാർഥികളുടെ ശക്തികൊണ്ടായിരുന്നു. ഗാന്ധിയുടെ പല ആഹ്വാനങ്ങളും വിദ്യാർത്ഥികളോടായിരുന്നു. 'ഇന്ദുലേഖ മഹാത്മാഗാന്ധിയല്ല' എന്ന് കോടതിയിൽ വന്ന പരാമർശവും വായിച്ചു. രാഷ്ട്രീയവും പൗരാഹിത്യവും നിയമങ്ങളും കോടതികളും ഒന്നാണെന്നും തോന്നിപ്പോയി. പാക്കിസ്ഥാനിൽ ഭീകരവാദികൾ മലാലയെന്ന സ്കൂൾകുട്ടിയുടെ തലക്കിട്ടേ വെടിവച്ചുള്ളൂ. കേരളത്തിലെ പുരോഹിതഭീകരരും രാഷ്ട്രീയ കിച്ചടാകളും (Mules) ചോദ്യം ചെയ്യുന്നവരുടെ ബൗദ്ധിക ചിന്തകളെത്തന്നെ തകർക്കാൻ ശ്രമിക്കുന്നു എന്നതാണ് വ്യത്യാസം. ഇതിലൊന്നും അടി പതറാതെ പുരോഹിതപ്പടയ്ക്കെതിരെ തൂലികചലിപ്പിക്കുന്ന ഇപ്പൻകുടുംബത്തിന് അനുമോദനങ്ങൾ. ലോകപ്രസിദ്ധ യായ മലാലയും കേരളത്തിന്റെ മിടുക്കി ഇന്ദുലേഖയും ശബ്ദം ഉയർത്തുന്നത് അനീതി ക്കെതിരെയാണ്. അവരുടെ ശ്രമങ്ങളെ വിജയി പ്പിക്കേണ്ടത് നാം ഓരോരുത്തരുടെയും കടമ യാണ്. എല്ലാ പിന്തുണകളും ഇവർക്ക് ബൗദ്ധി കലോകം നല്കണം. ●

ഇപ്പൻ ക്ഷമിക്കണം

പി. ജെ. സെബാസ്റ്റ്യൻ

'സത്യജ്വാല' സെപ്തംബർ ലക്കത്തിൽവന്ന 'ചൊറിയിച്ചറിയിക്കണം' എന്ന ഇപ്പന്റെ ലേഖനത്തിലെ നിർദ്ദേശങ്ങൾ ഉൾക്കൊള്ളാൻ കഴിയുന്നില്ലെങ്കിലും, ചർച്ച് ആക്ടിന് അനുകൂലമായ ആശയപ്രചരണത്തിൽ ഇപ്പന്റെ പങ്ക് വിലമതിക്കാതിരിക്കാൻ ആവുന്നില്ല. തന്റെ ജീവിതം പൂർണ്ണമായും സഭയുടെ യേശുവിരുദ്ധതയെ എതിർത്തു തോൽപ്പിക്കാൻ ഉഴിഞ്ഞുവെച്ച പുലിക്കുന്നേൽ സാറിന് ഇപ്പൻ നൽകിയ ഗുരുദക്ഷിണ അത്രകണ്ട് ഉചിതമായി കരുതുന്നില്ല. ഓശാനയുടെ അറിവുതേടി അവസാനം എത്തിയ കൂട്ടത്തിൽപ്പെട്ട ആളാണെന്നു തോന്നുന്നു, അദ്ദേഹം.

ജോസഫ് പുലിക്കുന്നേലിന്റെ അധികാരപൗരോഹിത്യത്തിനെതിരെയുള്ള പോരാട്ടം അരനൂറ്റാണ്ട് പിന്നിട്ട് ഇന്നും തുടർന്നുകൊണ്ടിരിക്കുകയാണ്. കത്തോലിക്കാസഭയുടെ അക്രൈസ്തവവും, അൽമേനികളുടെ കൂദാശാപരമായ അവകാശങ്ങൾ നിഷേധിക്കുന്നതുമായ നിലപാടുകൾക്കും, സഭയുടെ തെറ്റായ ആചാരാനുഷ്ഠാനങ്ങൾക്കും, മാനിക്കേയൻ കുരിശുവിവാദത്തിൽ ഇടപെട്ട് കൽദായവത്ക്കരണത്തിനും പൗരസ്ത്യകാനോൻനിയമം അടിച്ചേൽപ്പിച്ചതിനുമൊക്കെ എതിരെ ആശയപരമായി നടത്തിയ സമരസന്നാഹങ്ങൾക്ക് ഒടുവിലാണ്, പള്ളിവക സ്വത്ത് കൈകാര്യം ചെയ്യാൻ 'പള്ളിനിയമം' (ചർച്ച് ആക്ട്) വേണം എന്നുള്ള ആവശ്യം അദ്ദേഹം ഉന്നയിച്ചത്.

ഈ ഐതിഹാസിക സമരങ്ങളിലൊന്നുംതന്നെ വലിയ സംഘടനകളുടെ പിൻബലമോ ശക്തമായ മറ്റ് നേതൃത്വമോ അദ്ദേഹത്തിന് ഉണ്ടായിരുന്നില്ല. ഏതെങ്കിലും സംഘടനകളിലൂടെ അൽമായ നേതൃത്വത്തിൽ എത്താൻ പുലിക്കുന്നേൽ സാർ ആഗ്രഹിച്ചിരുന്നുമില്ല.

ബൈബിളിലും സഭാചരിത്രത്തിലും ദൈവശാസ്ത്രത്തിലും കാനോൻനിയമത്തിലും അഗാധപാണ്ഡിത്യം നേടി, നിശ്ചയദാർഢ്യത്തോടെയുള്ള പുലിക്കുന്നേൽ സാറിന്റെ ആശയപോരാട്ടങ്ങൾ ഇപ്പൻ എഴുതുന്നതുപോലെ, അജ്ഞസമൂഹത്തിലോ ബധിരകർണ്ണങ്ങളിലോ അന്ധനേത്രങ്ങളിലോ, വനരോദനമായോ ജലരേഖയായോ പരിണമിക്കുകയല്ല ചെയ്തിട്ടുള്ളത്. ഇതു തിരിച്ചറിയണമെങ്കിൽ കത്തോലിക്കാസഭയിലെ ചരിത്രപ്രധാനമായ വി.കെ കുര്യൻ മരിച്ചടക്കു കേസിലും, പുലിക്കുന്നേൽ സാർ നേതൃത്വം നൽകി നടത്തിയ വിവാഹങ്ങളിലും, അല്മേനികളുടെ കൂദാശാപരമായ അവകാശങ്ങൾക്കുവേണ്ടിയുള്ള പോരാട്ടങ്ങളിലും ഉണ്ടായ ജനപിന്തുണ അറിയേണ്ടതായുണ്ട്. പണ്ട് പുരോഹിതരുടെ വിരട്ടലുകൾക്കും ഭീഷണികൾക്കുംമുമ്പിൽ ഓച്ചാനിച്ചു നിന്നിരുന്ന അല്മേനികൾ, പുരോഹിതരുടെ നീതിനിഷേധങ്ങൾ എല്ലാ ഇടവകകളിലും ചോദ്യംചെയ്തു തുടങ്ങി. ചില പുരോഹിതർ അടക്കം പറയുന്നത് ശ്രദ്ധിക്കുക: 'ഈ ഓശാനകൂടിയില്ലായിരുന്നെങ്കിൽ കത്തോലിക്കാസഭയുടെ കാര്യം എന്താകുമായിരുന്നു! '

പുലിക്കുന്നേൽ സാർ യേശുവിന്റെ പ്രബോധനമനുസരിച്ചു സുവിശേഷപ്രവർത്തനം നടത്തുന്ന ആളായിട്ടാണ് മനസിലാക്കുന്നത്. റോമിന്റെ ആധിപത്യത്തിൽ അമർന്ന, പാലസ്തീനായിലെ പാവപ്പെട്ടവരെ അജ്ഞതയിലേക്കും അടിമത്തത്തിലേക്കും തള്ളിവിട്ടത് യഹൂദപുരോഹിതർ ആണെന്ന തിരിച്ചറിവാണ് യേശുവിനെ പുരോഹിത വിരോധിയാക്കി മാറ്റിയത്.

റോമിന്റെ അടിമത്തത്തിൽനിന്നു സ്വന്തം ജനതയെ വിമോചിപ്പിക്കുവാൻ യേശു രാഷ്ട്രീയഹിതപരിശോധന നടത്തുകയോ, തിരെഞ്ഞെടുപ്പിൽ സ്ഥാനാർത്ഥിയാകുകയോ, ഒരു രാജ്യം സ്ഥാപിക്കാൻവേണ്ടി പടയാളികളെ കൂട്ടുകയോ ചെയ്യുന്നതായി നാം ബൈബിളിൽ വായിക്കുന്നില്ല. എന്നാൽ സ്വർഗരാജ്യം ഈ ഭൂമിയിൽ വരുന്നതിന് ജനക്കൂട്ടത്തോടു പ്രസംഗിച്ചും അജ്ഞരെ പഠിപ്പിച്ചും പുരോഹിതരുടെ ചെയ്തികളെ വിമർശിച്ചും ഗ്രാമങ്ങളിലും പട്ടണങ്ങളിലും നടന്നുനീങ്ങി. മനഃപരിവർത്തനം വന്ന അനേകർ. യേശുവിനെ അനുഗമിച്ചു.

സ്വാതന്ത്ര്യം അറിഞ്ഞ് അത് ആർജിക്കുന്നവർക്കുമാത്രമേ വിമോചനമുള്ളൂ. പുരോഹിതാധിപത്യത്തിൽനിന്നും വിശ്വാസികളെ സ്വതന്ത്രരാക്കാൻ, രാഷ്ട്രീയപാർട്ടികൾ നിയമനിർമ്മാണത്തിലൂടെ നേടിത്തരുന്ന ചർച്ച് ആക്ടുകൊണ്ട് വലിയ പ്രയോജനമുണ്ടാകുമെന്ന് കരുതുന്നില്ല.

കത്തോലിക്കാസഭയിൽ അതിവിദൂരമല്ലാത്ത ഭാവിയിൽ വമ്പിച്ച മാറ്റങ്ങൾ ഉണ്ടാകാൻ പോകുന്നു. അതിന്റെ അലയടികൾ ഫ്രാൻസീസ് മാർപ്പാപ്പായിലൂടെ വത്തിക്കാനിൽ തുടങ്ങിക്കഴിഞ്ഞു എന്നു വേണം കരുതാൻ. രാജ്യവും ശക്തിയും അധികാരവും പ്രതാപവും അടക്കിവാഴുന്ന പുരോഹിതൻമാരെ വേണോ, അതോ വിശക്കുന്നവരോടും ദാഹിക്കുന്നവരോടും വസ്ത്രമില്ലാത്തവരോടും രോഗികളോടും ഫാ. അബ്രഹാം കൈപ്പൻപ്ലാക്കലിനെപ്പോലെ, 'ഞാൻ നിങ്ങ

ളുടെ കൂടെയുണ്ട്', നിങ്ങളെ ശുശ്രൂഷിക്കാൻ ഞാൻ വരുന്നു' എന്നു പറയുന്ന പുരോഹിതരെ വേണോ?

വിശ്വാസികൾ തിരിച്ചറിവിന്റെ പാതയിലാണ്.

ഫോൺ: 9745422408

'ചൊറിയിച്ചറിയി' ക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു

ടി.ഒ. ജോസഫ് തോട്ടുങ്കൽ
(ചെയർമാൻ, ക്നാനായ കത്തോലിക്കാ നവീകരണസമിതി)

സത്യജ്വാല സെപ്റ്റംബർ ലക്കത്തിൽവന്ന ശ്രീ ഇപ്പൻ സാറിന്റെ 'ചൊറിയിച്ചറിയിക്കണം' എന്ന ലേഖനം വായിച്ചു. അഭിനന്ദനങ്ങൾ!

തലക്കെട്ടിൽനിന്നുതന്നെ അദ്ദേഹത്തിന്റെ ആശയം വ്യക്തമാണ്. 'കേരള കത്തോലിക്കാസഭാനവീകരണപ്രസ്ഥാനം' എത്രയോ വർഷങ്ങളായി രൂപതകളിൽ നടക്കുന്ന മനുഷ്യാവകാശലംഘനങ്ങളെക്കുറിച്ചും സാമ്പത്തിക അഴിമതികളെക്കുറിച്ചും ചർച്ച് ആക്റ്റിന്റെ ആവശ്യകതയെക്കുറിച്ചും ലേഖനങ്ങളിലൂടെയും, ചർച്ചകൾവഴിയും പ്രകടനങ്ങളും പൊതുയോഗങ്ങളും സംഘടിപ്പിച്ചും, നിവേദനങ്ങളിലൂടെയും ബന്ധപ്പെട്ട സഭാധികാരികളെയും പൊതുജനങ്ങളെയും രാഷ്ട്രീയാധികാരികളെയും ബോദ്ധ്യപ്പെടുത്തിക്കൊണ്ടിരിക്കുന്നു. കേരളത്തിലെ വിവിധ രൂപതകളിൽ പ്രവർത്തിക്കുന്ന പന്ത്രണ്ടോളം നവീകരണസംഘടനകൾ അടങ്ങുന്ന 'ജോയിന്റ് ക്രിസ്ത്യൻ കൗൺസിലി'ന്റെ നേതൃത്വത്തിലും എത്രയോ ചർച്ചകളും ധർണകളും സംഘടിപ്പിച്ചിട്ടുണ്ട്. എത്രയോ നിവേദനങ്ങൾ സമർപ്പിച്ചിട്ടുണ്ട്! എന്നാൽ, ബന്ധപ്പെട്ട സഭാധികാരികൾ നാളിതുവരെ ഇതൊന്നും അറിഞ്ഞതായി ഭാവിച്ചിട്ടുപോലുമില്ല. മാധ്യമങ്ങൾ ഇതു ജനകീയമാക്കാൻ ശ്രമിക്കുന്നില്ല. വോട്ടുബാങ്കുഭയംമൂലം രാഷ്ട്രീയപാർട്ടികൾ കണ്ണുതുറക്കുന്നുമില്ല. ഈ സന്ദർഭത്തിലാണ് ഇപ്പൻ സാറിന്റെ ലേഖനത്തിന്റെ പ്രസക്തി. ഫ്രാൻസീസ് പാപ്പായുടെ കാലത്ത് ഏതെങ്കിലും അത്ഭുതങ്ങൾ നടന്നെങ്കിലല്ലാതെ സഭയിൽ സ്വയം തിരുത്തൽ ഉണ്ടാകുമെന്ന് പ്രതീക്ഷിക്കേണ്ടാ. മറിച്ച്, ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്ന തെറ്റുകൾ ശരിയെന്നു സ്ഥാപിച്ചെടുക്കുവാൻ വോട്ടുബാങ്കു കാണിച്ചുകൊണ്ട് ഗവൺമെന്റിനെ സമ്മർദ്ദത്തിലാക്കുന്ന നിലപാടാണ് സഭാനേതാക്കൾ സ്വീകരിച്ചിരിക്കുന്നത്. ഗവൺമെന്റുകൾ തിരിച്ചും.

അതുകൊണ്ട് സഭയിൽ ഉണ്ടാകണമെന്ന് നവീകരണപ്രസ്ഥാനങ്ങൾ ആവശ്യപ്പെടുന്ന പരിഷ്കാരങ്ങൾ ജനകീയാവശ്യങ്ങളായി മാറ്റേണ്ടിയിരിക്കുന്നു. 'ചർച്ച് ആക്ട്' ഒരു രാഷ്ട്രീയവിഷയമാണ്. അതു ജനകീയമാക്കാൻ ഏറ്റവും പറ്റിയ അവസരം തിരഞ്ഞെടുപ്പുകളാണ്. തിരഞ്ഞെടുപ്പുപ്രക്രിയയിലിടപെട്ട് ചർച്ച് ആക്ടിന്റെ ആവശ്യകത ജനങ്ങളെയും മാധ്യമങ്ങളെയും രാഷ്ട്രീയപാർട്ടികളെയും ബോദ്ധ്യപ്പെടുത്താൻ സാധിക്കും. രാഷ്ട്രീയപ്പാർട്ടികളെ സമ്മർദ്ദത്തിലാക്കാൻ സാധിക്കും. രാഷ്ട്രീയപാർട്ടികളുടെ ജയ-പരാജയങ്ങൾ നിർണ്ണയിക്കുവാൻ നമുക്കു സാധിക്കും. ചുരുക്കി പറഞ്ഞാൽ, നാം 'ചൊറിയിച്ചറിയി'ക്കേണ്ടകാലം അതിക്രമിച്ചിരിക്കുന്നു.

ഫോൺ: 9447056146

എങ്ങനെ ചൊറിയിച്ചറിയിക്കണം

റ്റി.റ്റി.മാത്യു തകടിയേൽ

വോട്ടുകളുടെ എണ്ണം നോക്കി മാത്രം നീതിയും നിയമവും നടപ്പാക്കുന്ന ഒരു രാഷ്ട്രീയനീതിശാസ്ത്രമാണ് ഈ രാജ്യത്തിന്ന് നിലനിൽക്കുന്നത്. ഇവിടെ ഒരു സാമൂഹികപ്രശ്നം ഉന്നയിക്കുമ്പോൾപോലും അതിന്റെ ന്യായാ - ന്യായങ്ങളോ നന്മ - തിന്മകളോ ഒന്നുംതന്നെ പരിഗണിക്കുന്നില്ല. വിഷയം അവതരിപ്പിക്കുന്നവരുടെ ആൾബലവും, അവരുടെവക വോട്ടെണ്ണവുംമാത്രം പരിഗണിക്കുന്നു. ഈ സാമൂഹിക രാഷ്ട്രീയ പരിസ്ഥിതിയോടാണ്. 'ചൊറിയിച്ചറിയിക്കണം' എന്ന ലേഖനത്തിൽക്കൂടി പ്രൊഫ. ഇപ്പൻ പ്രതികരിച്ചിരിക്കുന്നത്.

ഇന്ന് ഈ രാജ്യത്തെ എല്ലാ മതവിഭാഗങ്ങളുടെയും പൊതുസ്വത്തുക്കൾ ഭരിക്കുന്നതിന് നിയമ നിയന്ത്രണങ്ങളുണ്ട്. ഇന്ത്യയിലുള്ള ഒരു മതംതന്നെയാണ് ക്രിസ്തുമതം. അതിനാൽ ഈ മതത്തിനും നിയമ നിയന്ത്രണങ്ങൾ വേണം. ഇതൊരു ലോജിക്കിന്റെ ബാലപാഠം മാത്രമാണ്. അതുപോലെതന്നെ ഒരു സാമാന്യ നീതിയും. മേൽപ്പറഞ്ഞ നിയമം നടപ്പാക്കുന്നതിന്നു വേണ്ട ഒരു കരടുരേഖ സർക്കാരിനു മുൻപിലുണ്ടുതാനും. നിയമസഭയിൽ പാസ്സാക്കിയാൽ മതി. അതു ചെയ്യുന്നില്ല. മതാധിപത്യവും കക്ഷിരാഷ്ട്രീയവും കൂടിച്ചേർന്ന ഒരു പരസ്പരസഹായ സഹകരണസംഘമായ മതരാഷ്ട്രീയത്തിന്റെ ഒരു കപടനാടകമാണിവിടെ അരങ്ങേറുന്നത്. സെക്യൂലറിസം ഇന്ത്യൻ

ഭരണഘടനയുടെ പ്രഖ്യാപിതനയമാണ്. പലപ്പോഴും മതനേതാക്കൾ ഇതിനെതിരു നില്ക്കും. എന്നാൽ അതു നടപ്പാക്കാൻ രാഷ്ട്രീയപ്രവർത്തകർക്ക് ബാദ്ധ്യതയുണ്ട്. പക്ഷേ, അവരും സെക്യൂലറിസത്തിനെതിരെ മതപക്ഷം ചേർന്നാലോ? അതാണ് ഇവിടെ സംഭവിച്ചിരിക്കുന്നത്. അതുകൊണ്ടുതന്നെയാണ്, കൃഷ്ണയ്യർ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാരിന്റെ മുൻപിലുള്ള 'ചർച്ച് പ്രോപ്പർട്ടീസ് ട്രസ്റ്റുബിൽ-2009' നിയമമാക്കാത്തത്. പാസ്സാക്കാതിരിക്കാൻ വേറെ നിയമതടസ്സമുണ്ടെങ്കിൽ എന്തുകൊണ്ടു പറയാതിരിക്കണം? ഇതിനൊന്നും ഉത്തരമില്ല..

ഇവിടെ ഒരു മതരാഷ്ട്രീയക്കളി നടക്കുന്നതുകൊണ്ട് മതപരമായും രാഷ്ട്രീയമായും ഇതിനെ നേരിടേണ്ടിവരുന്നു. മേൽപ്പറഞ്ഞ രണ്ടു രീതിയിലുമുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു കൊണ്ടുപോകുവാൻ പറ്റിയ കേന്ദ്രം ഇന്ന് പാലാ തന്നെയാണ്.

രാഷ്ട്രീയമായി നോക്കിയാൽ കേരള കോൺഗ്രസ്സിനും കെ.എം.മാണിക്കും പള്ളിനിയമം പാസ്സാക്കേണ്ട ബാദ്ധ്യതയില്ല. കാരണം പള്ളിയേയും പട്ടക്കാരെയും കൃഷിക്കാരെയും സംരക്ഷിക്കുന്ന ഒരു യാഥാസ്ഥിതികപാർട്ടിയാണ് കേരളാ കോൺഗ്രസ്. എന്നാൽ, ഒരു പുരോഗമന പാർട്ടി എന്ന നിലയിൽ ഈ നിയമം പാസാക്കാനുള്ള ചുമതല കമ്മ്യൂണിസ്റ്റ് പാർട്ടിക്കുണ്ട്. ഇക്കാര്യങ്ങളൊക്കെ പിണറായി വിജയൻ തത്വത്തിൽ അംഗീകരിക്കുകയും ചെയ്യും. പക്ഷേ, പിണറായി വിജയനും പാർട്ടിയും ഇതിനെ അനുകൂലിച്ചാൽ കളിമാറും. നേരത്തെ പറഞ്ഞതുപോലെ മെത്രാൻ ഇറങ്ങി കളിക്കും. കെ.എം.മാണിസാർ കൂടെയിറങ്ങാൻ നിർബന്ധിതനാകും. മതരാഷ്ട്രീയം എന്ന തുറുപ്പു ചീട്ടിറക്കിക്കളിക്കും. വർഗ്ഗീയതയുടെ പുകമറ സൃഷ്ടിച്ചെന്നും വരും. അങ്ങനെ വരുമ്പോൾ ഒരു രാഷ്ട്രീയ നഷ്ടക്കച്ചവടത്തിന് വിജയൻ തയ്യാറാവുകയില്ല. കാരണം, മൂല്യാധിഷ്ഠിതരാഷ്ട്രീയം അവർ നിർത്തിയമട്ടാണ്. 1957-കാലഘട്ടത്തിലായിരിരുന്നെങ്കിൽ രാഷ്ട്രീയ ലാഭനഷ്ടങ്ങൾ നോക്കാതെ സാമൂഹിക നീതിക്കുവേണ്ടി നിലകൊള്ളുമായിരുന്നു.

സഭാപരമായി (മതപരമായി) ചില അനുകൂലസാഹചര്യങ്ങൾ ഇവിടെ ഉരുത്തിരിഞ്ഞു വരുന്നുണ്ട്. സഭാനവീകരണ പ്രസ്ഥാനക്കാർക്ക് ആശയും, ആവേശവും പ്രത്യാശയും നൽകിക്കൊണ്ടാണ് ഫ്രാൻസീസ് മാർപ്പാപ്പായുടെ സന്ദേശങ്ങളും നടപടികളും വന്നുകൊണ്ടിരിക്കുന്നത്. സന്മനസ്സുള്ള നിരീശ്വരന്മാർക്കുപോലും രക്ഷയുണ്ടെന്ന പാപ്പായുടെ പ്രഖ്യാപനം പള്ളിമേടകളെയും അരമനകളെയും ഞടുക്കം കൊള്ളിക്കുകയാണ്.

ഈ ഞടുക്കം മനസ്സിലാക്കിക്കൊണ്ടാണെങ്കിലും അല്ലെങ്കിലും, പാലായിൽ കെ.സി.ആർ.എം. പ്രവർത്തകർ പുതിയ മാർപ്പാപ്പായ്ക്ക് ഓശാന പാടിക്കൊണ്ട് മെത്രാസന അരമനവരെ പ്രകടനം നടത്തി. ഇന്നു പാലായിൽ മെത്രാൻ പക്ഷത്തെക്കാൾ പാപ്പായെ ആദരിക്കുന്നത് കെ.സി.ആർ.എം. ആണെന്നു വരുന്നു. ഇങ്ങനെ ഒരു തിരിവിനെ നല്ല ഉദ്ദേശ്യത്തോടുകൂടി മുതലാക്കണം. ഇവിടെ മെത്രാൻപക്ഷമാണോ - പാപ്പാപക്ഷമാണോ ശരി എന്ന സന്ദേഹം സാധാരണ വിശ്വാസികളിൽത്തന്നെ ഉണ്ടായിക്കൊള്ളും. ഇങ്ങനെ പോപ്പുപക്ഷമായി വരുന്ന നവീകരണക്കാരെല്ലാംതന്നെ പള്ളിനിയമപക്ഷക്കാരായിരിക്കും. ഇതാണ് നേരത്തെ പറഞ്ഞ മതപരമായ അനുകൂല സാഹചര്യം.

പിന്നെ, കേരളസഭാനവീകരണത്തിന്റെ തലതൊട്ടപ്പനാണ് പുലിക്കുന്നേൽ സാർ. സഭാപണ്ഡിതനായ അദ്ദേഹത്തിന്റെ നേതൃത്വമുണ്ടായാൽ അത് തെരഞ്ഞെടുപ്പിൽ നവീകരണപ്രസ്ഥാനക്കാരിലും മറ്റു ബൗദ്ധികമേഖലയിലുള്ളവരിലും വലിയ ഒരുണർവ്വുണ്ടാക്കും.

ഇന്നത്തെ മുന്നണിസംവിധാനത്തിൽ, പാലായിൽ പഴയപടി രണ്ടു സ്ഥാനാർത്ഥികളാണ് പ്രധാനമായും വരുന്നത്. ഇവിടെ തിരഞ്ഞെടുപ്പു പ്രചരണസമയങ്ങളിലും അതിനുശേഷവും പള്ളിനിയമത്തെ പിന്തുണക്കാൻ തയ്യാറുള്ള സ്ഥാനാർത്ഥിയെ അംഗീകരിക്കണം. കഴിഞ്ഞ തവണ 5000 വോട്ടിനുമാത്രമാണ് മാണിസാർ

സത്യജ്വാല

പരസ്യങ്ങൾ സ്വീകരിക്കുന്നു!

നിരക്കുകൾ താഴെ:

Cover Back Full -Colour	-	15000
Cover Back Inside -Colour	-	10000
Cover Front Inside-Colour	-	12000
Inside Full -B/w	-	7000
Inside Half -B/w	-	4000
Inside Qtr. -B/w	-	2000

വരുന്നു, സി.പി.ഐ.(എം)വക ക്രൈസ്തവ പള്ളികൾ!



മതവും രാഷ്ട്രീയവും കൈകോർത്താൽ ഏതാടിനെയും പട്ടിയോ പേപ്പട്ടിയോ ആക്കാം. തല്ലിക്കൊല്ലുകയും ചെയ്യാം. ഏതൊരു മനുഷ്യനെയും നക്സലൈറ്റോ, മാവോവാദിയോ ആയി ചിത്രീകരിച്ച് 'ഏറ്റുമുട്ടലിൽ' കൊല്ലാം. ഇഷ്ടമില്ലാത്ത ആരുടെയും കെട്ടിടത്തിന്റെ അടിത്തറ മാന്താം.

ഇന്ത്യയിലെ ചില രാഷ്ട്രീയപ്പാർട്ടികൾ അതിൽത്തന്നെ മതാടിത്തറ ഉള്ളവയാണ്. മതേതരസ്വഭാവം പുലർത്തുന്നവ എന്നു കരുതപ്പെടുന്ന പാർട്ടികൾ പ്രധാനമായും കോൺഗ്രസും കമ്മ്യൂണിസ്റ്റ്-,സോഷ്യലിസ്റ്റ് പാർട്ടികളുമാണ്. ഇതിൽ കമ്മ്യൂണിസ്റ്റ് പാർട്ടികൾ മതത്തെയും ആദ്ധ്യാത്മികതയെയും നിഷേധിക്കുന്ന പ്രത്യയശാസ്ത്രം പുലർത്തുന്നവയാണ്. പാർട്ടിയംഗങ്ങൾ മതവിശ്വാസികളെന്നുകണ്ടാൽ, 'മതമോഡ്'ലിൽത്തന്നെ അവരെ 'മഹറോൻ' ചൊല്ലുന്ന പതിവും അടുത്തകാലംവരെ ഈ പാർട്ടികളിലുണ്ടായിരുന്നു.

ഇപ്പോഴിതാ മതത്തിന്റെ ശക്തിയും പ്രതാപവും മനസ്സിലാക്കി, കമ്മ്യൂണിസ്റ്റു പാർട്ടികളിലെ പ്രമുഖകക്ഷിയായ സി.പി.ഐ. (എം) തിരിച്ചുനടത്തം തുടങ്ങിയിരിക്കുന്നു! അവർ, 'ക്രിസ്ത്യൻ മതവിശ്വാസികളായ പാർട്ടി അനുഭാവികൾക്കായി, സംസ്ഥാനത്തെ ക്രിസ്ത്യൻ ഭൂരിപക്ഷമേഖലകളിൽ പള്ളികൾ പണിയാൻ തീരുമാനിച്ചിരിക്കുകയാണ'ത്രെ! അതുപോലെ മുസ്ലീം ഭൂമിപക്ഷപ്രദേശങ്ങളിൽ മാർക്സിസ്റ്റനുഭാവികൾക്കായി പരിപാടികൾ സംഘടിപ്പിക്കുമ്പോൾ, നമസ്കാരത്തിനുള്ള സജ്ജീകരണങ്ങളും ഒരുക്കിക്കൊടുക്കുന്നുവത്രെ! 2013 നവംബർ 4-ലെ മനോരമയുടെ മുഖപേജിൽവന്ന ഈ വാർത്താശകലം വായിച്ചവരെല്ലാം, വോട്ടുലക്ഷ്യംവച്ചുള്ള മതേതരമാർക്സിസ്റ്റ് പാർട്ടിയുടെ ഈ 'മാനസാന്തര'മറിഞ്ഞ് അന്ധാളിച്ചുനിന്നിട്ടുണ്ടാകാം.

മതം അധഃപതിച്ച് രാഷ്ട്രീയമതമാകുന്നു; രാഷ്ട്രീയം അധഃപതിച്ച് മതരാഷ്ട്രീയമാകുന്നു! ഇവയുടെ ബാന്ധവത്തിൽനിന്ന് മത-രാഷ്ട്രീയമാഫിയ പിറക്കുകയും ചെയ്യുന്നു. കലികാല ദുർഗ്ഗതി! തന്റെ പേരിലുള്ള മതത്തെ നോക്കി യേശുവും, തന്റെ പേരിലുള്ള പാർട്ടിയെ നോക്കി മാർക്സും ഇന്നു വിലപിക്കുന്നുണ്ടാകും.

ജയിച്ചത്. ജയിച്ച കേരളാ കോൺഗ്രസ് സ്ഥാനാർത്ഥികളിൽ ഏറ്റവും കുറഞ്ഞ ഭൂരിപക്ഷം! മാണിസാർ ഇവിടെ എതിർസ്ഥാനാർത്ഥിയായി വരുകയും, കഴിഞ്ഞതവണത്തെ അനുഭവം ആവർത്തിക്കുകയും ചെയ്താൽ ഈ 5000 വോട്ട് മറികടക്കാൻ ഇവിടെ പുതിയ ഘടകങ്ങൾ പലതും രൂപപ്പെട്ടുവന്നിട്ടുണ്ട്. ഇന്നു പാലായിൽ ശക്തിപ്പെട്ടു വരുന്ന നവീകരണ പ്രസ്ഥാനക്കാരുടെ (പാപ്പാപക്ഷം) വോട്ടും, അവരുടെ പ്രചരണവും. കേരളത്തിന്റെ പല ഭാഗങ്ങളിലുള്ള നവീകരണപ്രവർത്തകരുടെ പാലായിൽ വന്നുള്ള തിരഞ്ഞെടുപ്പു പ്രചരണം. നമ്മുടെ എതിർസ്ഥാനാർത്ഥി യു.ഡി.എഫ് ആണെങ്കിൽ അതിൽത്തന്നെയുള്ള എ, ബി ഗ്രൂപ്പുകളി; കേരളാകോൺഗ്രസിലെ എ.ബി.ഗ്രൂപ്പുകളി, ഇതൊക്കെ വരും.

സഭാപരമായും രാഷ്ട്രീയമായും ഇത്രയും അനുകൂലമായ മതരാഷ്ട്രീയസാഹചര്യം ഇന്നു പാലായിലുള്ളതുപോലെ വേറെ മണ്ഡലങ്ങളിലൊന്നുമില്ല. ഈ തിരഞ്ഞെടുപ്പിൽ പാലായിൽ പള്ളിനിയമം മുൻനിർത്തിയുള്ള ഒരു തെരഞ്ഞെടുപ്പുപ്രചരണമുണ്ടായാൽ, അതു താമസിയാതെതന്നെ കേരളവ്യാപകമായിത്തീരും. കേരളത്തിന്റെ പലഭാഗങ്ങളിൽ നിന്നു വരുന്ന സമാനസ്വഭാവക്കാരായവരുടെ കൂട്ടായ സംരംഭം രാഷ്ട്രീയമായും സഭാപരമായുമുള്ള ഭാവിപ്രവർത്തനങ്ങൾക്ക് ഏറെ ഗുണകരമാകും.

ഈ രാജ്യത്ത് സാമൂഹിക നീതി നടപ്പാകണമെങ്കിൽ നിലവിലുള്ള കക്ഷിരാഷ്ട്രീയത്തെയും അതിജീവിക്കേണ്ടതുണ്ട് എന്ന തിരിച്ചറിവുകൂടി നൽകുന്നു, ഇപ്പൻ സാറിന്റെ 'ചൊറിയിച്ചറിയിക്കണ'മെന്ന ലേഖനം.

ഫോൺ:9497632219

ഞെട്ടിക്കുന്ന മാർപ്പാപ്പാ



[ഇറ്റാലിയൻ ദിനപത്രമായ 'ലാ റിപ്പബ്ലിക്കാ'യുടെ സ്ഥാപകപത്രാധിപരും നിരീശ്വരവാദിയുമായ സ്ക്കൽഫാരി ഫ്രാൻസീസ് മാർപ്പാപ്പായുമായി നടത്തിയ അഭിമുഖത്തിലെ ഉദ്ധരണികൾ തർജ്ജമ ചെയ്ത് ഈ ലക്കം 'സത്യജ്വാല'യിൽ പ്രസിദ്ധീകരിക്കാനിരിക്കെയാണ്, ഒക്ടോബർ 24-ാം തീയതിയിലെ 'മാതൃഭൂമി' പത്രത്തിൽ അതു പ്രസിദ്ധീകരിച്ചുവന്നത്. അതു കാണാത്ത 'സത്യജ്വാല' വായനക്കാർക്കുവേണ്ടി അതിൽനിന്നും, ഏറെ പ്രസക്തമെന്നു തോന്നിയ ഏതാനും ഭാഗങ്ങൾ എടുത്തു പ്രസിദ്ധീകരിക്കുകയാണിവിടെ-എഡിറ്റർ]



? അങ്ങ് എനിക്കെഴുതിയ കത്തിൽ പറഞ്ഞിട്ടുണ്ട്, മനഃസാക്ഷിക്ക് സ്വയംഭരണമുണ്ടെന്നും നാമോരോരുത്തരും സ്വന്തം മനഃസാക്ഷിയെ അനുസരിക്കണമെന്നും. ഒരു മാർപ്പാപ്പാ പറയുന്ന ഏറ്റവും ധീരമായ കാര്യമാണിതെന്നാണ് എനിക്കു തോന്നിയത്.

-ഞാനത് വീണ്ടും ആവർത്തിക്കാം. ഓരോരുത്തർക്കും എന്താണ് നന്മയും തിന്മയുമെന്ന് സ്വന്തമായ ആശയങ്ങളുണ്ട്. അയാൾ ധരിക്കുന്ന രീതിയിൽ ആ നന്മയെ അനുഗമിക്കാനും തിന്മയോടു പൊരുതാനും സ്വയം തീരുമാനിക്കണം. അത്രയും മതി, ഈ ലോകം ഒരു നല്ല സ്ഥലമായി മാറാൻ.

? സഭ അത് ചെയ്യുന്നുണ്ടോ?

-ഉണ്ട്. അതാണ് ഞങ്ങളുടെ ദൗത്യത്തിന്റെ ഉദ്ദേശ്യം. ജനങ്ങളുടെ പ്രസക്തവും അപ്രസക്തവുമായ ആവശ്യങ്ങൾ തിരിച്ചറിഞ്ഞ് ഞങ്ങൾക്കാവുംവിധം അതു നേടിക്കൊടുക്കുക. ക്രിസ്തീയസ്നേഹം എന്നാൽ, എന്താണെന്ന് താങ്കൾക്കറിയുമോ?

? ഉവ്വ്, എനിക്കറിയാം.

-നമ്മുടെ കർത്താവ് പ്രബോധിപ്പിച്ചതുപോലെ അത് അന്യനോടുള്ള സ്നേഹമാണ്. അതു മതപരിവർത്തനമല്ല. അതു സ്നേഹമാണ്; സ്വന്തം അയൽക്കാരനോടുള്ള സ്നേഹം. പൊതുനന്മയ്ക്കു രുചിപകരുന്ന കാര്യമാണത്.

? നിന്നെപ്പോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക.

-കൃത്യമായും അതുതന്നെ.

? അന്യനോടുള്ള സ്നേഹം തന്നോടുള്ള സ്നേഹം പോലെയാണെന്ന് യേശു പറഞ്ഞു. പക്ഷേ, ആത്മസ്നേഹം (നാർസിസിസം) പരസ്നേഹംപോലെ സാധുവാണെന്നും നല്ലതാണെന്നും സ്ഥാപിച്ചു ചിലർ.

-ആത്മസ്നേഹം, ആ വാക്ക് എനിക്ക് ഇഷ്ടമല്ല. അത് തന്നോടുതന്നെയുള്ള അമിതമായ സ്നേഹമാണ്. അതു നല്ലതല്ല, അതു ബാധിച്ചവരുടെ ആത്മാവിനുമാത്രമല്ല, അവരുമായി ബന്ധമുള്ളവർക്കും അവർ ജീവിക്കുന്ന സമൂഹത്തിനും ഗുരുതരമായ ഹാനികൾ വരുത്തും. ഈ മാനസികവൈകല്യം ബാധിച്ചവർ മിക്കവരും ധാരാളം അധികാരമുള്ളവർ ആണെന്നതാണ് യഥാർത്ഥപ്രശ്നം. പലപ്പോഴും മേലാളന്മാരാണ് ആത്മസ്നേഹികൾ.

? പല സഭാമേലാളന്മാരും അങ്ങനെയായിരുന്നു.

-ഞാനിതിനെപ്പറ്റി എന്താണ് കരുതുന്നതെന്നറിയാമോ? സ്വന്തം രാജസഭാംഗങ്ങളുടെ മുഖസ്തുതി കേട്ട് കോരിത്തരിക്കുന്ന നാർസിസിസ്റ്റുകളായിരുന്നു പലപ്പോഴും സഭാദ്ധ്യക്ഷന്മാർ. ഈ രാജധാനി പാപ്പാഭരണസംവിധാനത്തിന്റെ കുഷ്ഠരോഗമാണ്.

? ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പാ തള്ളിപ്പറഞ്ഞ വിമോചനദൈവശാസ്ത്രം ലാറ്റിൻ അമേരിക്കയിൽ വ്യാപകമായിരുന്നു.

-അതെ, അതിലെ പല അംഗങ്ങളും അർജന്റീനക്കാരായിരുന്നു.

? മാർപ്പാപ്പാ അവർക്കെതിരെ പൊരുതിയത് ശരിയാണെന്ന് അങ്ങേക്കു തോന്നുന്നുണ്ടോ?

-അവരുടെ പ്രത്യയശാസ്ത്രത്തിന് അത് രാഷ്ട്രീയനിറം നൽകി. എങ്കിലും അവരിൽ പലരും മാനവികതയെപ്പറ്റി ഉയർന്ന ധാരണകളുള്ള വിശ്വാസികളായിരുന്നു.

? ആത്മജ്ഞാനികൾ (mystics) സഭയുടെ കാര്യത്തിൽ പ്രധാനമാണെന്ന് അങ്ങു കരുതുന്നുണ്ടോ?

-അത് മുഖ്യമാണ്- ആത്മജ്ഞാനികളില്ലാത്ത മതം വെറും തത്ത്വശാസ്ത്രമാണ്.

? അങ്ങേക്ക് ആത്മജ്ഞാനത്തിന്റെ നിയോഗമുണ്ടോ?

-എന്തു തോന്നുന്നു?

? ഇല്ല, എനിക്കങ്ങനെ തോന്നുന്നില്ല.

-താങ്കൾ ശരിയായിരിക്കാം. എനിക്ക് ആത്മജ്ഞാനികളോടു സ്നേഹമാണ്. സ്വന്തം ജീവിതത്തിൽ വി. ഫ്രാൻസീസും അതായിരുന്നു. പക്ഷേ, എനിക്ക് ഈ നിയോഗമുണ്ടെന്നു തോന്നുന്നില്ല. നാം ആ പദത്തിന്റെ ആഴത്തിലുള്ള അർത്ഥം അറിയണം. ആത്മജ്ഞാനി കർമ്മങ്ങളും വസ്തുതകളും ലക്ഷ്യങ്ങളും ഇടവകയിലെ ദൗത്യംപോലും അഴിച്ചെറിയണം. എന്നിട്ട് പരമപദവുമായി ഐക്യപ്പെടുന്നതുവരെ ഉയരണം. കുറച്ചുനിമിഷങ്ങളേ ഉണ്ടാവൂ അത്. എങ്കിലും ഒരായുഷ്കാലം നിറഞ്ഞുനിൽക്കും.

? എന്നെങ്കിലും അങ്ങേക്ക് അത് അനുഭവപ്പെട്ടിട്ടുണ്ടോ?

-അപൂർവ്വമായി. ഉദാഹരണത്തിന്, കോൺക്ലേവ് എന്നെ മാർപ്പാപ്പായായി തിരഞ്ഞെടുത്തപ്പോൾ. അതു സ്വീകരിക്കുന്നതിനുമുമ്പ് അൽപ്പനേരം ഒരു മുറിയിൽ ഏകനായി ഇരിക്കാൻ ഞാൻ അനുവാദം ചോദിച്ചു. എന്റെ തലമുഴുവൻ ശൂന്യമായിരുന്നു. എനിക്കാണെങ്കിൽ എന്തെന്നില്ലാത്ത ആശങ്കയും. ഞാൻ കണ്ണുകളടച്ച് ഉള്ളിലുള്ള എല്ലാ ചിന്തകളെയും ഇല്ലാതാക്കി, ആ സ്ഥാനം തിരസ്കരിക്കുന്നതിനെപ്പറ്റിയുള്ള ചിന്തപോലും. എനിക്ക് ആശങ്കകളും വികാരങ്ങളും ഒന്നും ഇല്ലാതായി. ഈ നിമിഷം വലിയൊരു പ്രകാശം എന്റെ ഉള്ളിൽ നിറഞ്ഞു. അതൊരു നിമിഷമേ ഉണ്ടായുള്ളൂ. പക്ഷേ, എനിക്കത് വളരെ നേരം നീണ്ടതായി തോന്നി. അത് മങ്ങിയപ്പോൾ ഞാൻ എഴുന്നേറ്റ് കർദ്ദിനാൾമാർ കാത്തിരിക്കുന്ന മുറിയിലേക്കുപോയി. അവിടെ മേശപ്പുറത്ത് ഞാൻ സ്വീകരിക്കാനുള്ള ഉത്തരവുണ്ടായിരുന്നു. ഞാനതിൽ ഒപ്പിട്ടു.

? നിങ്ങൾ ക്രിസ്ത്യാനികൾ ഇന്ന് ഒരു ന്യൂനപക്ഷമാണ്. മാർപ്പാപ്പായുടെ വീട്ടുമുറ്റമായി അറിയപ്പെടുന്ന ഇറ്റലിയിൽപോലും, ചില സർവ്വേകൾ അനുസരിച്ച്, പള്ളിയിൽ പോകുന്ന കത്തോലിക്കരുടെ എണ്ണം 15 ശതമാനത്തിലും താഴെയാണ്.

-ഞങ്ങൾ എന്നും ന്യൂനപക്ഷം ആയിരുന്നു. ഞങ്ങളുടെ ലക്ഷ്യം മതപരിവർത്തനമല്ല; ജനങ്ങളുടെ മോഹങ്ങൾ, മോഹഭംഗങ്ങൾ, നിരാശകൾ, പ്രത്യാശ എന്തൊക്കെയെന്നു ശ്രദ്ധിക്കുകയാണ്. യുവാക്കളിൽ നാം പ്രത്യാശ പുനഃസ്ഥാപിക്കണം, വൃദ്ധരെ സഹായിക്കണം, ഭാവിക്കുവേണ്ടി വാതിലുകൾ തുറക്കണം, സ്നേഹം പ്രചരിപ്പിക്കണം. പാവപ്പെട്ടവരിൽ പാവപ്പെട്ടവരാകണം, പുറത്താക്കപ്പെട്ടവരെ ഉൾക്കൊള്ളിക്കണം, ശാന്തിക്കുവേണ്ടി ഉദ്ബോധനം നടത്തണം.

? യേശു ചൂണ്ടിക്കാട്ടിയതുപോലെ അയൽക്കാരനെ നിന്നെപ്പോലെ സ്നേഹിക്കണം.അത് നടക്കുന്നുണ്ടെന്ന് അങ്ങേക്ക് തോന്നുന്നുണ്ടോ?

-നിർഭാഗ്യവശാൽ ഇല്ല. സ്വാർത്ഥത വളരുകയും അന്യരോടുള്ള സ്നേഹം കുറയുകയുമാണ് ചെയ്തത്.

? വത്തിക്കാന്റെ ചുവരുകൾക്കുള്ളിലും മൊത്തം സഭയുടെ സ്ഥാപനഘടനയിലും ലൗകികശക്തികളോടുള്ള സ്നേഹം ശക്തമാണെന്നാണ് എനിക്ക് തോന്നുന്നത്. അങ്ങ് ആഗ്രഹിക്കുന്നതരം ദരിദ്രമായ, ദൗത്യബോധമുള്ള സഭയെ ഈ സ്ഥാപനം കീഴ്പ്പെടുത്തി എന്നാണ് എനിക്ക് തോന്നുന്നത്.

-സത്യത്തിൽ അങ്ങനെയാണ് കാര്യങ്ങൾ. ഈ മേഖലയിൽ നിങ്ങൾക്ക് മഹാത്ഭുതങ്ങൾ കാട്ടാൻ കഴിയില്ല. ജീവിച്ചിരുന്ന കാലത്ത് ഫ്രാൻസീസ് പോലും തന്റെ വ്യവസ്ഥയുടെ ചട്ടങ്ങൾ അംഗീകരിപ്പിക്കാൻവേണ്ടി റോമൻ അധികാരശ്രേണിയും മാർപ്പാപ്പായുമായി ദീർഘമായ ചർച്ചകൾ നടത്തിയ

– ഞാൻ വിശ്വസിക്കുന്നത് ദൈവത്തിലാണ്, കത്തോലിക്കാ ദൈവത്തിലല്ല. അങ്ങനെയൊരു കത്തോലിക്കാദൈവമില്ല. ഞാൻ യേശുവിലും അദ്ദേഹത്തിന്റെ അവതാരത്തിലും വിശ്വസിക്കുന്നുണ്ട്. യേശു എന്റെ ഗുരുവും ഇടയനുമാണ്.

കാര്യം ഞാൻ ഓർമ്മിപ്പിക്കട്ടെ. ഒടുവിൽ അദ്ദേഹത്തിന് അനുവാദംകിട്ടി, വലിയ മാറ്റം വരുത്തലുകളോടെയും അനുരഞ്ജനങ്ങളോടെയും.

ഇനി ഞാൻ ഒരു ചോദ്യം ചോദിച്ചോട്ടെ. ദൈവവിശ്വാസമില്ലാത്ത, മതേതരവാദിയായ താങ്കൾ എന്തിലാണ് വിശ്വസിക്കുന്നത്? എഴുത്തുകാരനും ചിന്തിക്കുന്ന മനുഷ്യനുമായ താങ്കൾ എന്തിലെങ്കിലും വിശ്വസിക്കുന്നുണ്ടാവണം, പ്രമുഖമായ ഒരു മൂല്യം ഉണ്ടാവണം. സത്യസന്ധത, അന്വേഷണം, പൊതുനന്മ തുടങ്ങിയ വാക്കുകൾകൊണ്ട് ഉത്തരം പറയരുത്. ഈ ലോകത്തിന്റെ, അല്ലെങ്കിൽ പ്രപഞ്ചത്തിന്റെതന്നെ, സത്ത എന്താണെ

KCRM-ന് വീണ്ടും അഭിമാനനിമിഷങ്ങൾ!



2013 സെപ്തംബർ 22-ന് 'കേരളകത്തോലിക്കാസഭാനവീകരണ പ്രസ്ഥാന' (KCRM) ത്തിന്റെ ഇടുക്കി ജില്ലാക്കമ്മറ്റി രൂപീകരിച്ചതിനു തൊട്ടുപിന്നാലെ, ഒക്ടോബർ 27-ന് പാലാ മേഖലാക്കമ്മറ്റിക്കും രൂപംകൊടുത്തു. മണ്ണയ്ക്കനാട് പള്ളിയുടെ ഗ്രോട്ടോ (പിയാത്തേ) തകർത്ത വികാരിക്കെതിരെ ഇടവകക്കാർക്കുണ്ടായ അമർഷത്തെ സൃഷ്ടിപരമായി നയിച്ച്, പ്രതിഷേധയോഗത്തിനും പത്രസമ്മേളനത്തിനും അഖണ്ഡജപമാലാ പ്രാർത്ഥനായജ്ഞത്തിനും നേതൃത്വംകൊടുത്തു വിജയിപ്പിച്ച 'മണ്ണയ്ക്കനാട് ഇടവക ആക്ഷൻ കൗൺസിൽ' പ്രവർത്തകരെ ഉൾപ്പെടുത്തിക്കൊണ്ടാണ് KCRM പാലാ മേഖലാക്കമ്മറ്റിക്കു രൂപംകൊടുത്തത്. അവരുടെ പ്രവർത്തനങ്ങൾക്ക് തുടക്കംമുതൽ പിന്തുണ നൽകിയിരുന്ന KCRM എന്ന പ്രസ്ഥാനത്തിന്റെ ഭാഗമാകാൻ ആക്ഷൻ കൗൺസിൽ താല്പര്യം പ്രകടിപ്പിക്കുകയും KCRM സംസ്ഥാനനേതൃത്വം അത് അംഗീകരിക്കുകയുമായിരുന്നു. **ശ്രീ. പി.എസ്. ഐസക് തെന്നാട്ട്** രക്ഷാധികാരിയായി രൂപംകൊടുത്ത പാലാ മേഖലാക്കമ്മറ്റിയുടെ ഭാരവാഹികളുടെയും അംഗങ്ങളുടെയും പേരുവിവരം താഴെകൊടുക്കുന്നു:

ഭാരവാഹികൾ:

ജോസ് പി. മാത്യു, പൂവത്തേട്ട് -9446923284(പ്രസിഡന്റ്), ഡോ. ടി.എം. ജോർജ്, ആനയ്ക്കനാട്ട് -99671721528 - (ജന. സെക്രട്ടറി), ടിജോ ഐസക്, തെന്നാട്ട്-9447043478 (വൈസ് പ്രസിഡന്റ്), റോയി ജോസഫ് കുഴിപ്പള്ളിൽ-9495524766 (വൈസ് പ്രസിഡന്റ്), ഒ.ജെ. മാത്യു, ഓലിക്കൽ പുത്തൻപുര-9446080668 - (വൈസ് പ്രസിഡന്റ്), ജിനോ തോമസ്, പൂതക്കാട്ടിൽ -9446982322 (സെക്രട്ടറി), സിബി തോമസ്, തയ്യിൽ - 9526003632 (സെക്രട്ടറി), പ്രിൻസ് കുരുവിള, ഈഴക്കുന്നേൽ -9744656695 (ട്രഷറർ)

കമ്മറ്റിയംഗങ്ങൾ

1) ബോബി ഗ്രിഗറി, ഈഴക്കുന്നേൽ, 2) മത്തായി മാത്യു, കുടകനാടിയിൽ, 3)സണ്ണി ജോസഫ്, കുടകനാടിയിൽ, 4) ജോഷി പോൾ, ഈഴക്കുന്നേൽ, 5) കുഞ്ഞുമോൻ, സെബാസ്റ്റ്യൻ, തെന്നാട്ട്, 6) ഇമ്മാനുവേൽ ജോസഫ്, തറപ്പേൽ

KCRM സംസ്ഥാന ഭാരവാഹികളായ, സർവ്വശ്രീ കെ. ജോർജ് ജോസഫ്, മാത്യു തറക്കുന്നേൽ, സി. വി. സെബാസ്റ്റ്യൻ, ജോർജ് മൂലേച്ചാലിൽ എന്നിവരുടെയും ഇടുക്കി ജില്ലാക്കമ്മറ്റി ഭാരവാഹികളായ സർവ്വശ്രീ റെജി ഞള്ളാനി, എം.എൽ. ആഗസ്തി, ശ്രീമതി സിസ്സിലി തോമസ് എന്നിവരുടെയും സാന്നിദ്ധ്യത്തിലായിരുന്നു പാലാ മേഖലാകമ്മറ്റി രൂപീകരണം.

കെ.കെ. ജോസ് കണ്ടത്തിൽ
(കെ.സി.ആർ.എം. സംസ്ഥാന സെക്രട്ടറി)

ന്നാണു താങ്കൾ കരുതുന്നത്. എന്നാണ് ഞാൻ ചോദിക്കുന്നത്. നാം ആരാണ്, എവിടെനിന്നാണു വരുന്നത്, എങ്ങോട്ടാണു പോകുന്നത് എന്നൊക്കെ എല്ലാവരും ചോദിക്കുന്ന ചോദ്യങ്ങൾ സ്വയം ചോദിക്കണം. കുട്ടികൾപോലും അത് സ്വയം ചോദിക്കാറുണ്ട്.

? എനിക്ക് ഈ ചോദ്യത്തോട് നന്ദിയുണ്ട്. എന്റെ ഉത്തരം ഇതാണ്: ഞാൻ അസ്തിത്വത്തിലാണ് വിശ്വസിക്കുന്നത്. ഈ കോശകലയിൽനിന്നാണ് എല്ലാ രൂപങ്ങളും ദേഹങ്ങളും ഉണ്ടാകുന്നത്.

-ഞാൻ വിശ്വസിക്കുന്നത് ദൈവത്തിലാണ്, കത്തോലിക്കാ ദൈവത്തിലല്ല. അങ്ങനെയൊരു കത്തോലിക്കാദൈവമില്ല. ഞാൻ യേശുവിലും അദ്ദേഹത്തിന്റെ അവതാരത്തിലും വിശ്വസിക്കുന്നുണ്ട്. യേശു എന്റെ ഗുരുവും ഇടയനുമാണ്. പക്ഷേ, ദൈവം, ആബ, പിതാവ് പ്രകാശവും സ്രഷ്ടാവുമാണ്. ഇതാണ് എന്റെ അസ്തിത്വം. നമ്മൾതമ്മിൽ വളരെ അകലമുണ്ടെന്ന് തോന്നുന്നുണ്ടോ?

ഇതാണ് ഫ്രാൻസീസ് മാർപ്പാപ്പാ. സഭ അദ്ദേഹത്തെപ്പോലെയാവുമെങ്കിൽ, അത് എന്താകണമെന്ന് അദ്ദേഹം ആഗ്രഹിക്കും പോലെയാവുമെങ്കിൽ, അത് ഒരു യുഗസംക്രമമായിരിക്കും.



'പുരോഹിതശാപത്തെ ഭയക്കേണ്ടതില്ല'
- ഫാ. ഡേവീസ് കാച്ചപ്പള്ളി

മാതാവിന്റെ രൂപംതകർത്തത് ചോദ്യംചെയ്യണമെന്നും, അതിന് ഒരു പുരോഹിതശാപത്തെയും ഭയപ്പേടേണ്ടതില്ലെന്നും രൂപം തകർത്ത വൈദികനാണ് ശാപം അർഹിക്കുന്നതെന്നും ഫാ. ഡേവീസ് കാച്ചപ്പള്ളി സി.എം.ഐ. പ്രസ്താവിച്ചു. 2013 ഒക്ടോബർ 20-ാം തീയതി ഞായറാഴ്ച വൈകിട്ട് 5 മണിക്ക് മണ്ണയ്ക്കനാട് (പൈക്കാട്) ജംഗ്ഷനിൽ 'മണ്ണയ്ക്കനാട് ഇടവക ആക്ഷൻ കൗൺസിലി'ന്റെയും 'കേരളകത്തോലിക്കാ സഭാനവീകരണപ്രസ്ഥാന'ത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ നടത്തിയ പ്രതിഷേധവിശദീകരണയോഗത്തിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു, ഫാ. ഡേവീസ് കാച്ചപ്പള്ളി. വികാരിയും കൂട്ടരും ചെയ്ത മഹാപരാധത്തിനു (ഒക്ടോബർ ലക്കം 30-ാം പേജ് കാണുക- എഡിറ്റർ) പരിഹാരമായി, പ്രാർത്ഥനയും ഉപവാസവും പരിഹാരപ്രദക്ഷിണവുമൊക്കെ ഇടവകജനങ്ങൾ നടത്തേണ്ടതാണ് എന്നദ്ദേഹം അഭിപ്രായപ്പെട്ടു. കൂടാതെ, പോലീസിലും കോടതിയിലും കുറ്റക്കാരെ കണ്ടെത്തി ശിക്ഷിക്കണമെന്നാവശ്യപ്പെട്ട്, പരാതി കൊടുക്കേണ്ടതും ആവശ്യമാണെന്നദ്ദേഹം പറഞ്ഞു. നിഷ്ഠൂരമായ ഇത്തരമൊരു സംഭവം നടന്നിട്ട്, അതു കണ്ടില്ലെന്നു നടിച്ച് അടങ്ങിയിരിക്കുന്നത് പരി. അമ്മയോടു ചെയ്യുന്ന തിന്മയാണെന്നും അദ്ദേഹം ഇടവകക്കാരെ ഉത്ബോധിപ്പിച്ചു. അദ്ദേഹത്തിന്റെ ഉജ്ജ്വലമായ പ്രസംഗം ഇടവകക്കാരുടെ ആത്മധൈര്യം വർദ്ധിപ്പിക്കുന്നതായിരുന്നു.

ആക്ഷൻ കൗൺസിലിലെ മുതിർന്ന അംഗമായ ഡോ. ടി.എം. ജോർജ്ജ് ആനയ്ക്കനാട്ടിന്റെ അദ്ധ്യക്ഷതയിൽനടന്ന യോഗത്തിൽ ഫാ. ഡേവീസ് കാച്ചപ്പിള്ളിയെക്കൂടാതെ കെ.സി.ആർ.എം നേതാക്കളായ ശ്രീ. ജോസഫ് വർഗ്ഗീസ് (ഇപ്പൻസാർ) കെ.കെ. ജോസ് കണ്ടത്തിൽ, കെ. ജോർജ് ജോസഫ്, കുമാരി ഇന്ദുലേഖാ ജോസഫ് എന്നിവരും പ്രസംഗിച്ചു.

യോഗത്തിൽ സ്വാഗതം ആശംസിച്ച ശ്രീ. ജോസ് പി. മാത്യു പൂവത്തേട്ട് ഗ്രോട്ടോ തകർക്കപ്പെട്ടതും തുടർന്നുണ്ടായ സംഭവവികാസങ്ങളും വിശദമായി പ്രതിപാദിച്ചു. ഡോ. ടി.എം. ജോർജിന്റെ അദ്ധ്യക്ഷപ്രസംഗത്തിൽ 'രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രബോധനങ്ങൾ വിശ്വാസികൾ ആഴത്തിൽ ഉൾക്കൊള്ളണം' എന്ന മേജർ ആർച്ചുബിഷപ്പിന്റെ ആഹ്വാനത്തെ പരാമർശിച്ച്, അതിനു വിരുദ്ധമായ സഭാധികാരികളുടെ പ്രവർത്തനങ്ങളെ നിശിതമായി വിമർശിച്ചു. 'ഞങ്ങളുടെ പള്ളികൾ നിന്റെ തന്തയുടെ വകയല്ല' എന്ന് അന്നത്തെ മെത്രാനോട് പാറേമ്മാക്കൽ ഗോവർണ്ണദോർ പറഞ്ഞവാക്കുകൾ ഉദ്ധരിച്ചുകൊണ്ട്, അത് ഇന്നത്തെ മെത്രാന്മാരോടും പറയാവുന്നതാണെന്ന് ശ്രീ. കെ. കെ. ജോസ് കണ്ടത്തിൽ തന്റെ പ്രസംഗത്തിൽ ഊന്നിപ്പറഞ്ഞു. പള്ളിപൂട്ടിയിടും എന്ന മെത്രാന്റെ ഭീഷണി ഇന്ത്യൻ പൗരന്റെ ആരാധനാസ്വാതന്ത്ര്യത്തിന്മേലുള്ള കടന്നുകയറ്റമാണെന്നും, അങ്ങനെ പൂട്ടിയാൽ, 24 മണിക്കൂറിനകം അദ്ദേഹത്തെക്കൊണ്ടുതന്നെ അതുതുറപ്പിക്കാൻ വകുപ്പുണ്ടെന്നും അദ്ദേഹം പറഞ്ഞു.

ശ്രീ. ജോസഫ് വർഗ്ഗീസ് (ഇപ്പൻസാർ) പ്രസംഗത്തിലുടനീളം 'ചർച്ച് ആക്ടി'ന്റെ ആവശ്യകതയെക്കുറിച്ചു വിശദമായി പ്രതിപാദിച്ചു. തന്നെയുമല്ല വരുന്ന തിരഞ്ഞെടുപ്പിൽ 'ചർച്ച് ആക്ട്' നമ്മുടെ ആവശ്യമായി ഉയർത്തിക്കാട്ടേണ്ടതുണ്ടെന്നും നിർദ്ദേശിച്ചു. കുമാരി ഇന്ദുലേഖാ ജോസഫിന്റെ പ്രസംഗത്തിൽ ഉടനീളം മരിയഭക്തി നിറഞ്ഞുനിന്നു.

മണ്ണയ്ക്കനാട് ഇടവകയിലെയും സമീപ ഇടവകകളിലേയും വിശ്വാസികളുടെ സാന്നിദ്ധ്യംകൊണ്ട് യോഗം ശ്രദ്ധേയമായി. ഏകദേശം 350 പേർ യോഗത്തിൽ പങ്കെടുത്തത് ആക്ഷൻ കൗൺസിൽ അംഗങ്ങൾക്കു സന്തോഷവും, വികാരിയച്ചനും ശിങ്കിടികൾക്കും ഭയവും പ്രദാനംചെയ്തു. ഒരു മൈക്കു പോലുമില്ലാതെയാണ് യോഗം നടത്തിയതെങ്കിലും (ഉന്നതങ്ങളിൽനിന്നും ഇടപെട്ട് മൈക്ക് സാങ്ക്ഷൻ നിരസിക്കപ്പെട്ടിരുന്നു) ശ്രോതാക്കളായിവന്ന വിശ്വാസികൾ യോഗം നടന്ന രണ്ടരമണിക്കൂർ സമയവും അതിൽ പങ്കെടുത്ത് അവരുടെ ഇച്ഛാശക്തിയോടുകൂടിയ പിന്തുണ പ്രകടമാക്കുകയുണ്ടായി.

-സണ്ണി ജോസഫ് കുടകനാടിയിൽ
(കെ.സി.ആർ.എം. പാലാ മേഖലാ കമ്മറ്റിയിംഗം)
ഫോൺ: 9656327400

ചരിത്രമേ, കോരിത്തരിക്കൂ!



ഇപ്പൻ

കർത്താവിന്റെ മുന്തിരിത്തോട്ടത്തിൽ കള പറിക്കാനിറങ്ങിയ അന്നുമുതൽ ഞാൻ കേൾക്കുന്നതാണ് ഒട്ടകത്തെ സൂചിക്കുഴയിൽക്കൂടി കടത്തുന്നതിലും അസാദ്ധ്യമാണതെന്ന്. കത്തോലിക്കാസഭ ആനയാണത്രെ! നമ്മളൊക്കെ ഉറുമ്പുകളും. തുമ്പിക്കൈയിലൂടെ അരിച്ചരിച്ചു കയറിച്ചെല്ലുന്ന കട്ടുറുമ്പാണ് ഏതു മദയാനയുടെയും ഉറക്കം കെടുത്തുന്നതെന്ന കാര്യം മറക്കരുത്. സഭയുമായി നടത്തിയ കേസുകളെല്ലാം പരാജയപ്പെട്ട ചരിത്രമാണ് നാട്ടുകാരുടെ മുമ്പിൽ എനിക്കുള്ളത്. ഞാൻ പറയും, അവയെല്ലാം ഉജ്ജ്വലവിജയങ്ങളായിരുന്നെന്ന്. സഭയെന്ന 'ധ്വസ്തഭുവനമാം ധാർഷ്ട്യ'ത്തോട് ഏറ്റുമുട്ടുന്നു എന്നതുതന്നെ ലോകോത്തരവിജയമാണ്. ഫ്രാൻസീസ് പാപ്പാ ചെയ്യുന്നതും അതുതന്നെ. മോനിക്കാ സമരമുൾപ്പെടെ നാം നടത്തിയ പരാജിതസമരങ്ങൾപോലും വിജയങ്ങളാണ്. അവയെല്ലാം ആത്യന്തിക വിജയത്തിലേക്കുള്ള ഒരു ചവിട്ടുപടിയെങ്കിലും പണിയുന്നുണ്ട്.

'കുട്ടപ്പൻസമരം' ഉജ്ജ്വലവിജയമായിരുന്നില്ലെന്ന വിമർശനമാണ് എന്നെ ഈ വഴിക്കു ചിന്തിപ്പിക്കുന്നത്. നമ്മൾ ഇടപെട്ടതുകൊണ്ട് അച്ചനെ രായ്ക്കുരാമാനം സ്ഥലംമാറ്റി. കുട്ടപ്പന്റെ കുടുംബത്തിന് അരമന ഒന്നരലക്ഷം രൂപായുടെ വീടും പണിതുകൊടുത്തു. നമ്മൾ ഇടപെട്ടില്ലായിരുന്നെങ്കിൽ ഇതു വല്ലതും നടക്കുമായിരുന്നോ? സഭയുടെ ശക്തിയെ അനാവശ്യമായി പെരുപ്പിച്ചുകാട്ടുന്നത് നമ്മുടെ ശത്രുക്കളാണെന്നാണ് എന്റെ അഭിപ്രായം. ശത്രുക്കളുടെ വക്കാലത്ത് നമ്മൾ ഏറ്റെടുക്കരുതെന്ന് ഞാൻ വിനീതമായി അപേക്ഷിക്കുന്നു. മുമ്പിൽ നിൽക്കുന്ന നമ്മൾ പുറകിൽ നിൽക്കുന്നവർക്ക് ആവേശവും ഉന്മേഷവും ആത്മവിശ്വാസവും ശുഭപ്രതീക്ഷയും പകർന്നുകൊടുക്കേണ്ടവരാണ്.

കുട്ടപ്പൻ സമരവിജയത്തിന് തിളക്കം പോരാ എന്ന് അഭിപ്രായമുള്ളവർക്കുവേണ്ടി അത്യുന്നതനായ യേശുവും അ വിടത്തെ പരിശുദ്ധ അമ്മയുംകൂടി നമ്മൾ വഴി ഒരു പരിപൂർണ്ണവിജയം നേടിത്തന്നിരിക്കുന്നു. അതാണ് ഭാവി സഭാചരിത്രം സ്വർണ്ണത്താളുകളിൽ തങ്കലിപികളിൽ രേഖപ്പെടുത്താൻ പോകുന്ന മണ്ണയ്ക്കനാട് സമരവിജയം. ഈ വിജയത്തിന്റെ തിളക്കം കുറയ്ക്കാൻ പോന്ന ഒരു പഴുതും ആർക്കും കണ്ടെത്താനാവില്ല.



ഒക്ടോബർ 20-ാം തീയതി പള്ളിപ്പടിക്കൽ ഇടവക ആക്ഷൻ കൗൺസിലിന്റെയും കെ.സി.ആർ.എം-ന്റെയും സംയുക്താഭിമുഖ്യത്തിൽ ഒരു പ്രതിഷേധവിശദീകരണയോഗം നടത്തി, 26-ാം തീയതി പത്രസമ്മേളനം നടത്താൻ തീരുമാനിച്ചു. ഞാൻ പത്രക്കുറിപ്പു തയ്യാറാക്കിക്കൊടുത്തു. രണ്ടു ദിവസം കഴിഞ്ഞ് ഒരു രാത്രിയിൽ ഇടവക ആക്ഷൻ കൗൺസിൽ കൺവീനറായ ജോസുചേട്ടൻ എന്നെ വിളിച്ചു. അവർ, ആക്ഷൻ കമ്മറ്റിക്കാർ, ഒരു വീട്ടിൽ സമ്മേളിച്ചിരിക്കുകയാണെന്നും, പൊതുയോഗത്തിൽനിന്നു പ്രചോദനം ഉൾക്കൊണ്ട് സമരത്തിനു തയ്യാറായവർതന്നെ ഇപ്പോൾ പിന്തിരിയുകയാണെന്നും പറഞ്ഞു. എനിക്ക് അതികഠിനമായ ദുഃഖവും നിരാശയും തോന്നി. ഞാൻ വികാരഭരിതനായി പറഞ്ഞു: 'നിങ്ങൾ പിന്തിരിയരുത്. എന്റെ മോളും ഞാനും ഭാര്യയും കണ്ണിശ്ശമായും വരും. സംഘടനാനേതാക്കന്മാരും സ്ഥിരം പ്രവർത്തകരും വരും. ഇടുക്കിയിൽനിന്നും റെജി ഞള്ളാനിയുടെ നേതൃത്വത്തിൽ സിസിലിച്ചേച്ചിയുൾപ്പെടെയുള്ളവരും വരും. നിങ്ങളെന്തിനു ഭയപ്പെടണം? വീട്ടുപടിക്കൽ 115000 രൂപാ ശമ്പളം കിട്ടുന്ന ജോലിയുള്ളവനാണു ഞാൻ. ഗാന്ധിയൻ സമരം നടത്തി ജയിലിൽ കയറേണ്ടിവന്നാൽ എന്റെ ജോലി നഷ്ടപ്പെട്ടേക്കാം. ഞാനല്ലേ ഏറ്റവും ഭയപ്പെടേണ്ടത്? നിങ്ങൾക്കുവേണ്ടി അതിനൊക്കെ ഞാൻ തയ്യാറാണ്. ഇതു പുരോഹിതാധിപത്യത്തെ പ്രഹരിക്കാൻ മാതാവു നമുക്കു തന്ന വടിയാണ്. നമ്മ

ളിത് പാഴാക്കിയാൽ മാതാവ് നമ്മോടും പൊറുക്കില്ല.' ഇതൊക്കെ ജോസുചേട്ടൻ ലൗഡ് സ്പീക്കറിലിട്ട്, അവിടെയുണ്ടായിരുന്നവരെ കേൾപ്പിച്ചു. എല്ലാവരും വീണ്ടും പ്രവൃദ്ധവീര്യന്മാരായി. പ്രശ്നം പരിഹൃതമായി. അവരുടെ ആദ്യ അനുഭവമല്ലേ? ഇതൊക്കെ സ്വാഭാവികംമാത്രമാണ്.

പത്രസമ്മേളനം ഗംഭീരവിജയമായിരുന്നു. എത്രയോ പത്രസമ്മേളനങ്ങൾ ഞങ്ങൾ നടത്തിയിട്ടുണ്ട്. പത്രക്കാരുടെ മൂഡു കാണുമ്പോഴേ എനിക്കറിയാം വിജയമാണോന്ന്. മതമാഫിയായ്ക്കെതിരെ ആഞ്ഞടിക്കാൻ ഓങ്ങിയിരിക്കുന്നവരാണ് 90% പത്രപ്രവർത്തകരും. അത്തരം വാർത്തകളെല്ലാം പത്രമുതലാളിമാരുടെ ഇടപെടൽകൊണ്ടാണ് തമസ്കരിക്കപ്പെടുന്നത്. അതുകൊണ്ട് ഞാനന്ന് മലയാള മനോരമയെ പേരെടുത്തുപറഞ്ഞ് പരസ്യമായി ഭീഷണിപ്പെടുത്തി. ഞാൻ പറഞ്ഞു: 'ഈ ഇടവകയിൽ 375 കുടുംബങ്ങളുണ്ട്. 350 കുടുംബങ്ങളും മനോരമ വരുത്തുന്നവരാണ്. ഈ വാർത്ത നിങ്ങൾ കൊടുത്തില്ലെങ്കിൽ അവരെല്ലാം മനോരമ ബഹിഷ്കരിക്കും. നാട്ടിലെമ്പാടും, 'മനോരമ ബഹിഷ്കരിക്കുക' എന്നു പോസ്റ്ററെഴുതി ഒട്ടിക്കുകയുംചെയ്യും. ഒപ്പം പറയട്ടെ പ്രശ്നം പരിഹരിച്ചില്ലെങ്കിൽ അടുത്ത ഇലക്ഷന് മാണിസാറിന് വോട്ടുചെയ്യുകയുമില്ല. അതേറ്റു. പിറ്റേദിവസം മനോരമ വളരെ പ്രാധാന്യത്തോടെ വാർത്തകൊടുത്തു. പക്ഷേ, മനോരമ എന്നോടു പ്രതികാരം തീർത്തു-എന്റെ പേരുപോലും പരാമർശിച്ചില്ല.

പത്രസമ്മേളനത്തിൽ പ്രഖ്യാപിച്ചതുപോലെ, അഖണ്ഡജപമാല രാവിലെ ഒമ്പതുമണിക്കുതന്നെ ആരംഭിച്ചു. ആക്ഷൻ കൗൺസിൽ നേതാക്കളോടൊപ്പം, കെ.സി.ആർ.എം-ന്റെ ജില്ലാ പ്രസിഡന്റ് റെജി ഞള്ളാനിയും ജപമാലപ്രാർത്ഥനയ്ക്കു നേതൃത്വം കൊടുത്തു. ജപമാലയ്ക്കിടയ്ക്കുള്ള അദ്ദേഹത്തിന്റെ സ്വയംപ്രേരിതപ്രാർത്ഥനകൾ അർത്ഥസാന്ദ്രമായിരുന്നു. ഞങ്ങൾ ഇടയ്ക്കിടക്ക് മാതൃഗീതങ്ങളും ആലപിക്കുന്നുണ്ടായിരുന്നു. കെ.സി.ആർ.എം-ന്റെ സ്ഥിരം പ്രവർത്തകരായ രണ്ടു വൃദ്ധന്മാരുടെ സാന്നിദ്ധ്യം ജപമാലയിൽ പങ്കെടുത്തിരുന്ന ചെറുപ്പക്കാർക്കു ആവേശകരമായി. ചരിത്രഗവേഷകനും എഴുത്തുകാരനുമായ പി.കെ. മാത്യു ഏറ്റുമാനൂരും കെ.എം. മാണി പതിയിലും ആയിരുന്നവർ. പുരോഹിതശാപങ്ങൾ ഏറെ ഏറ്റവർ! പക്ഷേ, അവരുടെ ജീവിതം ഏതർത്ഥത്തിലും സഫലമാണ്. വാർദ്ധക്യത്തെ അവർ പ്രസന്നതയോടെ പിന്നിടുന്നു. സിസിലിച്ചേച്ചി, അലോഷ്യാ, ഇന്ദുലേഖാ എന്നീ സ്ത്രീകളുടെ സാന്നിദ്ധ്യവും ശ്രദ്ധേയമായി.

പതിനൊന്നുമണിയായപ്പോൾ വികാരി ജനറാളന്മാരായ കുഴിഞ്ഞാലിയച്ചനും കൊല്ലംപറമ്പിലച്ചനും സ്ഥലത്തെത്തി പള്ളിക്കമ്മറ്റിക്കാരുമായി ചർച്ച തുടങ്ങി. പെട്ടെന്നുതന്നെ തീരുമാനമായി. ഇടവകക്കാരുടെ എല്ലാ ഡിമാന്റുകളും നിരുപാധികം അംഗീകരിച്ചിരിക്കുന്നു!

ഈ വിജയത്തിന്റെ സൂര്യവെളിച്ചം മണ്ണയ്ക്കനാട് ഗ്രാമത്തിലൊതുങ്ങുന്നില്ല. സത്യത്തിൽ, 2013 ഒക്ടോബർ 27 പാലാ രൂപതയിലെ വിശ്വാസികളുടെ സ്വാതന്ത്ര്യദിനമാണ്. 'ചർച്ച് ആക്ട്' പാസായില്ലെങ്കിൽപ്പോലും, കെ.സി.ആർ.എം. ഒരു തിരുത്തൽശക്തിയായി വളർന്നിരിക്കുന്നുവെന്ന് ഈ വിജയം വിളിച്ചുകൂവുന്നു. ഒരിടവകയിലെ ഭൂരിപക്ഷം വിശ്വാസികളും എതിർക്കുന്ന ഒരു കാര്യം മെത്രാനും വികാരിക്കും ഏകപക്ഷീയമായി അടിച്ചേൽപിക്കാനാവില്ലെന്ന് പാലാ രൂപതയിൽ അസന്ദിഗ്ദ്ധമായി നാം തെളിയിച്ചു. സ്വാതന്ത്ര്യം അനുഭവിക്കുന്നവർ അതിന്റെ കാവൽനായ്ക്കളാകാത്തിടത്തോളം കാലം ഒരു സ്വാതന്ത്ര്യവും ശാശ്വതമാകാൻ പോകുന്നില്ലെന്ന് ചരിത്രം നമ്മെ ഓർമ്മിപ്പിക്കുന്നു. അതിനായി, കെ.സി.ആർ.എം-ന്റെ ഒരു സ്ഥിരം യൂണിറ്റ് മണ്ണയ്ക്കനാട് ഇടവകയിൽ ആരംഭിച്ചിട്ടാണു ഞങ്ങൾ മടങ്ങിയത്.


ഫോൺ: 9446561252

'പ്രൊഫ.ടി.ജെ.ജോസഫ് കുറ്റമൊന്നും ചെയ്തില്ല'- കോടതി

മുസ്ലീംതീവ്രവാദികൾ കൈവെട്ടിയ പ്രൊഫ.റ്റി.ജെ. ജോസഫിനെ തൊടുപുഴ കോടതി കുറ്റവിമുക്തനാക്കിയിരിക്കുന്നു. മതസ്പർദ്ധ ഉണ്ടാക്കത്തക്കവിധം ചോദ്യപ്പേപ്പർ നിർമ്മിച്ചു എന്ന കുറ്റത്തിൽനിന്നാണു മുക്തനാക്കിയത്. അദ്ദേഹത്തിന്റെ കൈവെട്ടിയവരോട് പരമകാരുണികനായ അല്ലാഹു തന്നെ ക്ഷമിക്കട്ടെ!

എന്നാൽ, മാപ്പർഹിക്കാത്ത ഒരു വിഭാഗമുണ്ട്. അത് ജോസഫിന്റെ തല വെട്ടിയ കേരളത്തിലെ മെത്രാന്മാരാണ്. ആ പാവത്താന്റെ അന്നമാണവർ മുട്ടിച്ചത്. അതിനെതിരെ രൂപതാ ആസ്ഥാനത്തേയ്ക്ക് പ്രതിഷേധമാർച്ചുനടത്താൻ കോതമംഗലത്തെത്തിയ ജോയിന്റ് ക്രിസ്റ്റ്യൻ കൗൺസിൽ നേതാക്കളായ ജോയി പോൾ പുതുശ്ശേരിയെയും വി.കെ.ജോയിയെയും ഈ എന്നെയും (ജോർജ് മൂലേച്ചാലിൽ) മറ്റും വിശുദ്ധ ഗുണ്ടകളെ ഉപയോഗിച്ച് അവർ തല്ലിച്ചതയ്ക്കുകയും മാർച്ചു തടയുകയും ചെയ്തു. പോരാഞ്ഞ്, ജോയി പോൾ പുതുശ്ശേരിയെയും മറ്റും കള്ളക്കേസിൽ കുടുക്കുകയും ചെയ്തു. അവരിന്നും കോടതി കയറിയിറങ്ങുന്നു!

പ്രൊഫ. റ്റി.ജെ.ജോസഫിനെ പിരിച്ചുവിട്ട നടപടി ഇനിയെങ്കിലും പിൻവലിക്കാൻ കോളേജ് മാനേജ്മെന്റിന് ധാർമ്മികബാധ്യതയുണ്ട്. അവരതിനു തയ്യാറാകുന്നില്ലെങ്കിൽ, ആ നിലപാടിനെതിരെ പടവെട്ടാനുള്ള ധാർമ്മികബാധ്യത ജോയിന്റ് ക്രിസ്റ്റ്യൻ കൗൺസിലിനുണ്ട്; മുഴുവൻ ക്രൈസ്തവസമൂഹത്തിനുമുണ്ട്.



‘സഭാവഴക്കിൽ കോടതി ഇടപെടുന്നതല്ല’- ഹൈക്കോടതി

-സാമുവൽ കൂടൽ

‘സഭാത്തർക്കം സഭകൾതമ്മിൽ പറഞ്ഞുതീർക്കേണ്ട പ്രശ്നം. കോടതി ഇതിൽ മേലിൽ ഇടപെടുന്നതല്ല. ഇതു സംബന്ധിച്ച് സ്വത്തിനോ വ്യക്തിക്കോ യാതൊരുവിധ പോലീസ് സംരക്ഷണങ്ങളും നൽകുന്നതല്ല”.

ഇതാണു വിധി!

മിശിഹാ മഹത്വപ്പെടുന്ന ഹൈക്കോടതി വിധി!

മാലാഖമാർ ഹല്ലേലുയ്യ പാടി ആർത്തുല്ലസിക്കുന്ന വിധി!

സ്വർഗ്ഗം സന്തോഷിക്കുന്ന വിധി!

തലമുറകളെ തമ്മിലടിപ്പിച്ചു ചോരകുടിക്കുന്ന ളോഹപ്പുരോഹിതരുടെ തൊലിയുരിയിക്കുന്ന വിധി!



യാക്കോബായ-ഓർത്തഡോക്സ് സഭാവഴക്കിൽ, ഇനി പരി. കത്തോലിക്കാ ബാവായും ശ്രേഷ്ഠ കാതോലിക്കാബാവായും അവരുടെ കീഴിലുള്ള മെത്രാപ്പോലീത്താമാരും റമ്പാന്മാരും കോർ എപ്പിസ്കോപ്പാമാരും കത്തനാരന്മാരും നേർക്കുനേർ തമ്മിലടിക്കട്ടെ!

‘നീയോ പ്രാർഥിക്കുമ്പോൾ അറയിൽ കയറി വാതിൽ അടച്ചു രഹസ്യത്തിലുള്ള നിന്റെ പിതാവിനോടു പ്രാർഥിക്ക (മത്താ. 6:6), എന്ന മിശിഹായുടെ വചനം കാറ്റിൽ പറത്തിയിട്ട്, കളർളോഹകളിൽ ഭ്രമിച്ച് ആത്മീയാന്ധതയെ പുണർന്ന പാഴ്ജന്മങ്ങൾ ഇനി തമ്മിലടിച്ചു മരിച്ചുവീഴട്ടെ!

ഇനിമേലിൽ അല്മായർ മൂകസാക്ഷികളാകട്ടെ! ളോഹയ്ക്കുള്ളിലെ വലിയ തട്ടിപ്പുവീരന്മാർ നേരിട്ടു തമ്മിലടിക്കട്ടെ; വിശ്വാസത്തിന്റെ പേരിൽ ദൈവജനമേ, തമ്മിൽ തല്ലരുതേ. അവർ തമ്മിൽ നേർക്കുനേർ അടിക്കട്ടെ!

മനസാകുന്ന അറയിൽ കയറി ഇന്ദ്രിയങ്ങളാകുന്ന അഞ്ചു വാതിലുകളും അടച്ച്, ധ്യാനത്തിലെ മൗനത്തിന്റെ ആഴങ്ങളിലധിവസിക്കുന്ന ആനന്ദത്തിൽ, അനന്തമായ നിത്യസത്യചൈതന്യത്തിൽ അലിഞ്ഞുചേരുവാൻ ശ്രമിക്കേണ്ട മനുഷ്യൻ, പാതിരിപ്പുറകേ പോയി പള്ളിക്കേസിലകപ്പെട്ടു കിടക്കുന്നു! വിധിവൈഭവം...!

യാക്കോബായ-ഓർത്തഡോക്സ് സഭകളിൽ പള്ളികൾകൊണ്ടും കൂദാശകൾകൊണ്ടും ധനവും മഹിമയും സുഖഭോഗങ്ങളും പുരോഹിതർക്കുമാത്രം! പള്ളിപണിയലും പള്ളിക്കേസുനടത്തലും അൽമേനികൾക്ക്! പള്ളി പുരോഹിതന്റെ വ്യവസായ സ്ഥാപനം; മുതൽമുടക്ക് അൽമേനികൾക്ക്... ഭേഷ്!

കാലമേ, വിലപിക്കുക! ക്രിസ്ത്യാനി സമൂഹം ആകമാനം ഇതാ അപമാനിതമായിരിക്കുന്നു. കലഹത്തിന്റെ കാഹളം സദാ മനസ്സിൽ മുഴക്കിക്കൊണ്ട്, സമരപ്പന്തലുകളിൽപ്പോലും കുർബാനചൊല്ലി പാവം കർത്താവിനെയും അവനെ അറിയാൻ വെമ്പുന്ന മനുഷ്യമനസ്സുകളെയും ഈ ളോഹധാരികൾ അവഹേളിക്കുമ്പോൾ, അക്രൈസ്തവർ നമ്മെ നോക്കി, കലഹത്തേയും പ്രാർത്ഥനയെയും ഒരേസമയം മനസ്സിലാവാഹിക്കാൻ കഴിവുള്ള വികൃതജന്മങ്ങളോ ഇവർ എന്നു പരിഹാസം മുഴക്കുന്നു.

അവന്റെ രണ്ടാംവരവുവരെ കോടതികൾ കയറിയാലും കത്തനാരും മെത്രാനും പള്ളിക്കേസുകൾ മതിയാക്കുകയില്ല! കാരണം കേസിനുള്ള കാശവരുടെ കീശയിൽനിന്നുമല്ല. ബുദ്ധി ഉപയോഗിക്കാത്ത അലസരായ ‘ശേഷംജനം’ അതു കണ്ടെത്തിക്കൊള്ളുമത്രെ! ജനമേ, ആ പണിനിർത്തുക. അവർതന്നെ അങ്കംവെട്ടി സ്വയം നശിച്ചുകൊള്ളട്ടെ! ●



എന്റെ സ്വപ്നത്തിൽ വന്ന യേശു

ജോസാന്റണി

ഇന്നലെ രാത്രി എന്റെ സ്വപ്നത്തിൽ യേശു വന്നത് തല മൊട്ടയടിച്ച രൂപത്തിൽ ആയിരുന്നു. നിത്യചൈതന്യയതിക്ക് യേശു അവസാനം ദർശനം നല്കിയത് ഇങ്ങനെയായിരുന്നു എന്നറിയാമായിരുന്ന ഞാൻ യേശുവിനെ തിരിച്ചറിഞ്ഞു. താനിനിയും പ്രത്യക്ഷനാവുക ഇങ്ങനെയായിരിക്കും എന്ന് യേശു നിത്യചൈതന്യയതിയോടു പറഞ്ഞിരുന്നു. എന്നിട്ടും ഞാൻ യേശുവിനോടു പറഞ്ഞു: 'നിന്റെ തനിമതന്നെ ആ നീണ്ട തലമുടിയായിരുന്നു. തല മൊട്ടയടിച്ചത് കഷ്ടമായിപ്പോയി.'

യേശു പറഞ്ഞു: 'എന്റെ മണവാട്ടിക്ക് അനുരൂപനാകാനാണ് ഞാനിങ്ങനെ ചെയ്തത്.'

ഞാൻ: കന്യാസ്ത്രീകളെയാണ് നീ ഉദ്ദേശിക്കുന്നതെങ്കിൽ നിനക്കു തെറ്റി; അവർക്കെല്ലാം തലമുണ്ടിനടിയിൽ നീട്ടിവളർത്തിയ മുടിയുണ്ട്.

യേശു : 'എന്റെ മണവാട്ടി ഈ ഭൂമിയാണ്. നിങ്ങളല്ലേ അവളുടെ തല മൊട്ടയടിച്ചുകൊണ്ടിരിക്കുന്നത്.'

ഞാൻ: 'മനസ്സിലായി. പക്ഷേ, അതിലും നിന്റെ അനുയായികൾതന്നെയാണുമുമ്പിൽ.'

യേശു:'നീയും അവരിലൊരുവനല്ലേ?'

ഞാൻ: 'പത്രോസിനെപ്പോലെ നിഷേധിക്കാൻ എനിക്കു വയ്യ. നിന്റെ അനുയായിയാകാൻ ആത്മാർഥമായി ശ്രമിക്കുന്ന ഒരുവൻ മാത്രമാണ് ഞാൻ.'

യേശു: 'അന്നു ഞാൻ പറഞ്ഞതെല്ലാം ഇന്നും സത്യമായിത്തന്നെയിരിക്കുന്നുവല്ലോ. എന്റെ പേരിൽത്തന്നെ പുരോഹിതപദവിയുണ്ടാക്കി, പൗരോഹിത്യം മഹാസൗധങ്ങൾ പണിതുകൂട്ടുന്നതു കാണുമ്പോൾ.....'

ഞാൻ: 'നിനക്കു ദുഃഖവും പ്രതിഷേധവും ഒന്നും കാണില്ലല്ലോ. നിന്നെ ക്രൂശിച്ചപ്പോൾ പിതാവായ ദൈവത്തിനുണ്ടായിരുന്ന നിസ്സംഗത നിനക്കും ഇപ്പോൾ കിട്ടിയിട്ടുണ്ടാവും എന്നാണ് ഞാൻ കരുതുന്നത്.'

യേശു: 'നിനക്കു തെറ്റി. എന്റെ സത്യം നിന്റെ ഒരു പ്രിയപ്പെട്ട കവി പാടിയതാണ്: 'എങ്ങു മനുഷ്യനു ചങ്ങല കൈകളിലങ്ങെൻ കയ്യുകൾ നൊന്തീടുകയാ, ണെങ്ങു മർദ്ദനമവിടെ പ്രഹരം വീഴുവതെന്റെ പുറത്താകുന്നു.'

ഞാൻ: 'എങ്കിൽ ഞാൻ നിന്നെപ്പോലെയാകാൻ ശ്രമിക്കുകയാണെന്നു പറഞ്ഞതു തെറ്റി.'

യേശു: 'സ്വർഗരാജ്യമെന്താണെന്നാണ് നീ കരുതുന്നത്?'

ഞാൻ: 'ദൈവപരിപാലനയിൽ വിശ്വാസമർപ്പിച്ച് തന്നെപ്പോലെ തന്റെ അയൽക്കാരെയും സ്നേഹിച്ച് ജീവിക്കുന്ന മനുഷ്യസമൂഹം.'

യേശു: 'അവിടെ രോഗവും ദാരിദ്ര്യവും ഒക്കെ ഉണ്ടാവുമോ?'

ഞാൻ: 'ദാരിദ്ര്യമുണ്ടാവില്ല. പക്ഷേ, രോഗമുണ്ടാവാം. സാന്ത്വനം പകരാൻ സ്നേഹിക്കുന്നവരുണ്ടാവും എന്നതിനാൽ രോഗങ്ങളുടെ വേദന ഇപ്പോഴത്തെ അത്ര ഉണ്ടാവില്ല.'

യേശു: നീ പറയുന്നത് കുറെയൊക്കെ ശരിയാണ്. പക്ഷേ, ഞാൻ പറയാത്തത് പറഞ്ഞു എന്നു പറഞ്ഞ് പ്രചരിപ്പിക്കുകയും അവഹേളനോപാധിയാക്കുകയും ചെയ്യുന്നവരുടെയിടയിൽ ആർക്കെങ്കിലും സമാധാനമായി ജീവിക്കാനാവുമോ?

ഞാൻ: 'നിന്റെ ഇപ്പോഴത്തെ അവസ്ഥയെപ്പറ്റിയാണോ നീ പറയുന്നത്?'

യേശു: 'അതേ. വർഷങ്ങളായി വത്തിക്കാനിൽ സംഭവിച്ചുകൊണ്ടിരുന്നതെല്ലാം അവസാനിച്ചേക്കുമെന്നു കരുതിയിരുന്നപ്പോഴാണ് കേരളത്തിൽ, പാലായിൽ, എന്റെ പേരിലൊരു മാമാങ്കം നടത്താൻ പോകുന്നത്!'

ഞാൻ: 'പാലായിൽ നടത്താൻ പോകുന്ന സിബിസിഐ സമ്മേളനമാണോ ഉദ്ദേശിച്ചത്?'

യേശു: അതേ. സമ്മേളനത്തെക്കാൾ അതിനായി പണിതുകൊണ്ടിരിക്കുന്ന മഹാമന്ദിരം ഇപ്പോഴത്തെ വത്തിക്കാനെ കടത്തിവെട്ടുമോ എന്നാണ് ഞാൻ പേടിക്കുന്നത്. കേരളത്തിലെ വത്തിക്കാൻ എന്നൊക്ക പണ്ടു പാലായെപ്പറ്റി ചിലർ തമാശപറയുന്നതു ഞാനും കേട്ടിട്ടുണ്ട്. പക്ഷേ, നമ്മുടെയെല്ലാം സങ്കല്പങ്ങൾ തകർക്കുംവിധമാണല്ലോ പാലായുടെ പുരോഗതി; അല്ല, അധോഗതി.'

ഞാൻ: 'വിവരാവകാശനിയമം വന്നിട്ടുള്ളതിനാൽ പാലാ മുനിസിപ്പാലിറ്റിയിൽനിന്ന് പാലായിൽ പണിതുകൊണ്ടിരിക്കുന്ന കൊട്ടാരത്തിന്റെ വിശദവിവരങ്ങൾ കിട്ടുമെന്നാണ് അറിയുന്നത്. കോൺഫറൻസ് ഹാളുകളും വിശാലമായ 200-ഓളം മുറികളും നടുമുറ്റത്തോടുകൂടിയ നാലുനിലകളുമുള്ള, ഒരു ലക്ഷം ച. അടി വിസ്തീർണം വരുന്ന മന്ദിരത്തിന് കോടികൾ ചെലവുവന്നുവെന്നാണ് കേൾക്കുന്നത്. വത്തിക്കാൻബാങ്കിലെ കള്ളപ്പണം വരാൻപോകുന്നത് ഇങ്ങോട്ടായിരിക്കുമെന്നും കേൾക്കുന്നുണ്ട്.'

യേശു: 'ഫ്രാൻസീസ് മാർപ്പാപ്പായെ വിവരമൊന്നറിയിച്ചു നോക്കൂ. അദ്ദേഹത്തിന് ചിലപ്പോൾ വേണ്ടതുപോലെ ഇടപെടാൻ കഴിഞ്ഞേക്കും.'



വി. ബെനഡിക്ട് ഓണംകുളം!

റവ. ഡോ. ജെ. ഔസേപ്പറമ്പിൽ

ഇപ്പൻ 'സത്യജ്വാല'യിൽ എഴുതിയിരുന്ന 'വി. മറിയക്കുട്ടി' എന്ന പരമ്പര വായിച്ചുകഴിഞ്ഞപ്പോൾ, ആ സംഭവത്തെക്കുറിച്ച് എനിക്കറിയാവുന്ന ചില കാര്യങ്ങൾ അനുബന്ധമായി എഴുതണമെന്നു തോന്നിയതിന്റെ വെളിച്ചത്തിൽ എഴുതുന്നു:

മാടത്തരുവിയിൽ മറിയക്കുട്ടി കൊലചെയ്യപ്പെട്ട സംഭവത്തിൽ എല്ലാ പത്രങ്ങളിലും വാർത്ത വന്നു. താമസിയാതെതന്നെ കൊലയാളി ഫാ. ബെനഡിക്ട് ആണെന്നും വാർത്ത വന്നു. അതുമുതൽ ദീപികയും മനോരമയും വാർത്തകൾ തമസ്കരിച്ചു. പോലീസ് ഇൻസ്പെക്ടർ സാരങ്ധരനും മറ്റു പോലീസ് ഉദ്യോഗസ്ഥരും ചങ്ങനാശ്ശേരി അരമനയിലെത്തി വികാരി ജനറാൾ എൽ.ജെ. ചിറ്റൂരിനോട് കേസിന്റെ കാര്യങ്ങൾ അറിയിക്കാൻ ശ്രമിച്ചു. ചിറ്റൂർ ധാർഷ്ട്യപൂർവ്വം അവരെ ആട്ടിപ്പായിച്ചു. രോഗിയായിരുന്ന മാർ കാവുകാട്ടിനെ ശല്യം ചെയ്യേണ്ടാ എന്നു കരുതിയാണ് ചിറ്റൂരിനെക്കാണാൻ അവർ ശ്രമിച്ചതുതന്നെ.

സംഭവസ്ഥലത്തുനിന്നു ലഭിച്ച ചൗക്കാളം, ടാക്സി ഡ്രൈവറുടെ മൊഴി, പെട്രോൾ ബില്ല് മുതലായ പ്രാഥമികതെളിവുകളുടെ അടിസ്ഥാനത്തിൽ ഫാ. ബെനഡിക്ടിനെ അറസ്റ്റുചെയ്തു. മറിയക്കുട്ടിയുടെ രക്തം പുരണ്ട ളോഹ ബെനഡിക്ടിന്റെ അലമാരിയിൽനിന്നും കണ്ടെടുത്തു. പ്രതിയെ സംഭവസ്ഥലത്തു തെളിവെടുപ്പിനു കൊണ്ടുവരുന്നു എന്നു കേട്ട് നാട്ടുകാർ നൂറുകണക്കിന് ഓടിക്കൂടി. മന്ദമാരുതിക്കവലയിൽ വണ്ടിയിൽനിന്ന് ഇറക്കിയിട്ട് പോലീസ് ഓഫീസർ പ്രതിയായ ബെനഡിക്ടിനോട് സംഭവസ്ഥലത്തേക്ക് നടന്നുപോകാൻ പറഞ്ഞു. ബെനഡിക്ട് നേരേനടന്ന് സംഭവസ്ഥലത്തെത്തിനിന്നു. നാട്ടുകാർ ദുഃഖത്തോടെ തലതാഴ്ത്തി നടന്നകന്നു.

പൂർണ്ണ തെളിവുകളുടെ അടിസ്ഥാനത്തിൽ ജസ്റ്റീസ് കുഞ്ഞിരാമൻ വൈദ്യർ ഫാ. ബെനഡിക്ടിനെ തൂക്കിക്കൊല്ലുവാൻ വിധിച്ചു. ഒരു സമുദായം മുഴുവൻ തനിക്കെതിരായി തിരിയാൻ സാധ്യതയുണ്ടെന്നറിഞ്ഞിട്ടും ധർമ്മധീരനാണ് താനെന്ന് ന്യായാധിപൻ തെളിയിച്ചു. (പ്രൊഫ. വി.കെ. കുര്യനെ പള്ളിയിൽ അടക്കാത്തതിന് ബിഷപ്പ് പള്ളിക്കാപറമ്പിലിനെ ശിക്ഷിച്ച ജസ്റ്റീസ് ശകുന്തളാദേവിയും താൻ യഥാർത്ഥ ന്യായാധിപയാണെന്നു തെളിയിച്ചു. ബൈബിളിനെക്കുറിച്ചും കാനോൻനിയമത്തെക്കുറിച്ചും ധാർമ്മികനീതിയെക്കുറിച്ചും പള്ളിക്കാപറമ്പിൽ കോടതിയിൽ വക്കീലിന്റെ ചോദ്യങ്ങൾക്കു നൽകിയ മറുപടികൾ ഒന്നാംക്ലാസിലെ വേദപാഠപ്പരീക്ഷ പാസ്സാകാൻപോലുമുള്ള അറിവ് പള്ളിക്കാപറമ്പിലിന് ഇല്ലെന്നു തെളിയിക്കുന്നതായിരുന്നു! സെമിനാരികളിൽ റെക്ടറായും മുപ്പതിൽപ്പരം വർഷം പാലാ അരമനയിൽ മെത്രാനായും വാണരുളിയ പള്ളിക്കാപറമ്പിൽ 'മാലാഖമാർ കാലുകുത്താൻ മടിക്കുന്നിടത്തും മണ്ടന്മാർ ചാടിക്കയറും' എന്ന വാക്യം അന്വർത്ഥമാക്കി. അധികാരത്തിന്റെ ധിക്കാരം കാണിക്കാൻ അറിവിന്റെ ആവശ്യമില്ലല്ലോ.)

അന്തർനാടകങ്ങൾ

ഹൈക്കോടതിയിൽ അപ്പീൽ കൊടുത്തു. വികാരി ജനറാളായിരുന്ന ചിറ്റൂരച്ചനിൽ മാർ കാവുകാട്ടിന് വിശ്വാസമില്ലായിരുന്നു. കാര്യപ്രാപ്തിയുള്ളവനും കുശാഗ്രബുദ്ധിയും ലക്ഷ്യപ്രാപ്തിവരെ നിരന്തരം ശ്രമിക്കുന്നവനുമായ ഫാ., ഫ്രാൻസീസ് സാലസ് സി.എം.ഐ. അന്ന് കളമശ്ശേരിൽ സി.എം.ഐ. പ്രൊവിൻഷ്യൽ ആയിരുന്നു. മാർ കാവുകാട്ട് അദ്ദേഹത്തെ വിളിച്ച് കേസ് നടത്തണമെന്ന് ആവശ്യപ്പെട്ടു. സാലസച്ചന്റെ അമ്മയുടെ ചരമദിനം പിറ്റേന്ന് ആയിരുന്നു. കാവുകാട്ട് പിതാവ് സാലസച്ചന്റെ ഇടവകയിൽ പോയി കുർബാന ചൊല്ലി.

കേരള ഹൈക്കോടതി ചീഫ് ജസ്റ്റീസായിരുന്ന ജസ്റ്റീസ് രാമൻ നായർ കളമശ്ശേരിയിലാണ് താമസിച്ചിരുന്നത്. ഇന്ന് ആ വീട് ഹോളി ക്രോസ് സിസ്റ്റേഴ്സിന്റെ ഉടമസ്ഥതയിലാണ്. ജസ്റ്റീസ് രാമൻ നായരേയും മറ്റു കുറെ പ്രമുഖരെയും വിളിച്ച് സാലസച്ചൻ ഒരു വിരുന്നു നൽകി. ചർച്ചാവിഷയം എങ്ങനെ കേസ് ജയിക്കാമെന്നായിരുന്നു. ജസ്റ്റീസ് രാമൻ നായർ കേസ് ഏറ്റെടുക്കില്ലെന്ന് തീർത്തുപറഞ്ഞു. രണ്ടാമത്തേത് ജസ്റ്റീസ് അന്നാ ചാണ്ടിയായിരുന്നു. അവർ കത്തോലിക്കാ സഭാംഗമായതുകൊണ്ട് കേസ് ഏല്പിക്കാനാവില്ലായിരുന്നു. മൂന്നാമത്തേത് ജസ്റ്റീസ് നമ്പ്യാർ ആയിരുന്നു. നമ്പ്യാരെ കേസ് ഏല്പിക്കാമെന്നും തെളിവിന്റെ ഏതെങ്കിലും ഒരു കണ്ണി



തിക്കഴിഞ്ഞു. നീതിന്യായത്തെ മറികടക്കാൻ എത്ര കോടികൾ മുടക്കാനും ഏതു തരത്തിലുള്ള അന്യായവും വ്യത്തികേടുകളും കാണിക്കാനും നമ്മുടെ മെത്രാന്മാർ മിടുക്കരാണ്. അനധികൃതമായി അവർ ധനദുർവിനിയോഗം നടത്തുന്നു. റോമിൽനിന്നുള്ള റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ മെത്രാന്മാരുടെ ഇടയിൽ 50%-ത്തിൽത്താഴെ ക്രിമിനലുകളുണ്ട്. സാധാരണക്കാരുടെ ഇടയിൽ 10%- ത്തിൽത്താഴെ മാത്രമേ ക്രിമിനലുകളുള്ളൂ.

മെത്രാന്മാരുടെ ചുക്കിണികളി

ചുക്കിണിപ്പടത്തിൽ കാശുവച്ചാൽ നമുക്കു വല്ലപ്പോഴും 'ഭാഗ്യം' അടിക്കും. മെത്രാന്മാർ കളിക്കുന്ന 'പുണ്യാളൻ ചുക്കിണിപ്പട'ത്തിൽ വയ്ക്കുന്ന കാശുമുഴുവൻ പോകും. മെത്രാന്മാർ പുണ്യവാന്മാരാകുന്ന ചുക്കിണിക്കട്ട വിശ്വാസമെന്ന തകരപ്പാട്ടയിൽ ഇട്ടു കിലുക്കുമ്പോൾ പണവുമായി ആഞ്ഞടുക്കുന്ന അജ്ഞരായ വിശ്വാസികൾക്ക് മതവും ദൈവവിശ്വാസവും സമ്പത്തും നഷ്ടമാകുന്നു.

ദൈവത്തിൽത്തന്നെയായിരിക്കുന്ന നമുക്ക് മദ്ധ്യസ്ഥന്മാരുടെ ആവശ്യമില്ല. മാതാവുൾപ്പെടെ ഏതെങ്കിലും വിശുദ്ധനോ വിശുദ്ധയ്ക്കോ പ്രസാദവരം തരാൻ കഴിവില്ല. അതു പരിശുദ്ധാത്മാവിന്റെ ദാനമാണ്. അതു നല്ല പ്രവൃത്തികൾക്കു നമ്മെ പ്രാപ്തരാക്കാനാണ്. എന്തെങ്കിലും കിട്ടാൻ ദൈവത്തെയോ വിശുദ്ധരെയോ സമീപിക്കുന്നവർ തെണ്ടികളാണ്. ഒന്നും വേണ്ടാത്തവനാണ് പ്രാർത്ഥിക്കുവാൻ കഴിവുള്ളവൻ. അവൻ ദൈവത്തിൽ ലയിക്കുന്നു. പുണ്യവാന്മാരെ സൃഷ്ടിക്കുന്നവർ മനുഷ്യരെ വെറും തെണ്ടികളാക്കി മതാന്ധകാരത്തിൽ മുക്കുന്നു.

ഒരാൾ കോഴി വറുത്തതു തിന്നിട്ട് ഇല പുറത്തേക്കെറിഞ്ഞു. വാതിക്കൽ നിന്നിരുന്ന പട്ടി ഇല നക്കിത്തുടച്ചു. അതു കണ്ട വേറൊരു പട്ടി ഓടിയെത്തി. അപ്പോഴേയ്ക്കും ഇല നക്കിക്കഴിഞ്ഞിരുന്നു. പിന്നെ ഇല നക്കിയ പട്ടിയുടെ കിറി നക്കി. പുണ്യാളന്മാരെ ഉണ്ടാക്കുന്നവർ ദശ തിന്നും. ബാക്കിയുള്ള വിശ്വാസികൾ ഇല നക്കിപ്പട്ടിയുടെ കിറിനക്കിപ്പട്ടികളായി അധഃപതിക്കും. ഫാ. ബെനഡിക്ടിനു വേണ്ടി സാധാരണക്കാരെ പട്ടികളാക്കരുതേ!!!

ഫോൺ:9822256275

സംശയത്തിന്റെ നിഴലിലാക്കി പ്രതിയെ രക്ഷിക്കാമെന്നും തീരുമാനിച്ചു. ആരെയും വിമർശിക്കാതെ ഇലയ്ക്കും മുള്ളിനും കേടുകൂടാതെ ഊരാൻ തീരുമാനിച്ചു. അവർ ഏറ്റവും പേടിച്ചത് സുപ്രീംകോടതിയിൽ അപ്പീൽ കൊടുക്കുമോ എന്നായിരുന്നു.

അഡ്വ. ചാരിയുടെ വാദം വെറും ഒരു പ്രകടനം മാത്രമായിരുന്നു. വിശ്വാസികളെ പിഴിഞ്ഞു പിരിച്ചെടുത്ത കാശ് ഒത്തിരി പോക്കറ്റുകൾ നിറച്ചു. കളമശ്ശേരിയിൽ പാർട്ടി നടത്തിക്കൊടുത്തത് തത്വശാസ്ത്രപഠനം കഴിഞ്ഞ് റീജിയൻസി നടത്തിയിരുന്ന ഒരു ശെമ്മാശ്ശനായിരുന്നു. അയാൾ ഒരു കൊല്ലം കർണ്ണാടക യൂണിവേഴ്സിറ്റിയിൽ പഠിക്കുമ്പോൾ എന്റെ ഫ്ളാറ്റ് മേറ്റ് (flat mate) ആയിരുന്നു. സന്ദർഭവശാൽ ഈ കാര്യം പറഞ്ഞതാണ്. ഞാൻ തേവര കോളേജിൽ പഠിക്കുമ്പോൾ സാലസച്ചൻ പ്രിൻസിപ്പലായിരുന്നു.

അതിരമ്പുഴപ്പള്ളി വികാരി ഫാ. മാണി പുതിയിടം 'സഹനദാസൻ' എന്ന പേരിൽ ഒരു ബ്രോഷർ അയച്ചുതന്നപ്പോഴാണ് കാര്യങ്ങൾ എത്ര വൃത്തികെട്ട രീതിയിലാണ് പുരോഗമിക്കുന്നതെന്നു മനസ്സിലായത്. വേറെ പലരും കള്ളക്കഥകളും എഴുതി. സ്വന്തം അകൃത്യങ്ങളുടെ ഫലമായി സഹിക്കുന്നവർ എങ്ങനെ സഹനദാസൻ ആകും? കോട്ടയത്തും മൂന്നു 'സഹനദാസർ' ഉണ്ടാകുമല്ലോ.

നരകം സൃഷ്ടിക്കാൻമാത്രം മോശമായ മനസ്സുള്ള ഒരുവൻ ദൈവമാകുകയില്ല. അതുകൊണ്ട് ദൈവമുള്ളിടത്തോളം കാലം ബെനഡിക്ടച്ചൻ സ്വർഗ്ഗത്തിലായിരിക്കും. പക്ഷേ, അദ്ദേഹത്തെ പുണ്യവാനാക്കിയാൽ മറ്റു പുണ്യവാന്മാരുടെ മാർക്കറ്റ് ഇടിയും. മറ്റു മതസ്ഥരുടെയും ജനങ്ങളുടെയും ഇടയിൽ നമ്മൾ അപഹാസിതരാകും. കോടതിവിധി എന്തായാലും ജനങ്ങൾ വിധിയെഴു

‘മോൺസിഞ്ഞോർ’ അപ്രത്യക്ഷമായി!

ഡോ. മൈക്കിൾ പുത്തൻതറ

‘കോ’ൺസ്റ്റന്റൈന്റെ ദാന’മായി പലതും ലഭിച്ച കൂട്ടത്തിൽ, സഭയ്ക്കു ലഭിച്ചതാണ് മോൺസിഞ്ഞോർ പദവി. പ്രത്യേക അധികാരങ്ങളോ ഉത്തരവാദിത്വങ്ങളോ ഒന്നുമില്ലെങ്കിലും, ഈ പദവിയുടെ തിളക്കം ഒന്നു വേറെതന്നെയാണ്. അഭിസംബോധന ചെയ്യുമ്പോൾ ഈ തിളക്കം കൂടുകയും ചെയ്യും. അതിനു കാരണം, ഈ ഇറ്റാലിയൻ വാക്കിനർത്ഥം ‘My Lord’ (mon+signor) എന്നാണ് എന്നതാണ്. പച്ചമലയാളത്തിൽ ‘എന്റെ കർത്താവേ’ എന്ന്! നാമൊക്കെ എത്രയോ പുരോഹിതരെ ‘എന്റെ കർത്താവേ’ എന്ന് അറിഞ്ഞും അറിയാതെയും വിളിച്ചിട്ടുണ്ടാകും!

ഏതായാലും, ക്രിസ്തുവിന്റെ അരുപിക്കു ചേരാത്തതും, വൈദികരുടെയിടയിൽ ‘ശ്രേഷ്ഠത’യുള്ളവരും ശ്രേഷ്ഠതയില്ലാത്തവരും എന്ന വിഭാഗീയത സൃഷ്ടിക്കുന്നതും, കാലത്തിനനുയോജ്യമല്ലാത്തതുമായ ഈ പദവി ഫ്രാൻസീസ് മാർപ്പാപ്പാ നിർത്തലാക്കിയിരിക്കുന്നു. ശ്രേഷ്ഠത വരുന്നത് സേവനത്തിൽക്കൂടിയാണ്; പദവികൾ മുഖാന്തരമല്ല എന്ന് ഈ നടപടിവഴി അദ്ദേഹം ഓർമ്മിപ്പിക്കുന്നു.

മാർപ്പാപ്പായുടെ ഈ നടപടി, ഇപ്പോൾ മോൺസിഞ്ഞോർ പദവി അലങ്കരിക്കുന്ന വൈദികരിൽ വല്ലാത്തൊരു ചിന്താക്കുഴപ്പമാണുണ്ടാക്കിയിരിക്കുന്നത്. അവരുടെ പദവി എടുത്തുകളഞ്ഞിട്ടില്ലെങ്കിലും അതിനു വല്ലാത്തൊരു വിലയിടിവുണ്ടായിരിക്കുന്നു എന്നതിൽ ഖിന്നരാണവർ. തങ്ങളലങ്കാരമായി കൊണ്ടുനടക്കുന്ന ഈ പദവിയുടെ സ്ഥാനം, ഇനി നിഘണ്ടുവിൽമാത്രം കണ്ടേക്കാവുന്ന ഒരു ‘മ്യൂസിയം വിഷയ’മായി മാറിയല്ലോ എന്ന വൈക്ലബ്യത്തിലുമാണവർ. ഇനിയും ഈ പദവി ചുമന്നുകൊണ്ടുനടന്നാൽ, വിശ്വാസികൾ പരിഹസിച്ചേക്കുമോ എന്ന ഭയവും അവർക്കില്ലാതില്ല.

ഫോൺ:9961344664

ഫാ. ഡേവീസ് കാച്ചപ്പള്ളി ചോദിക്കുന്നു: “പാലാരൂപതയിൽ നീതിബോധവും ധൈര്യവുമുള്ള ഒരു വൈദികനുമില്ലേ?”

ഇടവക വികാരി പിയാത്തേ തകർത്തതിനെതിരെ ‘മണ്ണയ്ക്കനാട് ഇടവക ആക്ഷൻ കൗൺസി’ലും കെ.സി.ആർ.എം ഉം സംയുക്തമായി പൈക്കാട് ജംഗ്ഷനിൽ നടത്തിയ പ്രതിഷേധവിശദീകരണയോഗത്തിൽവച്ച് തൃശൂരിൽനിന്നെത്തിയ ഫാ. ഡേവീസ് കാച്ചപ്പള്ളി ചോദിച്ച ചോദ്യമാണ് മുകളിൽ കൊടുത്തിട്ടുള്ളത്. കേരളത്തിലെ വത്തിക്കാനെന്നും ദൈവവിളിയുടെ ഈറ്റില്ലമെന്നുമൊക്കെ വിശേഷിപ്പിക്കപ്പെടുന്ന പാലാ രൂപതയിൽ, ഇത്ര വലിയ ഒരു അനീതി നടന്നിട്ടും അതിനെതിരെ രംഗത്തുവരാൻ ഒരു വൈദികൻപോലും ഇല്ലാതെ പോയല്ലോ എന്നദ്ദേഹം പരിതപിച്ചു. ധീരതമാത്രമല്ല, ഇന്നത്തെ പുരോഹിതർക്ക് അറിവും കമ്മിയാണെന്ന് അദ്ദേഹം തുടർന്നു പ്രസ്താവിച്ചു. സഭാപരമായ കാര്യങ്ങളിൽ തികഞ്ഞ അവഗാഹത്തോടെ അവിടെ സംസാരിച്ച അത്മായനേതാക്കളുടെ ഉജ്ജ്വലമായ പ്രസംഗങ്ങൾകേട്ട്, ‘ബുദ്ധിയും അറിവുംകെട്ടുപോയ ഇന്നത്തെ വൈദികരെ പഠിപ്പിക്കാൻ അത്മായർ എന്നപഹസിക്കപ്പെടുന്ന വിശ്വാസികൾ പ്രാപ്തരായിത്തീർന്നിരിക്കുന്നു’ എന്നും അദ്ദേഹം വിലയിരുത്തി.

- KCRM പാലാ മേഖലാക്കമ്മറ്റി

ഖേദപൂർവ്വം

‘കവർ സ്റ്റോറി’ ഉൾപ്പെടെ ആനുകാലിക വിഷയങ്ങളിലുള്ള കൂടുതൽ രചനകൾ അത്യാവശ്യമായി പ്രസിദ്ധീകരിക്കേണ്ടിവന്നതുകൊണ്ട്, ഈ ലക്കത്തിൽ പ്രസിദ്ധീകരിക്കാനിരുന്ന പല പ്രമുഖരുടെയും ലേഖനങ്ങൾ ചേർക്കാൻ കഴിഞ്ഞില്ല എന്നറിയിക്കട്ടെ-എഡിറ്റർ

തലോർ ഇടവകപ്രശ്നം



കാനോൻനിയമത്തിന്റെ മറവിൽ പുതിയ അട്ടിമറി!

ഫാ. ഡേവീസ് കാച്ചപ്പിള്ളി

ഫ്രാൻസീസ് മാർപ്പാപ്പാ പറയുന്നു: "സഭയുടെ വാതിലുകൾ എപ്പോഴും തുറന്നിടണം. എല്ലാവർക്കും അതിലൂടെ സഭയിലേക്ക് പ്രവേശിക്കാൻ സാധിക്കണം. തുറന്നിട്ടിരിക്കുന്ന വാതിലിലൂടെ നമുക്ക് സുവിശേഷപ്രഘോഷണത്തിനായി പോകാൻ സാധിക്കും" (ഫിയാത്ത് ജൂലൈ 2013). രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ അടിസ്ഥാനത്തിൽ സഭയ്ക്കിന്നു ചെയ്യാനുള്ള നവസുവിശേഷവത്ക്കരണത്തിന്റെ രത്നചുരുക്കമാണ് ഈ പ്രസ്താവന. സമ്പത്തും അധികാരവും സഭയെ ഭരിക്കാൻ തുടങ്ങിയ നാലാം നൂറ്റാണ്ടുമുതൽ, അനേകരെ പുറത്താക്കി അടച്ചിട്ട വാതിലുകൾ തുറക്കാനും പുറത്താക്കിയവരെ അകത്തുകടത്താനുമുള്ള ലക്ഷ്യമായിരുന്നു കൗൺസിലിന്റേത്. സമഗ്രസഭാനവീകരണത്തിന് അത് അത്യന്താപേക്ഷിതം എന്നായിരുന്നു കൗൺസിലിന്റെ പ്രണേതാവായ 23 -ാം യോഹന്നാൻ പാപ്പായുടെ ആഹ്വാനം. പക്ഷേ, കൗൺസിൽ കഴിഞ്ഞിട്ട് 50 വർഷം പിന്നിടുമ്പോഴും സഭാനവീകരണം ലക്ഷ്യത്തിലെത്തിയില്ല. തന്മൂലം, രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രബോധനങ്ങൾ മായം ചേർക്കാതെ നടപ്പിലാക്കാനായി ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട ദൈവികപ്രതിഭയായിട്ടാണ് ഫ്രാൻസീസ് പാപ്പായെ ലോകവും കത്തോലിക്കാസഭയും നോക്കിക്കാണുന്നത്.

"ദുഷ്ടരുടേയും ശിഷ്ടരുടേയുംമേൽ തന്റെ സൂര്യനെ ഉദിപ്പിക്കുകയും മഴ വർഷിക്കുകയും ചെയ്യുന്ന ദൈവപിതാവിന്റെ വിശാല മനസ്സ്" (മത്തായി 5: 41) ഫ്രാൻസീസ് പാപ്പായിലുണ്ട്. പക്ഷേ, പാപ്പായുടെ മനസ്സിനെ സ്വാംശീകരിക്കാതെ, അതിനെതിരെ പ്രതിരോധം സൃഷ്ടിക്കുന്ന നടപടികൾ സീറോ-മലബാർ സഭയിൽ ഉണ്ടാകുന്നു എന്നത് ശോചനീയമാണ്. സ്നേഹമാണ് എല്ലാ നിയമങ്ങളുടേയും അടിസ്ഥാനം; വിശ്വാസികളുടെ ആത്മീയസുസ്ഥിതിയായിരിക്കണം എല്ലാ സഭാനടപടികളുടേയും സുപ്രധാനലക്ഷ്യം; മനസ്സാക്ഷി ദൈവനിയമമാണ്, വ്യക്തിസ്വാതന്ത്ര്യം വിശുദ്ധിയുടെ അടിസ്ഥാനമാണ് എന്നിങ്ങനെയുള്ള ക്രിസ്തീയ ആദർശങ്ങളും തത്ത്വങ്ങളും വത്തിക്കാൻ കൗൺസിലും കത്തോലിക്കാമത ബോധനഗ്രന്ഥവും 23 -ാം യോഹന്നാൻ പാപ്പാ മുതൽ ഫ്രാൻസീസ് പാപ്പാ ഉൾപ്പടെയുള്ള എല്ലാവരും അടിവരയിട്ടു പ്രസ്താവിച്ചിട്ടും, കാനോൻ നിയമത്തിന്റെ മറവിൽ വിശ്വാസികളെ അടിമകളാക്കാനുള്ള നീക്കങ്ങൾ ഉണ്ടാകുന്നു എന്നത് വലിയ വിരോധാഭാസമല്ലേ?

CCEOc 415 എന്ന കാനോൻ നിയമം ഉദ്ധരിച്ചുകൊണ്ടാണ് അധികാരത്തിന്റെയും കാർക്കശ്യത്തിന്റെയും അതിപ്രസരത്തിൽ ഇത്തരം നടപടികൾ ഉണ്ടാകുന്നത്. പരസ്യ ആരാധന, വചനപ്രഘോഷണം, പ്രാർത്ഥനാശുശ്രൂഷകൾ എന്നിങ്ങനെയുള്ള അജപാലനസേവനങ്ങളിൽ എല്ലാ സന്യസ്തരും സ്ഥലത്തെ മെത്രാന് വിധേയപ്പെടുന്നു എന്നതാണ് മേൽപറഞ്ഞ കാനോൻ നിയമത്തിന്റെ ചുരുക്കം. ഒരു രൂപതയിലെ ഏതു കാര്യവും മെത്രാന്റെ അധീനതയിലാണ് എന്നത് ഒരു പൊതുതത്വമാണ്. **അജപാലനപ്രവർത്തനങ്ങളിൽ വിലക്കുകൾ ഏർപ്പെടുത്താനുള്ളതല്ല ഈ നിയമം; മറിച്ച്, അജപാലനപ്രവർത്തനങ്ങളിൽ സന്യസ്തർക്ക് അവസരങ്ങളും പ്രചോദനങ്ങളും പ്രോത്സാഹനങ്ങളും നൽകി അജപാലനദൗത്യം സുലഭമാക്കുക എന്നതാണ് ഈ നിയമത്തിന്റെ യഥാർത്ഥ ലക്ഷ്യം. എന്നാൽ, സഭയുടെ വിശ്വാസപ്രബോധനങ്ങൾക്ക് എതിരായി പ്രവർത്തിക്കുന്നവരെ തിരുത്താനും ഈ നിയമം മെത്രാനെ കടപ്പെടുത്തുന്നുണ്ട് എന്നത് വിസ്മരിക്കുന്നില്ല. ഇവിടെ പ്രസക്തമായൊരു ചോദ്യം ഇതാണ്. കാനോൻ നിയമം ഉപയോഗിച്ച്, സന്യസ്തരിലും വിശ്വാസികളിലും സേവനതല്പരത വർദ്ധിപ്പിക്കുന്നതിനുപകരം, അവർ വിശ്വാസികൾക്കു നൽകുന്ന അജപാലന ശുശ്രൂഷകളിൽ വിലക്കുകൾ സൃഷ്ടിക്കുന്ന രൂപതാദ്ധ്യക്ഷൻ, 2009-ലെ തലോർ ഇടവക കൈമാറ്റ നടപടിയുമായി ബന്ധപ്പെട്ടു പാലിക്കാൻ കടപ്പെട്ട കാനോൻനിയമങ്ങൾ പാലിക്കാതിരുന്നത് എന്തുകൊണ്ടാണ്? കാനോൻ നിയമം പാലിക്കാതെ, ഏകാധിപത്യപരമായി മെത്രാന് ഇടവകയ്ക്കെമാറ്റം നടത്താൻ അധികാരം നൽകുന്ന കാനോൻ നിയമം സഭയിൽ ഇല്ലാതിരിക്കെ, എന്തുകൊണ്ടാണ് കാനോൻ നിയമപണ്ഡിതനെന്ന് അറിയപ്പെടുന്ന രൂപതാദ്ധ്യക്ഷൻ സ്വന്തം**

തീരുമാനത്തിൽമാത്രം അപ്രകാരം ഒരു നടപടി പ്രഖ്യാപിച്ചത്?

2013 ഒക്ടോബർ 1-ന് തൃശ്ശൂർ രൂപതാദ്ധ്യക്ഷൻ തലോർ ആശ്രമ പ്രിയോരച്ചനും ആശ്രമ അംഗങ്ങൾക്കും ഇടവക വികാരിക്കും വിശ്വാസികൾക്കുമായി അയച്ച കത്ത് കണ്ടതുകാണ്ടാണ് ഇപ്രകാരം പ്രതികരിക്കുന്നത്. ആശ്രമാംഗങ്ങളുടെ നേതൃത്വത്തിൽ ഇന്നോളം 33 വർഷക്കാലം ഇടവക എന്ന നിലയിലും 85 വർഷക്കാലം ആശ്രമം എന്ന നിലയിലും നടത്തിവന്നിരുന്ന അജപാലന ശുശ്രൂഷകൾ മിക്കവയും കൊട്ടിയടക്കാനുള്ള നിർദ്ദേശങ്ങളാണ് പ്രസ്തുത കത്തിൽ ഉള്ളത്. സത്യത്തിൽ CCEOc 415 എന്ന കാനോൻ നിയമത്തിന്റെ ലക്ഷ്യം ഇതാണോ ? ക്രിസ്തുവിന്റെ പ്രബോധനാധികാരത്തിന്റെ സത്യസന്ധമായ പങ്കുചേരലാണോ ഇത് ? രണ്ടാംവത്തിക്കാൻ കൗൺസിൽ പ്രബോധനങ്ങളുടെ ചൈതന്യമാണോ ഇത്? ഒരു ഇടവകയുടെ ഭൂപരിധിക്കുള്ളിലുള്ള ആശ്രമത്തിൽ ഇത്തരം കൊട്ടിയടയ്ക്കലുകൾ നടത്തണമെന്ന് ഏതു കാനോൻ നിയമത്തിലാണ് അനുശാസിക്കുന്നത് ? ഇത് നവസുവിശേഷവത്ക്കരണത്തിനു യോജിച്ച നടപടിയാണോ? അതുകൊണ്ട്, ഈ നടപടിയുടെ നീതിസാംഗത്യവും നിയമസാംഗത്യവും കാനോൻ നിയമപണ്ഡിതരും ദൈവശാസ്ത്രജ്ഞരും സഭാമേലദ്ധ്യക്ഷന്മാരും സഭാസമൂഹവും ഗൗരവമായി വിലയിരുത്തേണ്ടതാണ്. നീതിയുക്തമായ തിരുത്തലുകൾ യുദ്ധകാലാടിസ്ഥാനത്തിൽ ഉണ്ടാകേണ്ടിയിരിക്കുന്നു. കാരണം, വിശ്വാസികളുടെ ആത്മീയസുസ്ഥിതിയെ നിഷേധാത്മകമായി ബാധിക്കുന്നതാണ് മേൽപറഞ്ഞ കാനോൻ നിയമത്തിലൂടെ നൽകിയിരിക്കുന്ന നിർദ്ദേശങ്ങൾ.

'എറുമ്പിനെ അരിക്കുകയും ഒട്ടകത്തെ വിഴുങ്ങുകയും ചെയ്യുന്നതുപോലുള്ള' ഒരു പ്രതിഭാസമാണ് ഇവിടെ കാണാനാകുന്നത്. 2009 മുതലുള്ള തലോരിലെ ഗൗരവമായ ഇടവക ക്കൈമാറ്റ പ്രശ്നം ആർച്ച് ബിഷപ്പ് വിസ്മൃതിയിൽ തള്ളിയിരിക്കയാണ്, തീർത്തും അവഗണിച്ചിരിക്കയാണ്. തലോർ പ്രശ്നം എന്നത്, 37 വർഷം മുമ്പ് കാനോൻ നിയമപ്രകാരവും, സന്യസ്തരും ഇടവക്കാരും രൂപതാദ്ധ്യക്ഷനുമായി ഉണ്ടാക്കിയ കനോൻ നിയമകരാർ അനുസരിച്ചും സ്ഥാപിക്കപ്പെട്ട തലോർ ആശ്രമദേവാലയ ഇടവകയെ, സഭയുടേയോ രൂപതയുടേയോ



നിയമങ്ങൾ പാലിക്കാതെ ഇപ്പോഴത്തെ രൂപതാദ്ധ്യക്ഷൻ തന്റെ ഏകപക്ഷീയമായ നടപടിയിലൂടെ സന്യസ്തരിൽനിന്നു വിടുവിച്ച് രൂപതാവൈദികരെ ഏല്പിച്ചതിലൂടെ ഉണ്ടായതും ഇന്നും രൂക്ഷമായിക്കൊണ്ടിരിക്കുന്നതുമായ വിശ്വാസികളുടെ പ്രശ്നമാണ്. ഇത്തരം ഗൗരവതരമായ പ്രശ്നത്തെ അട്ടിമറിച്ചുകൊണ്ട്, തലോരിലെ പ്രശ്നം തലോരിലെ ഇപ്പോഴത്തെ ഇടവകയും ആശ്രമവും തമ്മിലുള്ള പ്രശ്നമാക്കി മാറ്റിയിരിക്കയാണ് രൂപതാദ്ധ്യക്ഷൻ!

ഇതൊരു വൻ അട്ടിമറിയല്ലേ ? കാരണം, അടിസ്ഥാനപ്രശ്നം കണക്കിലെടുക്കാതെ കാലികമായൊരു പ്രശ്നം സൃഷ്ടിച്ച് അടിസ്ഥാനപ്രശ്നത്തെ മൂടിവച്ചിരിക്കുന്നു! രൂപതാദ്ധ്യക്ഷന്റെ കത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു : 'Final resolution of the conflict related to the Infant Jesus Church, Thalore and Infant Jesus Monastery, Thalore''. CCEOc 415 കൊണ്ട് തലോരിലെ ഇടവക ക്കൈമാറ്റപ്രശ്നം എങ്ങനെ പരിഹരിക്കാനാകും? ഇതിലൂടെ തലോർ ഇടവക ക്കൈമാറ്റ പ്രശ്നം കൂടുതൽ രൂക്ഷമാകും എന്നതാണ് സത്യം. 5 വർഷമായിട്ടും ഇടവകപ്പള്ളി പണിയാനുള്ള രൂപതാദ്ധ്യക്ഷന്റെ നീക്കങ്ങൾ അമ്പേ പരാജയപ്പെട്ടിരിക്കുന്ന സാഹചര്യത്തിൽ, രൂപതാദ്ധ്യക്ഷൻ നിർദ്ദേശിച്ചിരിക്കുന്ന വെട്ടിച്ചുരുക്കലുകൾ വിശ്വാസികളുടെ ആത്മീയസുസ്ഥിതിയെ തകർക്കാതിരിക്കുമോ? കാരണം, സത്യത്തിനും നീതിക്കും നിരക്കാത്ത 2009-ലെ ഇടവകനടപടി വിശ്വാസികൾക്കോ, ആഗോളസഭയ്ക്കോ, സീറോ-മലബാർ സഭയ്ക്കോ, ദൈവത്തിനോ അംഗീക

രിക്കാനാകുമോ ?.

4 വർഷം പഴക്കമുള്ള തലോർ ഇടവകയ്ക്കെമാറ്റ പ്രശ്നത്തെ അതിന്റെ ആരംഭം മുതൽ തൊട്ടറിയുന്ന, അതുമായി ബന്ധപ്പെട്ട വിശ്വാസികളുടെ വേദനകളിൽ പങ്കുചേർന്ന മുൻ വികാരി എന്ന നിലയിൽ ദൈവസന്നിധിയിലും സഭയ്ക്കു മുമ്പാകെയും ഈ സത്യം എനിക്ക് വെളിപ്പെടുത്താതിരിക്കാനാകില്ല. തലോർ ഇടവക പ്രശ്നത്തെക്കുറിച്ച് ഞാൻ മുമ്പ് എഴുതിയ ലേഖനങ്ങളിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ ഇവിടെ ആവർത്തിക്കുകയാണ്. എന്റെ പ്രസ്താവനകളിൽ സത്യത്തിനോ നീതിക്കോ സഭാനിയമങ്ങൾക്കോ ദൈവസ്നേഹത്തിനോ മനുഷ്യസ്നേഹത്തിനോ ദൈവവിശ്വാസത്തിനോ എതിരായി എന്തെങ്കിലും ഉണ്ടെങ്കിൽ ബന്ധപ്പെട്ട മേലധികാരികൾ എന്നെ യഥായോഗ്യം തിരുത്തണം. തലോർ പ്രശ്നത്തെക്കുറിച്ചു ഞാൻ പറയുന്ന കാര്യങ്ങൾ നിഷേധിക്കാനാകില്ലായെങ്കിൽ സത്യം അംഗീകരിച്ച് 2009-ലെ നടപടി നീതിയായി തിരുത്തണം. സന്യസ്തർക്കും വിശ്വാസികൾക്കും സഭയിൽ നൽകപ്പെട്ടിരിക്കുന്ന അവകാശങ്ങൾ തിരിച്ചുകൊടുക്കണം. ഒരു വസ്തു അതിന്റെ ഉടമസ്ഥന് അവകാശപ്പെട്ടതാണെന്ന ക്രിസ്തീയ സാന്മാർഗ്ഗികനിയമം യാതൊരു കാരണത്താലും നിഷേധിക്കപ്പെടരുത്. ഇക്കാര്യത്തിൽ ഫ്രാൻസീസ് പാപ്പാ പ്രസ്താവിച്ചപോലെ, സ്നാപകന്റെ പ്രവാചകദൗത്യമാണ് എനിക്കു മാതൃക. സഭയ്ക്കു മുഴുവനും ഈ മാതൃക സന്തോഷത്തോടും പ്രത്യാശയോടുംകൂടെ സ്വീകരിക്കാനാകട്ടെ!

ഫോൺ : 9497179433

കേരള ബിഷപ്പുമാർക്ക് മാർപ്പാപ്പായുടെ താക്കീത്

സിജി സുനിൽകുമാർ

തൃശൂർ: ക്രൈസ്തവമൂല്യങ്ങളിൽനിന്നു വ്യതിചലിച്ച് സഭയ്ക്കു നിരക്കാത്ത ജീവിതശൈലി പിന്തുടരുന്നവരും സ്വഭാവദൂഷ്യമുള്ളവരുമായി ചങ്ങാത്തവുമുള്ള ബിഷപ്പുമാരെ മാർപ്പാപ്പാ റോമിലേക്കു വിളിച്ചുവരുത്തി താക്കീതു ചെയ്തു.

ഇത്തരത്തിൽ ഇന്ത്യയിൽനിന്നും വിളിച്ചുവരുത്തിയ നാലുപേരിൽ രണ്ടുപേർ കേരളത്തിൽനിന്നുള്ളവർ. ഒരാൾ മധ്യകേരളത്തിൽനിന്നും ഒരാൾ തെക്കൻ തിരുവിതാംകൂറിൽനിന്നുമുള്ള ബിഷപ്പുമാരാണ്. ആഡംബരജീവിതത്തിന്റെ പേരിൽ മാസങ്ങൾക്കിടെ ജർമ്മനിയിലെ ഒരു ബിഷപ്പിനെ ഫ്രാൻസീസ് മാർപ്പാപ്പാ സ്ഥാനഭ്രഷ്ടനാക്കിയിരുന്നു. സഭയുടെ സ്വത്തും സമ്പത്തും സ്വകാര്യാവശ്യങ്ങൾക്കും സ്വന്തക്കാർക്കുമായി പങ്കുവയ്ക്കൽ, അനധികൃത ധന ഇടപാടുകൾ ഇവയെല്ലാം വത്തിക്കാൻ രഹസ്യാന്വേഷണ വിഭാഗവും ഇന്ത്യയിലെ വത്തിക്കാൻ എംബസിയും സൂക്ഷ്മനിരീക്ഷണത്തിനു വിധേയമാക്കി വരികയായിരുന്നു.

ജോൺ പോൾ മാർപ്പാപ്പായുടെ കാലത്ത് ഇന്ത്യയിലെ വത്തിക്കാൻ എംബസിവഴി വിശ്വാസികളും വൈദികരും അടങ്ങുന്ന സഭാംഗങ്ങൾ സ്വഭാവദൂഷ്യമുള്ള ബിഷപ്പുമാർക്കെതിരെ പരാതി നൽകിയിരുന്നുവെങ്കിലും അത് അവഗണിക്കപ്പെടുകയായിരുന്നു. എന്നാൽ ഫ്രാൻസീസ് മാർപ്പാപ്പാ ചുമതലയേറ്റശേഷം അദ്ദേഹത്തിന്റെ സമീപനം വ്യത്യസ്തമാണെന്ന് മനസിലാക്കി പലരും നേരിട്ട് പരാതി അയയ്ക്കുകയായിരുന്നു.

ഇതേത്തുടർന്ന് വത്തിക്കാനിലെ വിദേശകാര്യവകുപ്പും രഹസ്യാന്വേഷണവിഭാഗവും പരാതികൾ പരിശോധിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ മാർപ്പാപ്പായ്ക്ക് നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഈ ബിഷപ്പുമാരെ വത്തിക്കാനിലേക്ക് വിളിച്ചുവരുത്തിയത്. ഏതാനും വർഷം മുമ്പ് കൊച്ചി ബിഷപ് ജോൺ തട്ടുങ്കലിനെ ഒരു സ്ത്രീയുമായി ബന്ധപ്പെട്ട് സഭയ്ക്കു നിരക്കാത്ത ജീവിതരീതിയിൽ ഇടപെട്ടുവെന്നതിന്റെ പേരിൽ ബിഷപ്പ് സ്ഥാനത്തുനിന്നും ഒഴിവാക്കിയിരുന്നു.

ഇത്തരത്തിൽ വീണ്ടും കാര്യങ്ങൾ നീങ്ങാതിരിക്കാൻ വത്തിക്കാൻ നേരിട്ട് ഇന്ത്യയിലെ സഭാ മേലദ്ധ്യക്ഷന്മാർക്ക് മുന്നറിയിപ്പു നൽകിയിട്ടുണ്ട്. ശൈലി പിന്തുടരുന്നവരെ സ്ഥാനത്തുനിന്നും നീക്കം ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ കൈക്കൊള്ളുമെന്ന മുന്നറിയിപ്പാണ് ജർമ്മനിയിലെ ബിഷപ്പിനെ നീക്കം ചെയ്തുകൊണ്ട് നൽകിയിട്ടുള്ളത്.

(കേരള കൗമുദി-2013 നവംബർ 6).



ആ രണ്ടുപേർ ഇവരിലാര്?

കണ്ണിൽച്ചോരയില്ലാത്ത പാപ്പാ

അലക്സ് കണിയാംപറമ്പിൽ

ഫ്രാൻസീസ് പാപ്പാ ബാൽക്കണിയിൽ വന്നപ്പോൾത്തന്നെ ഒരു ശകുനപ്പിഴ തോന്നിയതാ. ഇങ്ങേർക്ക് ഇത് എന്തിന്റെ കേടാ എന്ന് അന്നേ നമ്മുടെ പിതാക്കന്മാർ ചിന്തിച്ചു. പിതാക്കന്മാർ മാത്രമല്ല, വൈദികർപോലും ചിന്തിച്ചുപോയി. സാരമില്ല, കുരയ്ക്കുന്ന പട്ടി കടിക്കില്ല എന്നു കരുതി പോട്ടെന്നു വച്ചു. പണ്ടൊരാൾ മുപ്പത്തിമൂന്നു ദിവസം തികച്ചില്ല. ആ പ്രശ്നം എന്തു പാടുപെട്ടാണ് ഒതുക്കിയതെന്നോ... പുതിയ പാപ്പായ്ക്കും അതറിയാം; അതുകൊണ്ട് കൂടുതൽ വിലസുകയില്ല എന്നാണു ഓർത്തത്. പക്ഷേ, ഇപ്പോൾ കണക്കുകൂട്ടലുകളൊക്കെ തെറ്റുന്നതുപോലെ... ഇതേതാണ്ട് രണ്ടും കല്പിച്ചു തുടങ്ങിയിരിക്കുന്നതുപോലെയാണല്ലോ, കർത്താവേ..

നിരീശ്വരവാദി സ്വർഗത്തിൽ പോകുമെന്നു പറയുക എന്നൊക്കെ വച്ചാൽ, പിന്നെയെന്തിനാണീ പള്ളീം പട്ടക്കാരനും മേൽപട്ടക്കാരനുമൊക്കെ? തിരുമേനിമാർ പോയി തൊഴിലില്ലായ്മാവേതനം വാങ്ങാൻ ക്യൂ നിൽക്കണോ? തമാശതന്നെ!

തിരുമേനിമാരെ തൊടാൻ ഭൂമിമലയാളത്തിൽ ഒരു പോലീസ്കാരനും ഇതുവരെ ധൈര്യം വന്നിട്ടില്ല. പണ്ട് പോളണ്ടിൽ ഒരു സ്റ്റെഫാൻ വിഷിൻസ്ക്കി എന്നൊരു കർദിനാളിനെ അറസ്റ്റ് ചെയ്യുകയും ഏതാണ്ട് മൂന്നു വർഷത്തോളം വീട്ടുതടങ്കലിൽ പാർപ്പിക്കുകയും ചെയ്തു. അതങ്ങു പോളണ്ടിൽ. 'പോളണ്ടിനെപറ്റി ഒരക്ഷരം മിണ്ടിപ്പോയാൽ' എന്തു സംഭവിക്കുമെന്ന് കേരളക്കരയിൽ ജനിച്ച കുഞ്ഞാടുകൾക്കൊക്കെ ശരിക്കറിയാം. പണ്ടൊരു വിവരദോഷി തിരുമേനിയുടെ ഡ്രൈവറെക്കൊണ്ട് 'ഊതിച്ചു.' അവൻ വിവരമറിഞ്ഞു. പക്ഷേ, ഇത് ഏതാണ്ട് ചങ്ങലയ്ക്കു ഭ്രാന്തു പിടിച്ചപോലെയാണല്ലോ, ദൈവമേ...

ഈ സഭയും അധികാരവും ഒക്കെ നിലനിർത്തണമെങ്കിൽ എന്തെല്ലാം കളികൾ കളിക്കണം... സേവനം എന്ന പേരിൽ എന്തൊക്കെ അഭ്യാസം നടത്തിയാലാണ് പത്തു പുത്തൻ ഒപ്പിക്കുന്നത്. അല്ലാതെ സേവനം സേവനം എന്നൊക്കെ പറഞ്ഞാൽ സഭയ്ക്ക് പഴയ നമ്പൂതിരി ഇല്ലങ്ങളുടെ ഗതിയാകും. അതു വല്ലതും ഈ പാപ്പായ്ക്ക് അറിയുമോ? എത്ര നാണംകെട്ടു നടന്നാണ് കോടികൾ പിരിക്കുന്നത്! കുഞ്ഞാടുകൾ പഴയപോലെയൊന്നുമല്ല. പിരിവിനു ചെല്ലുന്നവരെ പിച്ചക്കാരനെപോലെയാണ് കൈകാര്യം ചെയ്യുന്നത്. സത്യത്തിൽ നാണംകെട്ട് പലപ്പോഴും തൊലി ഉരിഞ്ഞു പോകാറുണ്ട്. പിന്നെ ചില 'ഇമെയിൽ കൃമി'കളുടെ എഴുത്തും.

ചില കുരുത്തംകെട്ട മുൻവൈദികരെയും പേടിക്കണം. അവരിൽ ചിലർ പെണ്ണും പെടക്കോഴിയുമായി, തിരുമേനിമാർ എന്ന വർഗ്ഗത്തോട് തീർത്താൽ തീരാത്ത വൈരാഗ്യവുമായി നടക്കുന്നു. വേറെ ചിലർ, മൂക്കത്ത് ശുണ്ഠിയുള്ള തിരുമേനിമാർ കുർബാന മുടക്കിയതുമൂലം സഹോദരന്മാരുടെയും അവരുടെ ഭാര്യമാരുടെയും പിള്ളേരുടെയും ആട്ടും ചീറ്റും കേട്ട് ഗതികെട്ടു കഴിയുന്നു. അവർക്കൊക്കെ തിരുമേനിമാരോട് തീർത്താൽ തീരാത്ത പകയാ. തരംകിട്ടിയാൽ അവർ വച്ചുകാച്ചും. They will hit below the belt! പണ്ടാരങ്ങൾക്ക് അരമനരഹസ്യങ്ങൾ മൊത്തം അറിയാം. തന്നെയുമല്ല, ഉള്ളറരഹസ്യങ്ങൾ അറിയാൻ ഇപ്പോഴും മാർഗങ്ങളുമുണ്ട്. സെമിനാരിയിൽനിന്ന് മുടിഞ്ഞ ഇംഗ്ലീഷും പഠിപ്പിച്ചുകൊടുത്തുപോയി. അതു വല്ലതും തിരിച്ചെടുക്കാൻ പറ്റ്വോ?

അവറ്റകൾ ഇവിടെ നടക്കുന്നതു വല്ലതും റോമിലോട്ടു എഴുതി അറിയിച്ചാൽ എന്തായിരിക്കും നമ്മുടെ അഭിവന്ദ്യരായ തിരുമേനിമാരുടെ ഭാവി! കേരളത്തിലൂടെ കാലു നിലത്തുതൊടാത നടക്കുന്ന നമ്മുടെ തിരുമേനിമാർ വത്തിക്കാന്റെ വാതിക്കലെത്തിയാൽ മുട്ടുവിറയ്ക്കുന്ന വെറും മൂന്നാംലോകമാണ്. 'ത്രെസേ മോന്തോ' (Third world) എന്ന് അവിടെയുള്ള കപ്യാർപോലും കേൾക്കെ വിളിക്കും! കേരളത്തിലായിരുന്നെങ്കിൽ അവന്റെയൊക്കെ മോന്തേടെ ഷേപ്പ് മാറ്റിക്കൊടുത്തേനെ. ഇറ്റലിയിലെ സ്ത്രീകൾ കൊണ്ടുനടക്കുന്ന പട്ടികൾക്ക് മൂന്നാംലോകത്തുനിന്നു ചെല്ലുന്ന മെത്രാനെക്കാൾ വില വത്തിക്കാനിലുണ്ട്. അവിടെയെങ്ങാനും വരുത്തി ഇപ്പോൾ ആ ജർമ്മൻകാരൻ മെത്രാനോട് ചോദിച്ചതുപോലെ എണ്ണിയെണ്ണി ചോദിച്ചാൽ എന്തു സമാധാനം പറയും? കൂടുതലൊന്നും ചോദിക്കേണ്ട, കഴിഞ്ഞ അഞ്ചു വർഷത്തെ വിദേശപര്യടനത്തിന്റെ കാര്യങ്ങൾ ചോദിച്ചാൽ മതി. കാണുന്നതു പോലെയൊന്നുമല്ല, രണ്ടും കല്പിച്ചു നടക്കുകയല്ലേ ഈ കണ്ണിൽച്ചോരയില്ലാത്ത പരിശുദ്ധപിതാവ്. 'താൻ എന്തു കടിച്ചു തിന്നാനാടോ ഇത്രയും പ്രാവശ്യം അമേരിക്കയിലും യൂറോപ്പിലും ഒക്കെ പോയത്? തന്റെ രൂപത താൻ ശരിക്കും കണ്ടിട്ടുണ്ടോ?' എന്നൊക്കെ ചോദിച്ചാൽ, കർത്താവേ, കാര്യങ്ങൾ ഒരു സസ്പെൻഷനിൽപ്പോലും ഒതുങ്ങുന്ന ലക്ഷണമില്ല..

ഇക്കണക്കിനു പോയാൽ കേരളത്തിലെ ഇക്കാണുന്ന അരമനകൾ ഒക്കെ കാലിയാകാൻ ഇനിയെത്രനാൾ വേണ്ടിവരും? അന്തിക്രിസ്തു എന്നൊക്കെ ജനത്തെ പറ്റിക്കാനായി തിരുമേനിമാർ പറയാറുണ്ടായിരുന്നു. ഇതിപ്പോ അതെല്ലാം തിരിഞ്ഞുപായുന്ന പോലെയുണ്ടല്ലോ. എന്താ അതിന്റെ പേര്, ഓ, ഓർമ്മ വരുന്നില്ലല്ലോ... അതെങ്ങനെയാ. ഭയങ്കര ടെൻഷനാണെന്നേ... ഓസ്ട്രേലിയായിലെ കാര്യമല്ലേ.... ഓ.....ഓർമ്മ വന്നു..... ബൂമറാംഗ്.

കർത്താവിനു സ്തോത്രം...ശുഭം!



'കേരളാ കോൺഗ്രസിനെ ചൊറിയിച്ചറിക്കുകതന്നെ വേണം' - ഇപ്പൻ

തന്റെ 'ചൊറിയിച്ചറിയിക്കണം' എന്ന ലേഖനം പി.സി. ജോർജിനു ചൊറിച്ചിലുണ്ടാക്കിയതുകൊണ്ടാണ്, ജോർജ് തന്റെ കെട്ടിടത്തിന്റെ മൂട് മാന്തിയതെന്ന് ഇപ്പൻ വികാരവിക്ഷുബ്ധനായി തുറന്നടിച്ചു. എങ്കിലും, അദ്ദേഹത്തിനെതിരെ നിറയൊഴിച്ചുകൊണ്ടേയിരിക്കുക തന്റെ ജോലിയല്ലെന്നും, മാണിസാർ 'ചർച്ച് ആക്ട്' പ്രകടനപത്രികയിലുൾപ്പെടുത്തുകയും, ജോർജ് പൂഞ്ഞാറിൽ കേരളാകോൺഗ്രസിന്റെ സ്ഥാനാർത്ഥിയാകുകയും ചെയ്താൽ, ജോർജിനെ പിന്തുണയ്ക്കാൻ താനും തന്റെ കുടുംബവും ഉണ്ടാകുമെന്നും അദ്ദേഹം പറഞ്ഞു. ചർച്ച് ആക്ട് നടപ്പാക്കാനുള്ള ചരിത്രപരമായ ബാധ്യത കേരളാ കോൺഗ്രസിനുതന്നെയാണെന്ന് അദ്ദേഹം ഊന്നിപ്പറഞ്ഞു. മൂന്നുവർഷം കഴിഞ്ഞുള്ള ഇലക്ഷനുമുമ്പായി കേരളത്തിലെ ക്രിസ്ത്യാനികളെ 'പാപ്പാകക്ഷി'യെന്നും 'മെത്രാൻ കക്ഷി'യെന്നും തിരിക്കാനും, ചർച്ച് ആക്ടിനെ ദത്തെടുക്കുന്നില്ലെങ്കിൽ സ്വതന്ത്രസ്ഥാനാർത്ഥികളെ നിർത്തി കേരളാ കോൺഗ്രസിന്റെ വോട്ടുബാങ്ക് തകർക്കാനും ഇപ്പോഴേ പോസ്റ്ററിംഗ് ഉൾപ്പെടെയുള്ള പ്രചാരണപരിപാടികൾ തുടങ്ങണമെന്നും അദ്ദേഹം പറഞ്ഞു.

2013 ഒക്ടോബർ 26-ാം തീയതി, പാലാ ടോംസ് ചേമ്പർ ഹാളിൽ, കെ.സി.ആർ.എം-ന്റെ പ്രതിമാസ ചർച്ചാപരിപാടിയുടെ ഭാഗമായി 'ചർച്ച് ആക്ട് ശവപ്പെട്ടിയിൽനിന്നും ബാലറ്റുപെട്ടിയിലേക്ക്' എന്ന വിഷയം അവതരിപ്പിച്ചു സംസാരിക്കുകയായിരുന്നു, അദ്ദേഹം. കെ.സി.ആർ.എം. സംസ്ഥാന പ്രസിഡന്റ് ശ്രീ. കെ. ജോർജ് ജോസഫ് ചർച്ച മോഡറേറ്റ് ചെയ്തു.

അടുത്ത ഇലക്ഷനിൽ ഇടതു-വലതു മുന്നണികൾ ചർച്ച് ആക്ടിന് അനുകൂലമല്ലാത്ത നിലപാടു സ്വീകരിക്കുകയും ബി.ജെ.പി. അനുകൂലനിലപാടു സ്വീകരിക്കുകയും ചെയ്താൽ, സംഘടന ബി.ജെ.പി-യെ പിന്തുണയ്ക്കണമെന്ന് 'ജോയിന്റ് ക്രിസ്ത്യൻ കൗൺസിൽ' ആക്ടിംഗ് പ്രസിഡന്റ് ശ്രീ ജോസഫ് വെളിവിൽ അഭിപ്രായപ്പെട്ടു. ലാറ്റിൻ കാത്തലിക് അസ്സോസിയേഷൻ, സംസ്ഥാന ജന. സെക്രട്ടറി ഇ.ആർ. ജോസഫും ഈ നിലപാടിനോടു യോജിച്ചു. എന്നാൽ, മോഡറേറ്ററായ കെ.സി.ആർ.എം. സംസ്ഥാന പ്രസിഡന്റ് ശ്രീ. കെ. ജോർജ് ജോസഫും, കെ.സി.ആർ.എം ഇടുക്കി ജില്ലാക്കമ്മറ്റി പ്രസിഡന്റ് ശ്രീ റെജി ഞള്ളാനിയും ഇപ്പന്റെ നിലപാടിനോടാണ് ആഭിമുഖ്യം പ്രകടിപ്പിച്ചത്. ഇടതു-വലതു മുന്നണികൾ ചർച്ച് ആക്ടിനനുകൂലമായ നിലപാടു സ്വീകരിക്കുന്നില്ലെങ്കിൽ, മുമ്പ് പി.സി. തോമസ് ചെയ്തതുപോലെ സംഘടന സ്വതന്ത്രസ്ഥാനാർത്ഥിയെ നിർത്തി മത്സരിക്കുകയും ബി.ജെ.പി-യുടെ വോട്ടുകൾ അഭ്യർത്ഥിക്കുകയും ചെയ്യുകയാണു വേണ്ടത് എന്ന് അവർ അഭിപ്രായപ്പെട്ടു.

സംഘടന ഹിന്ദുത്വ അജണ്ട പുലർത്തുന്ന ബി.ജെ.പി-യുമായി ബന്ധപ്പെടുന്നതിനെ പ്രൊഫ. സെബാസ്റ്റ്യൻ വട്ടമറ്റം അതിനിശിതമായി വിമർശിച്ചു. എന്നാൽ വർഗ്ഗീയച്ചെളിയിൽ ചവിട്ടാത്ത ഒരു പാർട്ടിയും ഇല്ലെന്നിരിക്കെ, ബി.ജെ.പിക്കാരുടെ വോട്ടിന് എന്തിന് അയിത്തം കല്പിക്കണം എന്നതായിരുന്നു സദസ്സിലെ ഭൂരിപക്ഷത്തിന്റെയും മനോഭാവം.

ഉദയംപേരൂർ സൂനഹദോസ് മുതലേ തുടരുന്ന ദേശക്കൂറുപാരമ്പര്യം പുലിക്കുന്നേലാശാനിലൂടെ കെ.സി.ആർ.എം-ന്റെ പ്രവർത്തകരിൽ ജ്വലിക്കുന്ന കാഴ്ച തന്നെപ്പോലുള്ളവരെ ആഹ്ലാദനിർഭരരാക്കുന്നുണ്ടെന്ന് മുഖ്യാതിഥിയായിരുന്ന ബി.ജെ.പി. സംസ്ഥാന സെക്രട്ടറി അഡ്വ. നാരായണൻ നമ്പൂതിരി പറഞ്ഞു. കേരളത്തിലെ സുറിയാനി ക്രിസ്ത്യാനികൾ അറപ്പോടെ മാത്രം വീക്ഷിക്കുന്ന അറയ്ക്കൽ മെത്രാൻ നരേന്ദ്രമോഡിയുമായി കൈകോർക്കാനോങ്ങുന്നു എന്ന പൊതുജനസംസാരം സാധാരണ ക്രിസ്ത്യാനികളെ ആശങ്കാകുലരാക്കുന്നുണ്ടെന്ന് ജോർജ് മൂലേച്ചാലിൽ അഡ്വ. നാരായണൻ നമ്പൂതിരിയെ ധരിപ്പിച്ചു. ചർച്ച് ആക്ടും അറയ്ക്കൽ മെത്രാന്റെ അനഭിമതത്വവും ബി.ജെ.പി. സംസ്ഥാനനേതൃത്വത്തിന്റെയും ദേശീയനേതൃത്വത്തിന്റെയും അടിയന്തിരശ്രദ്ധയിൽപ്പെടുത്താമെന്ന് അദ്ദേഹം വാക്കുതന്നു.

ശ്രീ. കെജ്റിവാളിന്റെ നേതൃത്വത്തിൽ രൂപം കൊണ്ടിട്ടുള്ള 'ആം ആദ്മി പാർട്ടി'യുടെ പ്രതിനിധിയായി സംസാരിച്ച ശ്രീ. പ്രകാശൻ, 'ചർച്ച് ആക്ടി'നെക്കുറിച്ച് ഇന്ദുലേഖയുടെ പരസ്യങ്ങൾ വായിച്ചുള്ള അറിവാണു തനിക്കുള്ളതെന്നും, ഇവിടുത്തെ ചർച്ചകളിൽനിന്നാണ് അതൊരു രാഷ്ട്രീയ വിഷയമാക്കേണ്ടതിന്റെ ആവശ്യകത ബോധ്യമായതെന്നും പറഞ്ഞു. കൂടാതെ, പാർട്ടിയുടെ മേൽഘടകങ്ങളിൽ ഇക്കാര്യം അവതരിപ്പിക്കുമെന്ന് അദ്ദേഹം വാക്കുതരികയും ചെയ്തു.

തുടർന്നു നടന്ന പൊതുചർച്ച വളരെ സജീവമായിരുന്നു. കെ.സി.ആർ.എം. സെക്രട്ടറി കെ.കെ. ജോസ് കണ്ടത്തിൽ സ്വാഗതവും ജോയിന്റ് സെക്രട്ടറി ശ്രീ ജോസാന്റണി നന്ദിയും പറഞ്ഞു.

Regd. No: M2-14438/12
RNI Regd. No: KERMAL/2013-52182

Sathyajwala
Price Rs. 15.00

November 2013

'സത്യജ്വാല' വിതരണംചെയ്യുന്ന പുസ്തകങ്ങൾ

പുസ്തകം	ഗ്രന്ഥകാരൻ	വില/ രൂപാ	വില്പന വില
ഒരു വൈദികന്റെ ഹൃദയമിതാ	ഫാ. കെ. പി. ഷിബു	100	80
ഏകം സത്	ഇമ്മാനുവൽ സത്യാനന്ദ്	320	250
സഭാനവീകരണത്തിലേക്ക് ഒരു വഴി	;ചാക്കോ കളരിക്കൽ		
മതാധിപത്യം കത്തോലിക്കാസഭയിൽ	ചാക്കോ കളരിക്കൽ	80	60
ലൈംഗികതയും പൗരോഹിത്യവും	ചാക്കോ കളരിക്കൽ	80	60
ഇടയൻ (നോവൽ)	ചാക്കോ കളരിക്കൽ	110	90
നഷ്ടപ്പെട്ട സുവിശേഷങ്ങൾ (പരിഭാഷ: എൻ. മസ്സാക്കുട്ടി)	എഡി: ഒ. വി. ഗോപാൽ	170	170
അപ്രിയയാഗങ്ങൾ (138 ഗാനങ്ങളുടെ 2 സി. ഡി. സഹിതം)	സാമുവൽ കൂടൽ	150	130
പുതിയലോകം പുതിയവഴി	ഡി. പങ്കജാക്ഷൻ	70	60
ആസ്തിക്യവാദം	എം. പി. പോൾ	60	50
ശാസ്ത്രയുഗത്തിലെ വേദാന്തപഠനം	വയലാർ മൈക്കിൾ	80	60
നസ്രായനും നാറാണത്തുഭ്രാന്തനും	ഇപ്പൻ	20	20
അവബോധത്തിലേക്ക് (ഭാഗം I: ചിന്താപഥം)	സക്കറിയാസ് നെടുങ്കനാൽ	100	80
അവബോധത്തിലേക്ക് (ഭാഗം II: ഭാവ്യതാപഥം	സക്കറിയാസ് നെടുങ്കനാൽ	100	80
മോചനകാഹളം (കവിത)	റവ. ഡോ. ജയിംസ് ഗുരുദാസ് CMI	90	70
ആദ്ധ്യാത്മികത ഉണർത്തുന്ന ചോദ്യങ്ങൾ	ജോർജ് മൂലേച്ചാലിൽ	50	40
നവോത്ഥാനം നവനാഗരികതയിൽ	ജോർജ് മൂലേച്ചാലിൽ	90	70
യേശുവും സഭയും	ജോർജ് മൂലേച്ചാലിൽ	80	60
ഓശാനയിൽനിന്നുള്ള ഗ്രന്ഥങ്ങൾ:			
വർത്തമാനപുസ്തകം (ആധുനികഭാഷാന്തരം – പ്രൊഫ. മാത്യു ഉലകംതറ)	പാറേമ്മാക്കൽ ഗോവർണ്ണദോർ	125	110
മാനിക്കേയൻ കുരിശുവിവാദം –	വിവിധ ലേഖകർ	50	40
ഉദയംപേരൂർ സൂനഹദോസ്– ഒരു ചരിത്രവിചാരണ	വിവിധ ലേഖകർ	50	40
കേരളക്രൈസ്തവചരിത്രം – വിയോജനക്കുറിപ്പുകൾ	ജോസഫ് പുലിക്കുന്നേൽ	70	60
കാനോൻ നിയമത്തിലെ കാണാച്ചരടുകൾ	ജോസഫ് പുലിക്കുന്നേൽ	80	60
Identity of Nazrani Church of Kerala	ജോസഫ് പുലിക്കുന്നേൽ	75	60
ആരാധനക്രമ വിവാദം: ഓശാനയുടെ ഇടപെടലുകൾ	ജോസഫ് പുലിക്കുന്നേൽ	125	110
പേഷ്സി– ചരിത്രപരമായ ഒരു പഠനം	ജോസഫ് പുലിക്കുന്നേൽ	50	40
The Liturgy, Hierarchy & Spirituality of St.Thomas Christians in the Pre-Portuguese period- a study	ജോസഫ് പുലിക്കുന്നേൽ	25	20

(ആവശ്യമുള്ള ഗ്രന്ഥങ്ങളുടെ ലിസ്റ്റ് അറിയിച്ചുകൊണ്ട്, തുക 'സത്യജ്വാല'യുടെ സർക്കുലേഷൻ മാനേജർക്ക് അയയ്ക്കുക. സാധാരണ തപാലിൽ, പുസ്തകം അയച്ചുതരുന്നതാണ്. പോസ്റ്റേജ് സൗജന്യം.

Printed & Published by George Moolechalil, Vallichira P.O , Kottayam -686574, owned by 'Kerala Catholic church Reformation Movement (KCRM), Tharakunnel bldg, Pala P.O., Kottaym, Kerala-686 575, and Printed at Print House, Opp. St.Thomas HSS, Pala, Pala P.O., Kottayam-686 575. Editor : George Moolechalil, Vallichira P.O.,Kottayam, Kerala-686 574.